بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 6

ലക്കം 30

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജൂലായ് 29/ഹി.ശം. 1400 വഫാ 29/1442 ദുൽഹജ്ജ 18

## അല്ലാഹുവിന്റെ വചനം

وَلَوۡ اَنَّ اَہۡلَ الۡکِتٰبِ
اٰمَنُوۡا وَاتَّقَوۡا لَکَفَّرۡنَا عَنۡہُمۡ
سَیِّاٰتِہِمۡ وَلَاَدۡخَلۡنٰہُمۡ جَنّٰتِ النَّعِیۡمِ

(سورة المائدة:66)

ഗ്രന്ഥാനുസാരികൾ വിശ്വസിക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്തിരുന്നെങ്കിൽ, തീർച്ചയായും അവരുടെ തിന്മകളെ നാം അവരിൽനിന്ന് അകറ്റിക്കളയുകയും അവരെ നാം സുഖാനുഭൂതിയുടെ ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യുമായിരുന്നു. (5:66)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നിർധനരുടെ അവകാശമാണ് സക്കാത്ത്

(1395) ഇബ്നു അബ്ബാസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി മുആദ്നെ യമനിലേക്ക് അയച്ചു. അദ്ദേഹത്തോടു പറഞ്ഞു:ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിലേക്ക് ക്ഷണിക്കുക. അതവർ അനുസരിച്ചു കഴിഞ്ഞാൽ എല്ലാ ദിവസവും രാവും പകലുമായി അഞ്ചു നേരത്തെ നമസ്കാരം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അവരെ അറിയിക്കുക. അതും അവർ അനുസരിച്ചാൽ അല്ലാഹു നിങ്ങളുടെ ധനത്തിൽ സക്കാത്തു നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരെ അറിയിക്കുക. ആ സക്കാത്ത് അവരുടെ ധനികന്മാരിൽനിന്ന് പിരിച്ചെടുത്ത് അവരിൽത്തന്നെയുള്ള അഗതികളിലേക്ക് തിരിച്ചുവിടുകയാണ് ചെയ്യേണ്ടത്.

### സ്വർഗത്തിലേക്ക് കൊണ്ടുപോകുന്ന പ്രവൃത്തി:

(1396) ഹദ്റത്ത് അബു അയ്യൂബ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഒരിക്കൽ ഒരാൾ നബി(സ) തിരുമേനിയുടെ അടുത്തു വന്നുപറഞ്ഞു: സ്വർഗത്തിൽ പ്രവേശിക്കുവാൻ എന്നെ സഹായിക്കുന്ന ഒരു പുണ്യകർമം അങ്ങ് ചൂണ്ടിക്കാട്ടിയാലും. ഇതു കേട്ടപ്പോൾ അയാൾക്കെന്തുപറ്റി? അയാൾക്കെന്തുപറ്റി? എന്ന് ജനങ്ങൾ ചോദിക്കൻ തുടങ്ങി. നബി(സ) തിരുമേനി പറഞ്ഞു: അവനെന്തോ ഒരു ആവശ്യമുണ്ട്. നബി(സ)തിരുമേനി ഉപദേശിച്ചു; നീ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ ഒന്നിനേയും പങ്കു ചേർക്കരുത്. നീ നമസ്കാരം നിലനിറുത്തുക. സക്കാത്തുകൊടുക്കുക. കുടുംബബന്ധം പുലർത്തുക. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സക്കാത്ത് 2008 ഖാദിയാൻ പ്രസിദ്ധീകരണം)*

✻✻✻✻

**ഈ ലക്കത്തിൽ**

ഖുത്വ്ബ 2021 ജൂൺ 25 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട്

## ആദം മുതൽ മർയമിന്റെ പുത്രൻ മസീഹുവരെയുള്ള നബിമാർക്കു നല്കപ്പെട്ട നുബുവ്വത്തിന്റെ ശ്രേഷ്ഠതകളെല്ലാം ചിലർക്കു ചിലത്, ചിലർക്കു ചിലത്. അതെല്ലാം നബി(സ)തിരുമേനിയുടെമേൽ സമ്മേളിക്കപ്പെട്ടിരിക്കുന്നു. ആ രീതിയിൽ അവിടന്ന് സ്വാഭാവികമായും ഖാത്തമുന്നബിയ്യീനായി.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**നബി(സ)തിരുമേനിയുടെ ഖാത്തമുന്നബിയ്യീൻ എന്ന സ്ഥാനം:**

ഖാത്തമുന്നബിയ്യീനും ഖാത്തമുൽആരിഫീനും ഖാത്തമുന്നബിയ്യീനുമായ നബിയെ അല്ലാഹു നമുക്കു തന്നു. ഇതുപോലെത്തന്നെ ആ മഹാത്മാവിനുമേൽ ജാമിയുൽകുതുബും ഖാത്തമുൽ കുതുബും ഇറക്കി. റസൂലുല്ലാഹി(സ)ഖാത്തമുന്നബിയ്യീനാണ്. ആ ദിവ്യാത്മാനുമേൽ നുബുവ്വത്ത് അഥവാ പ്രവാചകത്വം പര്യവസാനിച്ചു. ഈ നുബുവ്വത്ത് ആരെങ്കിലും കഴുത്തു ഞെരിച്ച് അവസാനിപ്പിക്കുന്നതുപോലെ അവസാനിച്ചിട്ടില്ല. അത്തരം അവസാനം അഭിമാനാർഹവുമല്ല. പ്രത്യുത നബി(സ)തിരുമേനിയുടെമേൽ നുബുവ്വത്ത് അവസാനിച്ചു എന്നതിന്റെ അർഥം സ്വാഭാവികമായ നിലയിൽ ആ പുണ്യാത്മാവിനുമേൽ നുബുവ്വത്തിന്റെ ശ്രേഷ്ഠതകളെല്ലാം അവസാനിച്ചുവെന്നാണ്. അതായത് ആദം മുതൽ മർയമിന്റെ പുത്രൻ മസീഹുവരെയുള്ള നബിമാർക്കു നല്കപ്പെട്ട നുബുവ്വത്തിന്റെ ശ്രേഷ്ഠതകളെല്ലാം ചിലർക്കു ചിലത്, ചിലർക്കു ചിലത് അതെല്ലാം നബി(സ)തിരുമേനിയുടെമേൽ സമ്മേളിക്കപ്പെട്ടിരിക്കുന്നു. ആ രീതിയിൽ അവിടന്ന് സ്വാഭാവികമായും ഖാത്തമുന്നബിയ്യീനായി. അപ്രകാരം തന്നെ വിവിധദൈവഗ്രന്ഥങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരുന്ന ആ എല്ലാ അധ്യാപനങ്ങളും വ്യവസ്ഥകളും ഈശ്വരജ്ഞാനങ്ങളും വിശുദ്ധഖുർആനിൽവന്ന് അവസാനിക്കുകയും അത് ഖാത്തമുൽകുതുബാകുകയും ചെയ്തു.

**ഞങ്ങൾ പരിപൂർണ ഉൽക്കാഴ്ചയോടെ അല്ലാഹുവിന്റെ റസൂലിനെ ഖാത്തമുന്നബിയ്യീനെന്ന് വിശ്വസിക്കുന്നു:**

ഇവിടെ ഇതുംകൂടി ഓർമിക്കേണ്ടതാണ് എന്റേയും എന്റെ ജമാഅത്തിന്റേയുംമേൽ ഞങ്ങൾ അല്ലാഹുവിന്റെ റസൂലിനെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കുന്നില്ലെന്ന് ആക്ഷേപം ഉന്നയിക്കുന്നത് ഞങ്ങളുടെമേലുള്ള കൊടും അപരാധമാണ്. ഞങ്ങൾ ഏതൊരു ദൃഢഗാഢവിശ്വാസത്തോടും ഈശ്വരജ്ഞാനത്തോടും ഉൾക്കാഴ്ചയോടുംകൂടി നബി(സ)തിരുമേനിയെ ഖാത്തമുൽഅമ്പിയാ ആയി അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവോ അതിന്റെ ലക്ഷത്തിൽ ഒരു ഭാഗംപോലും അവർ വിശ്വസിക്കുന്നില്ല. അവയുടെ യോഗ്യതതന്നെയില്ല. ഖാത്തമുൽഅമ്പിയാ(സ)യുടെ ഖത്തമുന്നുബുവ്വത്തിലുള്ള യാഥാർഥ്യത്തേയും രഹസ്യത്തേയും അവർ മനസ്സിലാക്കുന്നതേയില്ല. അവർ കേവലം അച്ഛനപ്പൂപ്പനിൽനിന്ന് ഒരു വാക്കു കേട്ടു. അതിന്റെ യാഥാർഥ്യത്തിൽ അജ്ഞരാണ്. ഖാത്തമുന്നബിയ്യീനെന്താണെന്ന് അവർക്കറിയുകയില്ല. അതിൽ വിശ്വസിക്കുക എന്നതിന്റെ അർഥമെന്താണെന്നും അവർക്ക് അറിയുകയില്ല. എന്നാൽ, നാം പൂർണ അന്തർദൃഷ്ടിയോടെ(ഇത് നന്നായി അറിയുന്നവൻ അല്ലാഹുവാണ്) നബി(സ)തിരുമേനിയെ ഖാത്തമുൽഅമ്പിയാ ആയി ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു എന്നിൽ ഖാത്തമുന്നബിയ്യീന്റെ യാഥാർഥ്യം എവ്വിധം തുറന്നിരിക്കുന്നുവെന്നാൽ, നബി(സ)തിരുമേനി കുടിപ്പിച്ചിട്ടുള്ള ആ യഥാർഥ സർബ്ബത്തിൽനിന്ന് ഒരു പ്രത്യേക രുചി പ്രാപിക്കുന്നു. ആ ഉറവിൽനിന്ന് വയറുനിറയെ കുടിക്കാത്ത ആർക്കും അത് അളക്കാനും കഴിയുകയില്ല.

ഖത്തമുന്നുബവ്വത്തിന്റെ ഉദാഹരണം ഭൗതികമായ നിലയിൽ നമുക്ക് ഇങ്ങനെ കൊടുക്കാൻ കഴിയും. ചന്ദ്രൻ ഹിലാലുമുതലാണ് തുടങ്ങുന്നത്. 14-ാം രാവിലെത്തുമ്പോൾ അത് സമ്പൂർണമാകുന്നു. അപ്പോൾ അതിന് ബദർ എന്നു പറയുന്നു. ഇതുപോലെ നബി(സ)തിരുമേനിയിലെത്തി നുബുവ്വത്തിന്റെ ശ്രേഷ്ഠതകൾ അവസാനിച്ചു. നുബുവ്വത്ത് ബലാൽക്കാരമായി അവസാനിച്ചുവെന്നും നബി(സ)തിരുമേനിയ്ക്ക് യൂനുസ് ബിൻ മത്തായെക്കാൾ മുൻഗണന നല്കരുതെന്ന് വിശ്വസിക്കുന്നവരും ഈ യാഥാർഥ്യത്തെ മനസ്സിലാക്കിയിട്ടേയില്ല. നബി(സ)തിരുമേനിയുടെ അനുഗ്രഹങ്ങളുടേയും ശ്രേഷ്ഠതകളുടേയും ഒരു അറിവും അവർക്കില്ല. ഇങ്ങനെ ദുർബലമായ ചിന്താഗതിയും അറിവ് കുറവുമുണ്ടായിട്ടും ഞങ്ങൾ ഖാത്തമുന്നബിയ്യീനെ നിഷേധിക്കുന്നവരാണെന്ന് ഞങ്ങളോടു ഇവർ പറയുന്നു. അത്തരം രോഗികളോടു നാം എന്തു പറയാനാണ്? അവരെക്കുറിച്ച് എന്ത് പരിതപിക്കാനാണ്? അവരുടെ അവസ്ഥ ഇങ്ങനെ ആകാതിരിക്കുകയും യഥാർഥ ഇസ്‌ലാമിൽനിന്ന് പൂർണമായും അകന്നുപോയി അവർ വീഴാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഞാൻ വരേണ്ട ആവശ്യമെന്താണ്? അവരുടെ ഈമാനികാവസ്ഥകൾ അങ്ങേയറ്റം ദുർബലമായിരിക്കുന്നു. അവർ ഇസ്‌ലാമിന്റെ തത്ത്വാർഥത്തവും ആശയവും കേവലം അറിയാത്തവരാണ്. ഹഖിന്റെ അഹ്‌ലുകാരോടു ശത്രുത പുലർത്താൻ ഇതല്ലാതെ മറ്റൊരു കാരണവും ഉണ്ടാകാനിടയില്ലായിരുന്നു. ഇതിന്റെ ഫലം കാഫിറാക്കുന്നതാണ്.

*(മൽഫൂദാത്ത് വാള്യം1 പേജ് 311-313, ഖാദിയാൻ പ്രസിദ്ധീകരണം 2018)*

## തൗഹീദിന്റേയും ശിർക്കിന്റേയും കാലം ലോകത്ത് വന്നുംപോയുമിരിക്കുന്നുവെന്നും തൗഹീദിന്റെ കാലഘട്ടം ശിർക്കിന്റെ കാലഘട്ടത്തെക്കാൾ മുമ്പേയാണ് ഉണ്ടാകുന്നത്. ഈ അടിസ്ഥാനമനുസരിച്ച് തൗഹീദിനെ വെളിപാടുപരമെന്നും ശിർക്കിനെ അധഃപതനത്തിന്റെ ഒരു സ്ഥാനമെന്നും സമ്മതിക്കേണ്ടിവരുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ) സൂറ ഇബ്റാഹീം മുപ്പത്തിയാറാം വചനമായ **വ ഇദ് ഖാല ഇബ്റാഹീമു റബ്ബിജ്അൽ ഹാദൽബലദ ആമിനൻ വ്വജുനുബ്നീ വ ബനിയ്യ അൻ നഅ്ബുദൽ അസ്വ്നാം** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ഈ ദുആയിൽ നിന്ന് മനസ്സിലാകുന്നത് മക്കയുടെ പ്രദേശത്ത് ശിർക്ക്(ബിംബാരാധന)പടർന്നുപിടിക്കാൻ പോകുന്നുവെന്ന കാര്യം ഹദ്റത്ത് ഇബ്റാഹീമിന് അറിയാമായിരുന്നുവെന്നാണ്. അതുകൊണ്ടാണല്ലോ അദ്ദേഹം ഇങ്ങനെ ദുആ ചെയ്തത്. അല്ലാഹുവേ! എന്നേയും എന്റെ സന്താനങ്ങളേയും ബഹുദൈവാരാധനയിൽനിന്ന് മാറ്റിനിറുത്തേണമേ. ഇല്ലെങ്കിൽ ഏതു നേരത്താണോ ആ ദുആ ചെയ്തത് അപ്പോൾ ശിർക്കിന്റെ പേരും അടയാളവും പോലും മക്കയിൽ ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഇസ്മായീലിന്റെ വീടുമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു; അല്ലെങ്കിൽ അവർക്ക് വിധേയരായിട്ടുള്ളവർ. ഈ ദുആയിൽനിന്ന് തൗഹീദിന്റേയും ശിർക്കിന്റേയും കാലം ലോകത്ത് വന്നുംപോയുമിരിക്കുന്നുവെന്നും മനസ്സിലാകുന്നുണ്ട്. ഏകദൈവവിശ്വാസികളായ ജനതകൾ മുശ്‌രിക്കുകളായിത്തീരുന്നു. മുശ്‌രിക്കുകൾ ഏകദൈവവിശ്വാസികളായിത്തീരുന്നു. തൗഹീ

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അല്ലാഹുവാണ!ഹദ്റത്ത് ഉമർ പറഞ്ഞ വാക്കുകളെല്ലാം പാലിച്ചു. കർശനം കാണിക്കേണ്ടിടത്ത് കർശനം കാണിച്ചു. സൗമ്യമായി പെരുമാറേണ്ടിടത്ത് സൗമ്യത കാണിച്ചു. അദ്ദേഹം സമൂഹത്തിലെ കുട്ടികളുടെ പിതാവായി നിലകൊണ്ടു.**

ഹദ്റത്ത് ഉമറിന്റെ വീരശൂരതയും പ്രതാപവും നോക്കുക. ഒരു ഭാഗത്ത് ലോകത്തുള്ള വലിയവലിയ ചക്രവർത്തിമാർ അദ്ദേഹത്തെ ഭയന്നു വിറച്ചിരുന്നു. സീസർ ഖുസ്റോ തുടങ്ങിയവരുടെ ഭരണകൂടങ്ങൾ പോലും അദ്ദേഹത്തിന്റെ പേരുകേട്ടാൽ വിറയ്ക്കുമായിരുന്നു. എന്നാൽ, മറുഭാഗത്ത് ഇരുൾമുറ്റിയ രാത്രി ഒരു നാടോടി സ്ത്രീയുടെ മക്കൾ വിശന്നിരിക്കുന്നതുകണ്ടപ്പോൾ ഉമർ എന്ന മഹാനുഭാവൻ അസ്വസ്ഥനാകുകയും ആട്ടയുടെ ചാക്ക് സ്വന്തം മുതുകത്തേറ്റി കൈയിൽ നെയ്യിന്റെ പാത്രവും പിടിച്ച് അവരുടെ അടുത്തെത്തുകയും സ്വന്തം കൈകൊണ്ട് അവർക്ക് ആഹാരമുണ്ടാക്കുകയും അത് വിളമ്പി ക്കൊടുക്കുകയും ചെയ്യുന്നു. ആ കുട്ടികൾ സമാധാനത്തോടെ വേണ്ടുവോളം കഴിച്ച് സ്വസ്ഥമായി കിടന്നുറങ്ങുന്നതുവരെ തിരികെ പോകാതിരിക്കുന്ന സ്ഥിതിവിശേഷമാണ് നമുക്ക് കാണാനാകുന്നത്.'

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ജർമനിയിലെ വാൾഡ്ഷട്ട്(Waldshut) ജമാഅത്തിന്റെ സ്വദർ അബ്ദുൽ വഹീദ് വഡാഇച്ച് സാഹിബ്, ഡോക്ടർ അബ്ദുൽമാലിക് ശമീം സാഹിബിന്റെ ഭാര്യ അമത്തുന്നൂർ സാഹിബ, മുൻ ഓഫീസർ ഹിഫാളത്തെ ഖാസ് ജർമനി നാസിർ അഹ്മദ് ഖാൻ ബഹാദുർ ശേർ സാഹിബിന്റെ ഭാര്യ ബിസ്മില്ലാഹ് ബേഗം സാഹിബ, കേർണൽ ജാവേദ് റുശ്ദി സാഹിബ് തുടങ്ങിയവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2021 ജൂൺ 25/1400 ഹിജ്റത്ത് 25,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചുള്ള വിവരണമാണ് നടന്നു വരുന്നത്. ഇതു സംബന്ധമായി ഇവിടെ കൂടുതൽ കാര്യങ്ങൾ ഇനി വിവരിക്കുന്നതായിരിക്കും. സയ്ദ് ബിൻ അസലമിൽ നിന്ന് നിവേദനം. അദ്ദേഹത്തിന്റെ പിതാവ് വിവരിക്കുന്നു. 'ഞാനൊരിക്കൽ ഹദ്റത്ത് ഉമറിനോടൊപ്പം 'ഹർറവാഖിം' എന്ന സ്ഥലത്തേക്ക് പോകുകയായിരുന്നു.' ഇത് ഹർറകൾക്കിടയിലുള്ള സ്ഥലമാണ്. കറുത്തമണ്ണുള്ള ചരൽപ്രദേശത്തിനാണ് 'ഹർറ' എന്നു പറയുന്നത്. മദീനയുടെ കിഴക്കുഭാഗത്താണ് 'ഹർറവാഖിം' സ്ഥിതിചെയ്യുന്നത്. ഇതിനെ 'ഹർറ ബനൂഖുറയ്ള' എന്നും പറയാറുണ്ട്. രണ്ടാമത്തേത് 'ഹർറത്തുൽ വബുറ'യാണ്. അത് മദീനയുടെ പടിഞ്ഞാറു ഭാഗത്ത് മൂന്നു മൈൽ ദൂരത്തുള്ള സ്ഥലമാണ്. 'ഹർറത്തുൽവബുറഹ്'എന്നും അതിനെ പറയാറുണ്ട്.' തുർന്ന് അദ്ദേഹം പറയുന്നു: 'ഞങ്ങൾ 'സ്വിറാർ' എന്ന് സ്ഥലത്തെത്തി. അവിടെ ഒരിടത്ത് തീവെട്ടം കണ്ടു. സ്വിറാറും മദീനയിൽനിന്ന് മൂന്നു മൈൽ അകലത്തുള്ള പ്രദേശമാണ്. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അസ്ലമേ! ഞാൻ കരുതുന്നത് ഇത് ഏതെങ്കിലും യാത്രക്കാർ ആയിരിക്കുമെന്നാണ്. രാത്രിയും ശൈത്യവും അവരെ ഇവിടെ തടഞ്ഞിരിക്കുന്നു. നമ്മോടൊപ്പം വരിക. അങ്ങനെ ഞങ്ങൾ ധിറുതിപ്പെട്ട് അങ്ങോട്ടു നടന്നു. അവിടെ ഒരു സ്ത്രീയേയും കുട്ടികളേയും കണ്ടു. ഒരു കലം അടുപ്പിൽ കയറ്റി വെച്ചിട്ടുണ്ട്. വിശപ്പുകൊണ്ട് അവരുടെ മക്കൾ തേങ്ങിത്തേങ്ങി കരയുകയാണ്. ഹദ്റത്ത് ഉമർ(റ) അസ്സലാമു അലയ്ക്കും പറഞ്ഞു. അല്ലയോ പ്രകാശക്കാരേ! അദ്ദേഹം അഗ്നിക്കാരേ എന്നു വിളിക്കാൻ ഇഷ്ടപ്പെട്ടില്ല. പ്രത്യുത പ്രകാശക്കാരേ! എന്നാണ് അവരെ വിളിച്ചതു. ആ സ്ത്രീ വ അലയ്ക്കുമുസ്സലാം എന്നു പറഞ്ഞു. തനിക്ക് അടുത്തേക്ക് വരാമോ എന്ന് ഹദ്റത്ത് ഉമർ ചോദിച്ചു. നല്ലതിനാണെങ്കിൽ വരിക എന്ന് ആ സ്ത്രി പറഞ്ഞു. അല്ലെങ്കിൽ തിരിച്ചുപൊയ്ക്കൊള്ളുക. അദ്ദേഹം അടുത്തേക്ക് നീങ്ങി.' ആ സ്ത്രീ പറഞ്ഞത് നല്ലകാര്യം പറയാനാണെങ്കിൽ വരാം അല്ലെങ്കിൽ മടങ്ങിപ്പോകാമെന്നാണ്. 'നിങ്ങൾക്കെന്താണ് പറ്റിയത്? അദ്ദേഹം ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: ഇരുട്ടും ശൈത്യവും ഞങ്ങളെ ഇവിടെ തങ്ങാൻ നിർബന്ധിതരാക്കിയിരിക്കുകയാണ്. ഈ കുട്ടികളുടെ പ്രശ്നമെന്താണെന്നും എന്തിനാണ് ഇവർ കരയുന്നതെന്നും അദ്ദേഹം ചോദിച്ചു. വിശപ്പുകൊണ്ടാണ്! അവർ പറഞ്ഞു. ഈ കലത്തിലെന്താണെന്ന് അദ്ദേഹം തിരക്കി. അതിൽ വെള്ളമാണെന്ന് അവർ പറഞ്ഞു. കുട്ടികൾ പ്രതീക്ഷയോടെ കിടന്നുറങ്ങാൻ, അവരെ സമാശ്വസിപ്പിക്കാനാണ് ഞാനിങ്ങനെ ചെയ്യുന്നത്. അല്ലാഹു ഞങ്ങൾക്കും ഉമറിനുമിടയിൽ വിധി കല്പിക്കുന്നതായിരിക്കും. അദ്ദേഹം പറഞ്ഞു: മഹതീ! അല്ലാഹു നിങ്ങൾക്ക് കരുണ ചെയ്യുമാറാകട്ടെ. ഉമർ നിങ്ങളുടെ അവസ്ഥ എങ്ങനെ അറിയാനാണ്? ആ സ്ത്രീ പറഞ്ഞു: ഞങ്ങളുടെ എല്ലാ കാര്യങ്ങൾക്കും മേൽനോട്ടക്കാരനാണ് ഉമർ. എന്നാൽ, അദ്ദേഹം ഞങ്ങളെക്കുറിച്ച് അശ്രദ്ധനാണ്. ഹദറത്ത് ഉമറിന്റെ കൂടെയുണ്ടായിരുന്ന വ്യക്തി പറയുന്നു: അതിനുശേഷം ഉമർ എന്റെയടുത്തു വന്നിട്ട് പറഞ്ഞു: 'എന്റെ കൂടെ വരിക.' അങ്ങനെ വേഗം നടന്ന് ഞങ്ങൾ ദാറുദ്ദഖീഖിലെത്തി. ഹദ്റത്ത് ഉമർ ഖലീഫയായ ശേഷം ദാറുദ്ദഖീഖ് എന്നൊരു കെട്ടിടം നിർമിച്ചിരുന്നു. അതിൽ ആട്ടയും മലർപൊടിയും ഈത്തപ്പഴവും കിശ്മിശും തുടങ്ങി ഒരു യാത്രക്കാരനു ആവശ്യമുള്ള എല്ലാ വസ്തുക്കളു സംഭരിച്ചുവച്ചിരുന്നു. മദീനയുടേയും മക്കയുടേയും വഴിമധ്യേ യാത്രക്കാർക്കുവേണ്ടി ചില സത്രങ്ങളും അദ്ദേഹം പണികഴിപ്പിച്ചിരുന്നു. തുടർന്ന് അദ്ദേഹം പറയുകയാണ്: ഉമർ ഒരു ചാക്ക് ധാന്യവും ഒരു കുപ്പി നെയ്യും എടുത്തതിനുശേഷം ഇത് തനിക്കൊന്ന് പൊന്തിച്ചുതരാൻ അദ്ദേഹത്തോടു പറഞ്ഞു. അങ്ങയ്ക്കുവേണ്ടി ഞാനത് ഏറ്റിക്കൊള്ളാമെന്ന് അസലം പറഞ്ഞു. ഹദ്റത്ത് ഉമർ(റ) തനിക്കത് പൊന്തിച്ചുതരാൻ രണ്ടോ മൂന്നോ തവണ പറഞ്ഞു. താങ്കൾക്കുപകരം ഞാൻ അതേറ്റിക്കൊള്ളാമെന്ന് ഓരോ തവണയും ഞാൻ പറഞ്ഞു. അവസാനം ഉമർ പറഞ്ഞു: 'താങ്കൾക്കു നന്മ വരട്ടെ. ഖിയാമത്തുന്നാളിൽ താങ്കളാണോ എന്റെ ഭാരം വഹിക്കുക?' അപ്പോൾ ആ ചാക്ക് ഞാൻ ഉമറിന് പൊക്കിക്കൊടുത്തു. അദ്ദേഹം അതു തന്റെ പുറത്തേറ്റി വേഗം നടന്നു. ഞാനും വേഗം വേഗം അദ്ദേഹത്തോടൊപ്പം നടന്നു. അങ്ങനെ

ഞങ്ങൾ ആ സ്ത്രീയുടെ അടുത്തെത്തി. അദ്ദേഹം ആ ചാക്കുകെട്ട് ആ സ്ത്രീയുടെ അടുത്ത് ഇറക്കിവച്ചു. എന്നിട്ട് അതിൽനിന്ന് കുറച്ച് ആട്ട എടുത്തു. അത് ഈ കലത്തിൽ അല്പാല്പമായി ഇടുക എന്ന് ആ സ്ത്രീയോടു പറഞ്ഞു. ഞാനത് നിങ്ങൾക്കുവേണ്ടി ഇളക്കിക്കൊള്ളാമെന്നും ഉമർ(റ)പറഞ്ഞു. മറ്റൊരു നിവേദനത്തിലുള്ളത് ഹദ്റത്ത് ഉമർ പറഞ്ഞു: 'നിങ്ങൾ മെല്ലമെല്ലെ ആട്ട ഇതിലിട്ടുകൊള്ളുക ഞാൻ നിങ്ങൾക്ക് ഹരീറ ഉണ്ടാക്കിത്തരാമെന്നാണ്.' അദ്ദേഹം എന്നിട്ട് തീ കത്തിപ്പിടിക്കാനായി കലത്തിനു താഴെ ഊതാൻ തുടങ്ങി. നിവേദകനായ അസ്‌ലം പറയുന്നു: അദ്ദേഹം വളരെ ഇടതൂർന്ന താടിയുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ താടിക്കുള്ളിലൂടെ പുക പുറത്തേക്ക് വരുന്നത് ഞാൻ കണ്ടു. പുക ഉയരുമ്പോൾ അദ്ദേഹത്തിന്റെ മുഖത്തും താടിയിലുമൊക്കെ അതു പടരുമായിരുന്നു. കലത്തിലുള്ളത് വെന്ത് പാകമായി. ഭക്ഷണം തയ്യാറായപ്പോൾ അദ്ദേഹം കലം ഇറക്കിവച്ചു. ഏതെങ്കിലും പാത്രം കൊണ്ടുവരാൻ പറഞ്ഞു. ആ സ്ത്രീ ഒരു വലിയ താല കൊണ്ടുവന്നു. നിങ്ങൾ ഇനി കുട്ടികൾക്ക് ഭക്ഷണം കൊടുത്തുതുടങ്ങുക എന്നും ചൂടാറാനായി താനതിൽ പരത്തി വിളമ്പിത്തരാമെന്നും വേറെ പാത്രത്തിൽ ഇട്ടുവെക്കാമെന്നും ആ സ്ത്രീയോടു അദ്ദേഹം പറഞ്ഞു. അങ്ങനെ അദ്ദേഹം അത് ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അവർ വയർനിറയെ ഭക്ഷണം കഴിച്ചു. ബാക്കി വന്ന ഭക്ഷണം അദ്ദേഹം ആ സ്ത്രീയെ ഏല്പിച്ചു. അസ്‌ലം പറയുന്നു: എന്നിട്ട് അദ്ദേഹം അവിടെനിന്നെഴുന്നേറ്റു. ഞാനും അദ്ദേഹത്തോടൊപ്പം ഏഴുന്നേറ്റു. അപ്പോൾ ആസ്ത്രീ പറഞ്ഞു: അല്ലാഹു താങ്കൾക്ക് ഉത്തമമായ പ്രതിഫലം നല്കുമാറാകട്ടെ. ഇക്കാര്യത്തിൽ അതായത് പ്രതിഫലം കിട്ടാൻ അങ്ങ് അമീറുൽമുഅ്മിനെക്കാളും അർഹതയുള്ളയാളാണ്. അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു:നല്ല കാര്യം മാത്രം പറയുക.നിങ്ങൾ അമീറുൽമുഅ്മിനീനെ കാണാൻ പോകുമ്പോൾ ഇൻശാ അല്ലാഹ് എന്നേയും അവിടെ കാണുന്നതായിരിക്കും. നിവേദകൻ പറയുന്നു: പിന്നെ അദ്ദേഹം അവിടെനിന്ന് മാറി ആ സ്ത്രീയുടെ നേരെ മുഖം തിരിച്ച് അവിടെയിരുന്നു. ഞാൻ അദ്ദേഹത്തോടു ചോദിച്ചു, ഇനിയും എന്തെങ്കിലും ഇവിടെ ചെയ്യാനുണ്ടോ? അദ്ദേഹം എന്നോടു ഒന്നും സംസാരിച്ചില്ല. അങ്ങനെ അവിടെ ആ കുട്ടികൾ കളിക്കുകയും ചിരിക്കുകയും ചെയ്ത ശേഷം സ്വസ്ഥമായി കിടന്നുറങ്ങുന്നത് ഞാനും കണ്ടു. അപ്പോൾ ഹദ്റത്ത് ഉമർ(റ) അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട് എഴുന്നേറ്റുനിന്ന് പറഞ്ഞു: അസ്‌ലമേ! വിശപ്പുകാരണം ഈ കുട്ടികൾ ഉണർന്നിരിക്കുകയും കരയുകയും ചെയ്യുകയായിരുന്നു. അതുകൊണ്ടാണ് ഞാൻ ഇവർ സ്വസ്ഥമായി കിടക്കുന്നതുകാണും മുമ്പേ ഇവിടെനിന്ന് പോകാനിഷ്ടപ്പെടാതിരുന്നത്. ഇപ്പോൾ ഞാനത് കണ്ടിരിക്കുന്നു. *(താരീഖ് അത്ത്വബരീ ലിഇബ്നി ജരീർ വാള്യം 2, പേജ് 567-568, ഹിജ്റ 23, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1987) (ഫർഹങ്കെ സീറത്ത് പേജ് 172, 102.101, സവാർ അക്കാഡമി പബ്ലിക്കേഷൻസ്, ഉർദു ബസാർ കറാച്ചി, 2003) (സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ്, ശഖ്സിയത്ത് ഔർ കാർണാമെ, പേജ് 442, മക്തബത്തുൽ ഫുർഖാൻ ട്രസ്റ്റ്, ഖാൻഗഢ്, മുസഫർഗഢ് ജില്ല, പാക്കിസ്താൻ, (ലിസാനുൽ അറബ് 'ഹർ' എന്ന പദം നോക്കുക)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംസാരത്തെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ സ്വയമായി നിറവേറ്റാൻ കഴിയാത്തവർക്ക്, അത്തരം കാര്യങ്ങൾ ലഭ്യമാക്കുക എന്നത് ഇസ്‌ലാമിക ഭരണകൂടത്തിന്റെ ചുമതലയാണ്. അവരുടെ ഉത്തരവാദിത്വമാണിവിടെ പറയുന്നത്. ഇതു സംബന്ധമായി ഹദ്റത്ത് ഉമറിന്റെ സംഭവം വളരെ പ്രഭാവം ചെലുത്തുന്നതും വസ്തുതകൾ തുറന്നുകാട്ടുന്ന നിലയിലുള്ളതുമാണ്. അതായത് യാഥാർഥ്യം മനസ്സിലക്കിത്തരുന്നതാണ്. ഒരിക്കൽ രണ്ടാം ഖലീഫ ഹദ്റത്ത് ഉമർ(റ)പുറത്ത് രാത്രികാല പരിശോധന നടത്തുകയായിരുന്നു. ഏതെങ്കിലും മുസൽമാൻ വല്ല ബുദ്ധിമുട്ടും അനുഭവിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുകയായിരുന്നു. ഖിലാഫത്തിന്റെ കേന്ദ്രമായ മദീനയിൽനിന്ന് മൂന്നു മൈൽ അപ്പുറത്ത് 'മിറാർ' എന്നൊരു ഗ്രാമമുണ്ട്. നമ്മുടെ ഗവേഷകരുടെ അന്വേഷണ പ്രകാരം അത് മിറാറല്ല, സ്വിറാർ എന്നു പേരുള്ള ഗ്രാമമാണ്. ചിലപ്പോൾ എഴുത്തുകാരന് അക്ഷരത്തെറ്റു സംഭവിച്ച് സ്വിറാറിനെ മിറാർ എന്നെഴുതിയതായിരിക്കാം. അവിടെ ഹദ്റത്ത് ഉമർ ചെന്നപ്പോൾ കുട്ടികളുടെ കരച്ചിൽകേട്ടു. അവിടുത്തേക്ക് ചെന്നപ്പോൾ ഒരു സ്ത്രീ ഭക്ഷണം പാകം ചെയ്യുന്നത് കണ്ടു. അവിടെ രണ്ടുമൂന്നുകട്ടികൾ തേങ്ങിത്തേങ്ങി കരയുകയാണ്. എന്താണ് കാര്യമെന്ന് അവരോടു ഉമർ ചോദിച്ചു. അവർ പറഞ്ഞു: രണ്ടുമുന്നൂനേരമായി പട്ടിണയാണ്. അവർക്ക് കഴിക്കാൻ കൊടുക്കാനൊന്നുമില്ല. കുട്ടികൾ വല്ലാതെ അസ്വസ്ഥരായപ്പോൾ കാലിക്കലം അടുപ്പത്ത് വെച്ചതാണ്. അതുകണ്ട് പ്രത്യാശയോടെ അവർ ഉറങ്ങിപ്പോകുമെന്ന് കരുതി. അതു കേട്ടുടനെ ഹദ്റത്ത് ഉമർ ക്ഷണത്തിൽ മദീനയിലേക്ക് തിരിച്ചുപായി. ആട്ടയും നെയ്യും ഇറച്ചിയും ഈത്തപ്പഴവും എടുത്ത് ചാക്കിൽ നിറച്ച് അത് തന്റെ മുതുകിൽ കയറ്റിത്തരാൻ തന്റെ സേവകനോടു പറഞ്ഞു. താനുണ്ടല്ലോ, താനതേറ്റിക്കൊള്ളാമെന്ന് ഭൃത്യൻ പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഉമർ(റ)ചോദിച്ചു:ഇപ്പോൾ നിങ്ങൾക്ക് ഇതേറ്റിക്കൊണ്ടു വരാനാകും!എന്നാൽ, ഖിയാമത്തുന്നാളിൽ എന്റെ ഭാരം ഏറ്റാനാരാണുണ്ടാകുക? അതായത് അവരുടെ ഭക്ഷണകാര്യങ്ങൾ നോക്കേണ്ടത് എന്റെ ബാധ്യതയായിരുന്നു. അതിൽ എനിക്ക് വീഴ്ചപറ്റി. അതുകൊണ്ട് അതിന്റെ പാപപരിഹാരമെന്നോണം ഞാൻതന്നെ ഈ സാധനങ്ങളെല്ലാം ഏറ്റിക്കൊണ്ട് അവരുടെയടുത്ത് എത്തിക്കേണ്ടതുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ആവശ്യക്കാർക്ക് സ്റ്റൈപ്പന്റ് നല്കുന്ന കാര്യവും ഈ സംഭവവും തട്ടിച്ചുനോക്കി അത് ആളുകളെ മടിയന്മാരാക്കാനാണെന്ന് പറയുന്നതിൽ അർഥമില്ല. അദ്ദേഹം എഴുതുന്നു: ഇസ്‌ലാം ദരിദ്രരുടെ കാര്യങ്ങൾ അന്വേഷിക്കാൻ കൽപിക്കുന്നതോടൊപ്പം ഇതു സംബന്ധമായി മുമ്പേയും വിവരിച്ചതുപോലെ ആളുകളുടെ അലസതയും അലംഭാവവും ഇല്ലാതാക്കാനും കല്പന നല്കുന്നുണ്ട്. അതുകൊണ്ട് ആളുകളെ അശ്രദ്ധരും മടിയന്മാരും ആക്കാനല്ല സ്റ്റൈഫന്റ് നിശ്ചയിച്ചിട്ടുള്ളത്. അതുപോലെ ജനങ്ങൾ പണിയെടുക്കുന്നതു നിറുത്തി വീട്ടിലിരിക്കാൻ വേണ്ടിയല്ല സ്റ്റൈഫന്റ് നല്കുന്ന രീതി നിലവിലുണ്ടായിരുന്നത്. നിർബന്ധിതാവസ്ഥ ഉള്ളവർക്കാണ് അത് നല്കിയിരുന്നത്. യാചന നരോധിക്കപ്പെട്ടതുമായിരുന്നു. യാചകരെ അതിൽനിന്ന് തടയാൻ ഹദ്റത്ത് ഉമർ വളരെ കർശനനടപടികൾ കൈക്കൊണ്ടിരുന്നു. അല്ലാതെ ആരെയെങ്കിലും വിശന്നവരായി കാണുമ്പോൾ ഉടനെ ഭക്ഷണമെത്തിക്കുകയായിരുന്നില്ല. അതുപോലെ യാചകൻ വന്നാൽ ഉടനെ ഭിക്ഷകൊടുക്കുകയുമായിരുന്നില്ല. ഭിക്ഷയാചിച്ചുവരുന്നവൻ ആരോഗ്യമുള്ളവനാണെങ്കിൽ ഹദ്റത്ത് ഉമർ (റ)കടുത്ത നിലപാട് സ്വീകരിച്ചിരുന്നു. ഒരിക്കൽ ഹദ്റത്ത് ഉമർ ഒരു യാചകനെ അയാളുടെ മടിശ്ശീലനിറയെ ആട്ടയുള്ളതായി കണ്ടു. അയാളാണ് യാചിക്കാൻ വന്നത്. അയാളുടെ സഞ്ചിനിറയെ ആട്ടയായിരുന്നു. ഹദറത്ത് ഉമർ ആ ആട്ടയെടുത്ത് ഒട്ടകത്തിനിട്ടുകൊടുത്തു. അയാളുടെ സഞ്ചി അങ്ങനെ കാലിയാക്കി. എന്നിട്ട് ഇനി യാചിച്ചുനോക്കാൻ പറഞ്ഞു. *(അഹ്മദിയ്യത്ത് യഅ്നീ ഹഖീഖി ഇസ്‌ലാം, അൻവാറുൽ ഉലൂം വാള്യം 8, പേജ് 296-297)*

ഇതിൽനിന്ന് തെളിയുന്നത് ആവശ്യമില്ലാതെ ഭിക്ഷയെടുത്തു നടക്കുന്നവരെ ജോലിയെടുത്തു ജീവിക്കാൻ നിർബന്ധിച്ചിരുന്നുവെന്നാണ്. നല്ല ആരോഗ്യമുണ്ടായിട്ടും ഭിക്ഷതേടേണ്ട ആവശ്യമെന്തുണ്ട്? അധ്വാനിച്ച് പണിയെടുത്തുവേണം ഭക്ഷണം കഴിക്കാൻ. ഇതാണ് അയാൾക്കു നല്കിയ പാഠം. ഇനിയും യാചിച്ചാൽ ഇങ്ങനെതന്നെയായിരിക്കും നിന്നോടു പെരുമാറുക. നിന്റെ കൈയിലുള്ള തെടുത്ത് മൃഗങ്ങൾക്കിട്ടുകൊടുക്കുന്നതാണ്. ഞാൻ ആദ്യം ഉദ്ധരിച്ച സംഭവം വെച്ചുകൊണ്ട് യാചകർ പലപ്പോഴും പറയാറുള്ളത് ഹദ്റത്ത് ഉമർ ആവശ്യക്കാരെ എത്രയധികം ശ്രദ്ധിച്ചിരുന്നുവെന്ന് കാണുന്നില്ലെയെന്നാണ്. എന്നാൽ, ഇസ്‌ലാം എത്ര കർശനമായാണ് ഭിക്ഷാടനത്തെ നിരുത്സാഹപ്പെടുത്തുന്നതെന്ന കാര്യം അവർ ശ്രദ്ധിക്കുന്നില്ല. നബി(സ) തിരുമേനിയും ഇപ്രകാരം പ്രവർത്തിച്ചിരുന്നു. പിൽക്കാലത്ത് ഹദ്റത്ത് ഉമറും അതേ നിലപാടുതന്നെ തുടർന്നുകൊണ്ടുപോയി. അതൊന്നും ഇക്കൂട്ടർ കാണുന്നില്ല.

ഈ സംഭവം മറ്റൊരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നുണ്ട്. എന്നിട്ട് അവിടന്ന് പറഞ്ഞു: ഹദ്റത്ത് ഉമറിന്റെ വീരശൂരതയും പ്രതാപവും നോക്കുക. ഒരു ഭാഗത്ത് ലോകത്തുള്ള വലിയവലിയ ചക്രവർത്തിമാർ അദ്ദേഹത്തെ ഭയന്നു വിറച്ചിരുന്നു. സീസർ ഖുസ്റോ തുടങ്ങിയവരുടെ ഭരണകൂടങ്ങൾപോലും അദ്ദേഹത്തിന്റെ പേരുകേട്ടാൽ വിറയ്ക്കുമായിരുന്നു. എന്നാൽ, മറുഭാഗത്ത് ഇരുൾമുറ്റിയ രാത്രി ഒരു നാടോടി സ്ത്രീയുടെ മക്കൾ വിശന്നിരിക്കുന്നതുകണ്ടപ്പോൾ ഉമർ എന്ന മഹാനുഭാവൻ അസ്വസ്ഥനാകുകയും ആട്ടയുടെ ചാക്ക് സ്വന്തം മുതുകത്തേറ്റി കൈയിൽ നെയ്യിന്റെ പാത്രവും പിടിച്ച് അവരുടെ അടുത്തെത്തുകയും സ്വന്തം കൈകൊണ്ട് അവർക്ക് ആഹാരമുണ്ടാക്കുകയും അത് വിളമ്പിക്കൊടുക്കുകയും ചെയ്യുന്നു. ആ കുട്ടികൾ സമാധാനത്തോടെ വേണ്ടുവോളം കഴിച്ച് സ്വസ്ഥമായി കിടന്നുറങ്ങുന്നതുവരെ തിരികെ പോകാതിരിക്കുന്ന സ്ഥിതിവിശേഷമാണ് നമുക്ക് കാണാനാകുന്നത്.' *(സയ്റെ റൂഹാനീ(6), അൻവാറുൽ ഉലൂം വാള്യം 22, പേജ് 596)*

ഹദ്റത്ത് ഉമർ(റ) സ്വതന്ത്രനാക്കിയ അടിമ മുമ്പേ പറഞ്ഞുവരുന്ന നിവേദകൻ അസ്‌ലം തന്നെ പറയുന്നു: മദീനയിൽ ഒരു കച്ചവട സംഘം വന്നു. അവർ ഈദുഗാഹിൽ താമസിച്ചു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനോടു പറഞ്ഞു: 'രാത്രി ഇവർക്ക് കമ്പിൾ നല്കാൻ താൽപര്യമുണ്ടോ?' അദ്ദേഹം പറഞ്ഞു: 'തീർച്ചയായും എനിക്കു താൽപര്യമുണ്ട്.' അങ്ങനെ അവർ രാത്രിമുഴുവനും അവരെ സംരക്ഷിക്കുകയും ആരാധനകളിൽ ഏർപെടുകയും ചെയ്തു. ഹദ്റത്ത് ഉമർ ഒരു കുട്ടി കരയുന്നതു കേട്ടു. അപ്പോൾ

അങ്ങോട്ടുപോയി. അല്ലാഹുവിനെ ഭയക്കുക എന്ന് ആ കുട്ടിയുടെ മാതാവിനോടു പറഞ്ഞു. സ്വന്തം കുട്ടിയെ നല്ലവണ്ണം നോക്കുക. അതും പറഞ്ഞ് അദ്ദേഹം തിരിച്ചുവന്നു. പിന്നേയും ആ കുട്ടിയുടെ കരച്ചിൽ കേട്ടു. അതായത് അദ്ദേഹം അവരുടെ സാധനങ്ങൾക്ക് കാവൽനിന്ന സ്ഥലത്ത് തിരിച്ചുവന്നതായിരുന്നു. രണ്ടാമതും ആ കുട്ടിയുടെ കരച്ചിൽ കേട്ടപ്പോൾ വീണ്ടും ആ കുട്ടിയുടെ മാതാവിന്റെ അടുത്തു പോകുകയും ആദ്യം പറഞ്ഞത് ആവർത്തിക്കുകയും ചെയ്ത ശേഷം തന്റെ സ്ഥാനത്ത് തിരിച്ചെത്തുകയും ചെയ്തു. രാത്രിയുടെ അന്ത്യയാമം ആയപ്പോൾ ആ കുട്ടി വീണ്ടും കരയുന്നതുകേട്ടു. അപ്പോൾ അദ്ദേഹം ആ കുട്ടിയുടെ മാതാവിന്റെ അടുത്തുപോയി പറഞ്ഞു: 'നിങ്ങൾക്ക് നന്മയുണ്ടാകട്ടെ. എത്ര അലംഭാവം കാണിക്കുന്ന മാതാവാണ് നിങ്ങൾ. എന്താണിങ്ങനെ രാത്രിമുഴുവൻ നിന്റെ കുട്ടി കരഞ്ഞുകരഞ്ഞ് അസ്വസ്ഥനായി എനിക്ക് കാണേണ്ടിവരുന്നത്. അപ്പോൾ ആ സ്ത്രീ പറഞ്ഞു: 'അല്ലയോ ദൈവദാസാ! ഞാനിവന് പാലുകുടി നിറുത്തി വേറെ ഭക്ഷണം കൊടുക്കാൻ ശ്രമിക്കുകയാണ്. എന്നാൽ, ഇവൻ ഒട്ടും സമ്മതിക്കുന്നില്ല. തനിക്ക് മുലപ്പാൽത്തന്നെ വേണമെന്നാണ് പറയുന്നത്.' അദ്ദേഹം ചോദിച്ചു: 'എന്തിനാണ് അങ്ങനെ ചെയ്യുന്നത്?' അവർ പറഞ്ഞു: 'ഉമർ പാലുകുടി മാറ്റിയ കുട്ടിക്കുമാത്രമേ സ്റ്റൈഫന്റ് നിശ്ചയിക്കുകയുള്ളൂ.' അദ്ദേഹം ചോദിച്ചു: 'നിന്റെ കുട്ടിയുടെ വയസ്സെത്രയാണ്?' അവർ പറഞ്ഞു, ഇത്രവയസ്സും ഇത്ര മാസവും. ഹദ്റത്ത് ഉമർ പറഞ്ഞു: 'നിനക്ക് നന്മ ഉണ്ടാകട്ടെ. പാലു കുടി നിറുത്താൻ ഇങ്ങനെ ധിറുതിപ്പെടരുത്.' പിന്നെ സ്വുബ്ഹി നമസ്കരിച്ചപ്പോൾ അദ്ദേഹം കരഞ്ഞു കരഞ്ഞ് അദ്ദേഹത്തിന്റെ ശബ്ദം ഖുർആനോതുമ്പോൾ വ്യക്തമാകുന്നുണ്ടയിരുന്നില്ല. ഹ്ദറത്ത് ഉമർ ആത്മഗതം ചെയ്തു. ഉമറിനു മോശംവരട്ടെ. അവൻ എത്ര മുസ്‌ലിം കുഞ്ഞുങ്ങളെയാണ് മൃതപ്രായരാക്കിയത്. പിന്നീട് അദ്ദേഹം ഇങ്ങനെയൊരു വിളംബരം പുറപ്പെടുവിച്ചു. കുട്ടികളുടെ പാലുകുടി നിറുത്തുന്നതിൽ ധിറുതി കാട്ടരുത്. ഇസ്‌ലാമിൽ ഇനി മുതൽ എല്ലാ കുട്ടികൾക്കും ജനിച്ചയുടൻ സ്റ്റൈഫന്റ് നിശ്ചയിക്കുന്നതായിരിക്കും. ഹ്ദറത്ത് ഉമർ എല്ലാ മുസ്‌ലിം രാജ്യങ്ങളിലും ഈ വിളംബരം നടത്തി.*(അൽബിദായ വന്നിഹായ ലി ഇബ്നി കഥീർ വാള്യം 10, പേജ് 185-186, പ്രസാധകർ ദാറുഹിജ്ർ 1998)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവത്തെ തന്റേതായ ശൈലിയിൽ വിവരിച്ചു പറയുന്നു. ഹദ്റത്ത് ഉമർ തുടക്കത്തിൽ പാലുകുടിക്കുന്ന കുട്ടികൾക്ക് സ്റ്റൈഫന്റ് നശ്ചയിച്ചിരുന്നില്ല. എന്നാൽ, പിന്നീട് പാലു കുടിക്കുന്ന കുട്ടികളുടേയും അവകാശം അംഗീകരിച്ചുകൊണ്ട് അവരുടെ റേഷൻ അല്ലെങ്കിൽ സ്റ്റൈഫന്റ് മാതാക്കൾക്ക് നല്കാൻ ഉത്തരവിട്ടു. ആദ്യം ഹദ്റത്ത് ഉമർ കരുതിയിരുന്നത് പാലു കുടിക്കുന്നിടത്തോളം ആ കുട്ടി സമൂഹത്തിലെ അംഗമായി കണക്കാക്കപ്പെടില്ല, മറിച്ച് ആ കുട്ടിയുടെ ഉത്തരവാദിത്വം മാതാവിനാണെന്നാണ്. ബയ്ത്തുൽമാലിൽനിന്ന് ചെലവഴിക്കാൻ പബ്ലിക്കിന്റെ ഉത്തരവാദിത്വം കുട്ടികൾക്കില്ല എന്നു കരുതിയിരുന്നു. ഒരിക്കൽ ഹദ്റത്ത് ഉമർ(റ) നടക്കാനായി പുറത്തിറങ്ങി. പട്ടണത്തിനപ്പുറത്ത് ബദുക്കളുടെ ഒരു കച്ചവട സംഘം വന്നെത്തിയിരുന്നു. ഹദ്റത്ത് ഉമർ ഒരു കൂടാരത്തിൽനിന്ന് ഒരു കുട്ടിയുടെ കരച്ചിൽ കേൾക്കാനിടയായി. കുട്ടി അലമുറകൂട്ടുന്നുണ്ടായിരുന്നു. മാതാവ് കുട്ടിയെ മടിയിൽ ആട്ടിയുറക്കാൻ ശ്രമിക്കുകയായിരുന്നു. കുറെ സമയം തട്ടി തട്ടി ഉറക്കാൻ നോക്കിയിട്ടും കുട്ടി കരച്ചിൽ നിറുത്താത്തപ്പോൾ കുട്ടിയെ തല്ലിക്കൊണ്ടു പറഞ്ഞു: ഉമറിന്റെ പ്രാണനായി കരയുക. ഹദ്റത്ത് ഉമർ അത്ഭുതപരിതന്ത്രനായി. ഞാനുമായി ഇതിനെന്തു ബന്ധം? ഹദ്റത്തു ഉമർ ആ സ്ത്രീയോടു അകത്ത് പ്രവേശിക്കാൻ അനുവാദം വാങ്ങി. അകത്തു കടന്നപ്പോൾ ചോദിച്ചു: മഹതീ! എന്താണ് കാര്യം? ഹദ്റത്ത് ഉമറിനെ അവർക്കറിയില്ലായിരുന്നു. അതുകൊണ്ട് പറഞ്ഞു: എന്തു പറയാനാണ്? ഉമർ എല്ലാവർക്കും അലവൻസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, പാലുകുടിക്കുന്ന കുട്ടികൾക്കും ഭക്ഷണം ആവശ്യമുണ്ടെന്ന കാര്യം അദ്ദേഹത്തിന് അറിയില്ല. എനിക്കു മതിയായ പാലില്ല. ഞാൻ ഇവനും അലവൻസ് ലഭിക്കാനായി ഇവന്റെ പാലുകുടി മാറ്റുകയാണ്. ഹദ്റത്ത് ഉമർ അപ്പോൾത്തന്നെ മടങ്ങിപ്പോയി. ഖജനാവിൽനിന്ന് ഒരു ആട്ട നിറച്ച ചാക്കെടുത്ത് അതും ഏറ്റി നടക്കാൻ തുടങ്ങി. ഖജാനാവ് സൂക്ഷിപ്പുകാരൻ പറഞ്ഞു: ഇത് ഞാനെടുത്തുകൊണ്ടു വരാം. ഹദ്റത്ത് ഉമർ അയാളോടു പറഞ്ഞു, നീ വിട്ടേക്കുക. ഞാൻ സ്വയം ഇതേറ്റി കൊണ്ടുപോകുന്നതാണ്. ഖിയാമത്തുന്നാളിൽ എനിക്ക് ചാട്ടവാർ അടി കിട്ടുമ്പോൾ എനിക്കുപകരം നീ മറുപടി പറയുമോ? ഞാൻ കാരണം എത്ര കുട്ടികൾ മരണപ്പെട്ടെന്ന് എനിക്കറിയില്ല. അതിനുശേഷം ഉത്തരവ് ഇറക്കുകയും പാലു കുടിക്കുന്ന കുട്ടികൾക്കും അലവൻസ് നിശ്ചയിക്കുകയും ചെയ്തു. *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 27, പേജ് 353)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദീഥിൽ അമ്മാർ ബിൻ ഖുസയ്മയിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമർ എന്റെ പിതാവിനോടു ചോദിച്ചു, നിന്റെ ഭൂമിയിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് നിനക്കെന്താണ് തടസം? അദ്ദേഹം കൂടുതൽ മരങ്ങൾ നടാൻ തയ്യാറാകുന്നുണ്ടായിരുന്നില്ല. പൂന്തോപ്പിനെ വിസ്തൃമാക്കുന്നുണ്ടായിരുന്നില്ല. അല്ലെങ്കിൽ ഉണങ്ങിയ മരംമുറിച്ച് പുതിയതു നടന്നുണ്ടായിരുന്നില്ല. അപ്പോളെന്റെ പിതാവു പറഞ്ഞു: ഞാൻ പടുവൃദ്ധനായിരിക്കുന്നു. നാളെ പിറ്റേന്ന് മരിക്കുകയും ചെയ്യും. അതുകൊണ്ട് എനിക്കെന്തു നേട്ടം ഉണ്ടാകാനാണ്? അപ്പോൾ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടു പറഞ്ഞു: നീ എന്തായാലും മരംവെച്ചു പിടിപ്പിക്കുകതന്നെ ചെയ്യണം. ഇതൊന്നും ഒരു കാരണമല്ല. നിർബന്ധമായും മരം നടണം. തുടർന്ന് പറയുന്നു: ഹദ്റത്ത് ഉമർ എന്റെ പിതാവിനോടൊപ്പം ഞങ്ങളുടെ സ്ഥലത്ത് മരങ്ങൾ വെച്ചു പിടിപ്പിക്കുന്നത് ഞാൻ കാണുകയുണ്ടായി. *(മൽഫൂദാത്ത് വാള്യം 2, പേജ് 92)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സംഭവം മടിയും അലസതും ഉപേക്ഷിക്കുന്നത് സംബന്ധമായി വിവരിച്ചതാണ്. അതായത് പൂർവികർ നട്ട മരത്തിന്റെ കായകനികൾ നിങ്ങൾ ഭക്ഷിക്കുന്നതിനാൽ വരുംതലമുറയ്ക്കായി മരംവെച്ചുപിടിപ്പിച്ച് അവർക്കായി നിങ്ങളും കായ്കനികൾ ബാക്കിവയ്ക്കണം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് ഉമർ രാത്രി റോന്തു ചുറ്റാറുണ്ടായിരുന്നു. ഒരിക്കൽ രാത്രി പട്ടണത്തിൽ കറങ്ങി നടക്കുകയായിരുന്നു. അപ്പോൾ ഒരു സ്ത്രീ പ്രേമഗാനം ആലപിക്കുന്നതായി കേട്ടു. അദ്ദേഹം പകൽ അവരെക്കുറിച്ച് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് അവരുടെ ഭർത്താവ് കുറെ കാലമായി പുറത്താണുള്ളത്. പട്ടാളത്തിലായിരുന്നു. അപ്പോൾ അദ്ദേഹം ഒരു കല്പന പുറപ്പെടുവിച്ചു: നാലു മാസത്തിലധികം ഒരു പട്ടാളക്കാരനും വീടു വിട്ടു നില്ക്കാൻ പാടില്ല. നീണ്ട കാലത്തേക്ക് വിട്ടുനില്ക്കേണ്ടി വരികയാണെങ്കിൽ തന്റെ ഭാര്യയേയും കൂടെ കൂട്ടേണ്ടതാണ്. അല്ലാത്ത പക്ഷം നിർബന്ധമായും സൈന്യത്തിൽനിന്ന് വീട്ടിലേക്ക് തിരിച്ചയക്കുന്നതായിരിക്കും. *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 4, പേജ് 63, 1914)*

ഒരിടത്ത് അതിന്റെ കൂടുതൽ വിശദാംശങ്ങൾ ലഭിക്കുന്നുണ്ട്. ഹദ്റത്ത ഉമർ പറഞ്ഞു: ആ ഗാനമാലപിക്കുന്ന സ്ത്രീയോടു ചോദിച്ചു, നിന്റെ ഉദ്ദേശ്യം നല്ലതുതന്നെയല്ലേ. ആ സ്ത്രീ പറഞ്ഞു: അല്ലാഹുവിൽ ഞാൻ അഭയം പ്രാപിക്കുന്നു. ഹദ്റത്ത് ഉമർ ആ സ്ത്രീയോടു പറഞ്ഞു: നീ നിന്നെ സ്വയം നിയന്ത്രിക്കുക. നിന്റെ ഭർത്താവിന് ഇപ്പോൾ ത്തന്നെ ഞാൻ സന്ദേശം അയക്കുന്നതാണ്. അങ്ങനെ അദ്ദേഹം അവരുടെ ഭർത്താവിന്റെ അടുത്ത് ദൂതനെ അയച്ചു. അയാളെ വീട്ടിലേക്ക് തിരികെ വിളിപ്പിച്ചു. പിന്നീട് അദ്ദേഹം ഇക്കാര്യങ്ങൾ കൂടുതൽ അന്വേഷിച്ചറിയുകയും ഇവിടെ സൂചിപ്പിച്ചപോലെ ഏറെപ്പോയാൽ നാലുമാസം മാത്രമെ വിട്ടുനിൽക്കാവൂ എന്നും അതിൽ കൂടുതൽ നില്കണമെങ്കിൽ ഭാര്യയും മക്കളും കൂടെ ഉണ്ടാകണമെന്നും കല്പന പുറപ്പെടുവിച്ചു. *(താരീഖുൽഖുലഫാ, ലിസ്സുയൂത്വീ, പേജ് 111, പ്രസാധകർ ദാറുൽകിതാബുൽ അൽഅറബി, ബെയ്റുത്ത് 1999)*

ഹദ്റത്ത് ഉമർ(റ) സ്വതന്ത്രനാക്കിയ അടിമ അസ്‌ലം നിവേദനം. ഞാൻ ഒരു രാത്രി ഹദ്റത്ത് ഉമറിനോടൊപ്പം മദീനയുടെ ഒരു പ്രാന്തപ്രദേശത്തുപോയി. അവിടെ ഞങ്ങൾക്ക് ഒരു കൂടാരം കാണാനായി. ഞങ്ങൾ ആ കൂടാരത്തിന്നടുത്തേക്ക് നീങ്ങി. അപ്പോൾ അവിടെ ഒരുസ്ത്രീ പ്രസവവേദനനിമിത്തം കരയുകയായിരുന്നു. ഹദ്റത്ത് ഉമർ അവരോടു കാര്യം തിരക്കിയപ്പോൾ പറഞ്ഞു:ഞാനൊരു പരദേശിയായ യാത്രക്കാരിയാണ്. എന്റെ പക്കൽ ഒന്നുംതന്നെയില്ല. അപ്പോൾ ഉമറിന്റെ കണ്ണിൽ വെള്ളം നിറയുകയും വീട്ടിലേക്ക് ധിറുതിപ്പെട്ട് വരികയും ചെയ്തു. അദ്ദേഹം തന്റെ ഭാര്യ ഹദ്റത്ത് ഉമ്മുൽകുൽഥൂം ബിൻത് അലിയോടു പറഞ്ഞു, അല്ലാഹു നിനക്കായികൊണ്ടുവന്നിട്ടുള്ള പ്രതിഫലം നീ സ്വീകരിക്കാനാഗ്രഹിക്കുന്നുവോ? അദ്ദേഹം ഭാര്യയോടു സകലകാര്യങ്ങളും വിശദമായിപ്പറഞ്ഞപ്പോൾ അവർ പറഞ്ഞു: 'തീർച്ചയായും എനിക്കനുഗ്രഹമുണ്ട്.' പിന്നീട് ഹദ്റത്ത് ഉമർ ആട്ടയും മാംസവും നിറച്ച് ചാക്ക് ചുമലിലേറ്റി. ഹദ്റത്ത് ഉമ്മുകുൽഥൂം ഈറ്റെടുക്കാൻ വേണ്ട സാധനങ്ങളൊക്കെ എടുത്തു. അവരിരുവരും അവിടെയെത്തി. ഹദ്റത്ത് ഉമ്മുകുൽഥൂം ആ സ്ത്രീയുടെ അടുത്തുപോയി. ഹദ്റത്ത് ഉമർ (റ)ആ സ്ത്രീയുടെ ഭർത്താവിന്റെ കൂടെ ഇരുന്നു. അവിടെ ഉണ്ടായിരുന്ന അവരുടെ ഭർത്താവിനും ഹദ്റത്ത് ഉമറിനെ അറിയുമായിരുന്നില്ല. അദ്ദേഹം അയാളുമായി സംസാരിച്ചുകൊണ്ടിരുന്നു. ആ സ്ത്രീ ഒരു ആൺകുഞ്ഞിന് ജന്മം നല്കി. ഹദ്റത്ത് ഉമ്മുൽകുൽഥൂം ഹദ്റത്ത് ഉമറിനോടു വന്നു പറഞ്ഞു: അമീറുൽമുഅ്മിനീൻ! അങ്ങയുടെ കൂട്ടുകാരന് ഒരു ആൺകുഞ്ഞ് പിറന്നിരിക്കുന്നുവെന്ന സന്തോഷവാർത്ത അറിയിക്കുക. ഹദ്റത്ത് ഉമ്മുകുൽഥൂം പറഞ്ഞതു കേട്ടപ്പോൾ ആ വ്യക്തിക്ക് തന്റെ കൂടെയുള്ളത് ഉമറാണെന്ന് മനസ്സിലായി. താനെത്ര വലിയ മഹാന്റെ കൂടെയാണിരിക്കുന്നതെന്ന കാര്യം അയാൾക്കറിയില്ലായിരുന്നു. അയാൾ വേഗം ഹദ്റത്ത് ഉമറിനോടു ക്ഷമാപണം നടത്തി. ഹദ്റത്ത് ഉമർ പറഞ്ഞു: ഒരു കുഴപ്പവുമില്ല. അങ്ങനെ അവർക്കു ചെലവിനുവേണ്ട സംഖ്യയും അവശ്യവസ്തുക്കളും എത്തിച്ച ശേഷമാണ് അദ്ദേഹം അവിടെനിന്ന് മടങ്ങിയത്. *(അൽബിദായ വന്നിഹായ ലി ഇബ്നി കഥീർ വാള്യം 10, പേജ് 186, പ്രസാ*

*ധകർ ദാറുഹിജ്ർ 1998)*

സയീദ് ബിൻ മുസയ്യിബും അബൂ സലമ ബിൻ അബ്ദുർറഹ്മാനും വിവരിച്ചു: അല്ലാഹുവാണ! ഹദ്റത്ത് ഉമർ പറഞ്ഞ വാക്കുകളെല്ലാം പാലിച്ചു. കർശനം കാണിക്കേണ്ടിടത്ത് കർശനം കാണിച്ചു. സൗമ്യമായി പെരുമാറേണ്ടിടത്ത് സൗമ്യത കാണിച്ചു. അദ്ദേഹം സമൂഹത്തിലെ കുട്ടികളുടെ പിതാവായി നിലകൊണ്ടു. ഏതുവരെയെന്നാൽ ഭർത്താക്കന്മാർ സ്ഥലത്തില്ലാതിരുന്ന സ്ത്രീകളുടെ അടുത്തുപോകുകയും വാതിൽക്കൽനിന്നുകൊണ്ട് നിങ്ങൾക്കെന്തെങ്കിലും ആവശ്യമുണ്ടോ എന്ന് ചോദിക്കുകയും ചെയ്യുമായിരുന്നു. ചന്തയിൽനിന്ന് എന്തെങ്കിലും വാങ്ങണമെങ്കിൽ താൻ വാങ്ങിക്കൊണ്ടുതരാമെന്നും തനിച്ചായതിനാൽ നിങ്ങൾ കബളിപ്പിക്കപ്പെടുന്നത് താനിഷ്ടപ്പെടുന്നില്ലെന്നും അദ്ദേഹം പറയുമായിരുന്നു. സ്ത്രീകൾ അദ്ദേഹത്തോടൊപ്പം ചന്തയിലേക്ക് തങ്ങളുടെ ആൺകുട്ടികളേയും പെൺകുട്ടികളേയും അയക്കുമായിരുന്നു. അദ്ദേഹം അങ്ങനെ ചന്തയിൽ പോകുമ്പോൾ സമൂഹത്തിലെ ആൺകുട്ടികളും പെൺകുട്ടികളും അദ്ദേഹത്തിന്റെ പിന്നാലെ എത്രയധികം ഉണ്ടായിരുന്നെന്നാൽ അത് എണ്ണിത്തിട്ടപ്പെടുത്താൻ പ്രയാസമായിരുന്നു. അദ്ദേഹം അവർക്കെല്ലാവർക്കും അവശ്യസാധനങ്ങൾ വാങ്ങിക്കൊടുക്കുമായിരുന്നു. അതുപോലെ മക്കളില്ലാത്ത സ്ത്രീകൾക്കുവേണ്ടി തനിച്ചുപോയി സാധനങ്ങൾ വാങ്ങിക്കൊടുക്കുമായിരുന്നു. പട്ടാളത്തിൽനിന്ന് സന്ദേശവാഹകൻ വന്നാൽ ആ സ്ത്രീകൾക്ക് അവരുടെ ഭർത്താക്കന്മാരെഴുതിയ കത്തുകൾ അദ്ദേഹം നേരിട്ട് വിതരണം ചെയ്യുമായിരുന്നു. എന്നിട്ട് അവരോടു ഇപ്രകാരം പറയുമായിരുന്നു, നിങ്ങളുടെ ഭർത്താക്കന്മാർ ദൈവമാർഗത്തിലാണുള്ളത്. നിങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ പട്ടണത്തിലാണ് താമസിക്കുന്നത്. നിങ്ങളുടെ വീട്ടിൽ കത്തുവായിക്കാനറിയുന്ന ആരെങ്കിലുമുണ്ടെങ്കിൽ ശരി! ഇല്ലെങ്കിൽ വാതിലിന്നടുത്ത് വന്നു നില്ക്കുക. ഞാൻ നിങ്ങൾക്ക് വായിച്ചു തരാം. ശേഷം പറയുമായിരുന്നു, നമ്മുടെ സന്ദേശവാഹകൻ ഇന്ന തിയതിക്ക് തിരിച്ചുപോകുന്നതാണ്. അതുകൊണ്ട് നിങ്ങൾ കത്തെഴുതുക. അതു നാം കൊടുത്തയക്കുന്നതാണ്. എന്നിട്ട് എല്ലാ സ്ത്രീകളുടെ പക്കലും ഖലമും കടലാസും കൊണ്ടുവരുമായിരുന്നു. കത്തെഴുതാൻ പറ്റുന്നവരെക്കൊണ്ട് അവരുടെ കത്തെഴുതി വാങ്ങിക്കുമായിരുന്നു. എഴുതാൻ അറിയാത്തവരോടു പറയുമായിരുന്നു, ഖലമും കടലാസും കൊണ്ടുവന്നിട്ടുണ്ട്. വാതിലിന്നരികിൽ വന്നുനിന്ന് പറഞ്ഞാൽ ഞാൻ കത്തെഴുതിത്തരാം. അങ്ങനെ ഓരോരോ വീട്ടിലും പോയി സ്ത്രീകളെക്കൊണ്ട് ഭർത്താക്കന്മാർക്ക് കത്തെഴുതിപ്പിക്കുകയും അവ അയച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു. *(ഇസാലത്തുൽഖഫാഉ അൻഖിലാഫത്തിൽ ഖുലഫാഉ ശാഹ് വലിയുല്ലഹ് മുഹദ്ദിഥ് ദഹ്‌ലവി (മുത്തർജിം)വാള്യം 3 പേജ് 228-229, മനാഖിബ് ഫാറൂഖ് അഅ്ളം, പ്രസാധകർ ഖദീമീ കുതുബ് ഖാന കറാച്ചി)*

ഹദ്റത്ത് അലി(റ) പറയുന്നു: ഹദ്റത്ത് ഉമർ ഒട്ടകത്തിനുമേൽ തൂക്കിയിടുന്ന ഇരിപ്പിടവുമെടുത്ത് വേഗം വേഗം അബ്ത്വാ എന്ന സ്ഥലത്തേക്ക് പോകുകയായിരുന്നു. മക്കയ്ക്കും മദീനയ്ക്കുമടുത്തുള്ള സ്ഥലമാണ് അബ്ത്വാ. ഹദ്റത്ത് അലി(റ) പറയുന്നു: അതു കണ്ടപ്പോൾ ഞാൻ ചോദിച്ചു: അമീറുൽമുഅ്മിനീൻ അങ്ങ് എങ്ങോട്ടാണ് പോകുന്നത്? അപ്പോൾ അദ്ദേഹം പറഞ്ഞു: സ്വദഖയുടെ ഒട്ടകത്തെ കാണുന്നില്ല. ഞാൻ അതിനെ അന്വേഷിച്ച് പോവുകയാണ്. അപ്പോൾ ഹദ്റത്ത് അലി(റ), ഹദ്റത്ത് ഉമറിനോടു പറഞ്ഞു: 'അങ്ങ് അങ്ങയ്ക്കുശേഷം വരുന്ന ഖലീഫമാർക്കുവേണ്ടി ദുഷ്കരമായ വഴികളാണ് നിശ്ചയിച്ചിട്ടുള്ളത്.' അതുകേട്ട ഉമർ പറഞ്ഞു: 'അബുൽ ഹസനേ! എന്നെ ആക്ഷേപിക്കാതിരിക്കുക. മുഹമ്മദി(സ)നെ പ്രവാചകത്വം നല്കി അയച്ചവനെക്കൊണ്ടു സത്യം. യൂഫ്രട്ടീസ് നദിക്കരയിൽ ഒരു ആട്ടിൻക്കുട്ടി നഷ്ടപ്പെട്ടാലും ഖിയാമത്തുന്നാളിൽ ഉമറിനോടു അതേ കുറിച്ച് വിചാരണ ഉണ്ടാകുന്നതാണ്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഒരാൾ തലകുനിച്ച് നടന്നുവരുന്നത് കണ്ടു.' അതായത് ഒരു മുസ്‌ലിമായിരുന്നു. അയാൾ തലയും താഴ്ത്തി വരുന്നത് ഹദ്റത്ത് ഉമർ കണ്ടു. അയാൾക്കെന്തോ ആഘാതമേറ്റിട്ടുണ്ടാകും. എന്തെങ്കിലും പ്രയാസമുണ്ടായിട്ടുണ്ടാകും. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടാകും. അതുകൊണ്ടായിരിക്കും അയാൾ തലകുനിച്ച് നടന്നത്. ഹദ്റത്ത് ഉമർ അയാളുടെ താടിക്ക് ഒരു ചെറിയ കുത്തുകൊടുത്തുകൊണ്ട് പറഞ്ഞു: 'ഇസ്‌ലാമിന്റെ വിജയങ്ങളുടെ കാലഘട്ടമാണിത്. എന്നിട്ടും താങ്കൾ കഴുത്ത് താഴോട്ടാക്കി നടന്നുകൊണ്ടിരിക്കുന്നു.' അതായത് ഇസ്‌ലാമിന് വിജയങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. തലകുനിച്ച് നടക്കുകയാണോ വേണ്ടത്. ഇത് ശരിയായ രീതിയല്ല. അല്ലാഹു ഇപ്പോൾ ഇസ്‌ലാമിന് ഭരണാധികാരം നല്കിയിരിക്കുകയാണ്. ലോകം എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ. ഇസ്‌ലാമിനാണ് ആത്യന്തിക വിജയമെന്ന് നീ വിശ്വസിക്കുന്ന സംഗതിയല്ലേ? അങ്ങനെ ഇസ്‌ലാമിന് വിജയമുണ്ടാകുമെന്നുറപ്പുള്ളപ്പോൾ എന്തിനാണ് കരയുന്നത്?' *(ഖാദിയാൻ സെഹമാരീ ഹിജ്റത്ത് ഏക് ആസ്മാനീ തഖ്ദീർ ആയിരുന്നു, അൻവാറുൽഉലൂം വാള്യം 21, പേജ് 379)*

നിസ്സാരകാര്യങ്ങൾക്ക് കരയേണ്ട കാര്യമൊന്നുമില്ല. അല്ലെങ്കിൽ എവിടെയെങ്കിലും മുസ്‌ലിമീങ്ങൾക്ക് എന്തെങ്കിലും പ്രയാസങ്ങൾ നേരിടേണ്ടിവന്നാലും കരയേണ്ടതില്ല. വിഷമിക്കേണ്ടതില്ല. ഇക്കാര്യം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഖാദിയാനിൽനിന്നുള്ള ഹിജ്റത്തിനുശേഷം ഇതു സംബന്ധമായി പറഞ്ഞതാണ്. അവിടന്ന് പറഞ്ഞു: 'ഒരു വിശ്വാസി തനിക്കെന്താണ് നഷ്ടപ്പെട്ടതെന്ന് നോക്കരുത്. എന്തെങ്കിലും സംഭവിക്കുകയോ നാശനഷ്ടങ്ങളുണ്ടാകുകയോ ചെയ്താലും എന്തു നഷ്ടമാണുണ്ടായതെന്ന് നോക്കുകയല്ല പ്രത്യുത ആർക്കുവേണ്ടിയാണ് ആ നഷ്ടം ഏറ്റുവാങ്ങിയതെന്നാണ് നോക്കേണ്ടത്. അല്ലാഹുവിനുവേണ്ടിയും ഇസ്‌ലാമിന്റെ പുരോഗതിക്കുവേണ്ടിയും എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ അല്ലെങ്കിൽ വല്ലതും കൈമോശം വന്നാൽ അല്ലാഹു അതിനു മികച്ച പ്രതിഫലം നല്കുന്നതായിരിക്കും. താല്ക്കാലികമായുണ്ടാകുന്ന നഷ്ടങ്ങളോർത്ത് പരിഭവപ്പെടേണ്ട കാര്യമില്ല.

ഇതുപോലെ ഹദ്റത്ത് ഉമറിന്റെ പ്രസിദ്ധമായൊരു സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുണ്ട്. അതുകാരണം ഹദ്റത്ത് ഉമറിന് നഷ്ടവും സഹിക്കേണ്ടിവന്നു. എന്നാൽ, അദ്ദേഹം ആ നഷ്ടം തീരെ ഗൗനിക്കുകയുണ്ടായില്ല. ഇസ്‌ലാം ലോകത്തിനുമുമ്പിൽ കാഴ്ച വെക്കാനാഗ്രഹിക്കുന്ന സമത്വം അദ്ദേഹം സ്ഥാപിച്ചു കാണിച്ചു. ആ സംഭവം ഇതായിരുന്നു: ജബല ബിൻ ഐഹം വളരെ വലിയൊരു ക്രൈസ്തവ ഗോത്രത്തിന്റെ നേതാവായിരുന്നു. സിറിയയിൽ മുസ്‌ലിമീങ്ങൾ ആക്രമണം നടത്താൻ തുടങ്ങിയപ്പോൾ ഇയാൾ തന്റെ മുഴുവൻ ഗോത്രത്തോടൊപ്പം മുസ്‌ലിമായി. എന്നിട്ട് ഹജ്ജിന് പുറപ്പെട്ടു. അവിടയൊരു സ്ഥലത്ത് വലിയ ജനക്കൂട്ടമായിരുന്നു. അബദ്ധവശാൽ ഒരു മുസ്‌ലിമിന്റെ കാല് അയാളുടെ കാലിൽ തട്ടിപ്പോയി. ചില നിവേദനങ്ങളിൽ അയാളുടെ ജുബ്ബയുടെ അഗ്രഭാഗത്താണ് ആ മുസ്‌ലിം ചവിട്ടിപ്പോയതെന്ന് വന്നിട്ടുണ്ട്. അയാളാണെങ്കിൽ തന്നെ സ്വയം ഒരു രാജാവായി കണക്കാക്കുകയും തന്റെ ഗോത്രത്തിലെ 60000 പേർ തന്റെ ആശ്രിതവത്സലരാണെന്ന് ധരിക്കുകയും ചെയ്തിരുന്നയാളാണ്. എന്നല്ല ചില ചരിത്രഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാകുന്നത് അയാളുടെ സൈന്യംമാത്രം അറുപതിനായിരം പേരടങ്ങുന്നതായിരുന്നവെന്നാണ്. എന്തായാലും ഒരു സാധാരണക്കാരനായ മുസ്ലിമിന്റെ കാല് അയാളുടെ കാലിൽ തട്ടിപോയപ്പോൾ അയാൾ കോപാകുലനായി അയാളുടെ മുഖത്ത് ആഞ്ഞടിച്ചു. അയാൾ പറഞ്ഞു, 'നീ എന്നെ അവഹേളിക്കുകയാണോ? ഞാൻ ആരാണെന്ന് നിനക്കറിയില്ലേ? നീ മര്യാദകാണിച്ച് പിറകോട്ടു മാറണമായിരുന്നു. എന്നാൽ, ധിക്കാരപൂർവം നീ എന്റെ കാലിൽ ചവിട്ടിയിരിക്കുന്നു.' ആ മുസ്‌ലിം മർദനമേറ്റുവാങ്ങി നിശബ്ദനായെങ്കിലും അവിടെയുണ്ടായിരുന്ന മറ്റൊരു മുസ്‌ലിം ഇപ്രകാരം പറഞ്ഞു: 'നിനക്കറിയില്ലേ? നീ പ്രവേശിച്ചിരിക്കുന്ന മതം ഇസ്‌ലാമാണെന്ന്! ഇസ്‌ലാമിൽ ചെറിയവനെന്നോ വലിയവനെന്നോ ഉള്ള ഒരു വേർതിരുവമില്ല. പ്രത്യേകിച്ച് ഈ ഭവനത്തിൽ.' അതായത് കഅ്ബ മന്ദിരത്തിൽ പ്രദക്ഷിണം വെക്കുമ്പോൾ ധനികനെന്നോ ദരിദ്രനെന്നോ ഉള്ള ഒരു വ്യത്യാസവും കല്പിക്കപ്പെടുകയില്ല. അയാൾ പറഞ്ഞു: 'എനിക്കതൊന്നും നോക്കേണ്ട കാര്യമില്ല.' അപ്പോൾ ആ മുസ്‌ലിം പറഞ്ഞു: 'ഉമറിനോടു നിന്നെക്കുറിച്ച് പരാതിപ്പെട്ടാൽ ഒരു മുസ്‌ലിമിനോടു ചെയ്തതിന് നിന്നോടു പ്രതികാരം ചെയ്യപ്പെടുന്നതാണ്.' ജബല ബിൻ ഐഹം അതുകേട്ട് കോപംകൊണ്ട് ജ്വലിച്ചു. എന്നിട്ടു ചോദിച്ചു: 'ജബല ബിൻ ഐഹംമിന്റെ മുഖത്തടിക്കാൻ മാത്രം പോന്ന ആരെങ്കിലുമുണ്ടോ?'അയാൾ പറഞ്ഞു: 'മറ്റുളളവരെക്കുറിച്ച് എനിക്കറിയില്ല. എന്നാൽ, ഉമർ അത്തരം വ്യക്തി തന്നെയാണ്.' അതു കേട്ടതും അയാൾ വേഗം ത്വവാഫ് പൂർത്തിയാക്കി ഹദ്റത്ത് ഉമറിന്റെ സവിധത്തിൽ ഹാജരായി. എന്നിട്ട് ചോദിച്ചു: 'ഒരു വലിയവൻ ഒരു ചെറിയവന്റെ മുഖത്തടിച്ചാൽ താങ്കളെന്താണ് ചെയ്യാറുള്ളത്?' ഹദ്റത്ത് ഉമർ പറഞ്ഞു: 'ആ ചെറിയവനെക്കൊണ്ട് തിരിച്ച് അയാളുടെ കരണത്തടിപ്പിക്കുകയാണ് ചെയ്യുക.' അയാൾ പറഞ്ഞു: 'താങ്കൾക്ക് ഞാൻ പറഞ്ഞത് മനസ്സിലായിട്ടില്ല. ഞാൻ ചോദിക്കുന്നത് ഒരു വലിയ പ്രമാണിയാണ് മുഖത്തടിക്കുന്നതെങ്കിൽ താങ്കൾ എന്താണ് ചെയ്യാറുള്ളത് എന്നാണ്.' അദ്ദേഹം പറഞ്ഞു: 'ഇസ്‌ലാമിൽ വലിയവനെന്നോ ചെറിയവനെന്നോ ഉള്ള വേർതിരിവൊന്നുമില്ല.' എന്നിട്ട് അദ്ദേഹം ചോദിച്ചു: 'ജബലാ! നിങ്ങൾത്തന്നെ അത്തരമൊരു തെറ്റു ചെയ്തിരിക്കുകയാണോ?' അപ്പോൾ അയാൾ ഇങ്ങനെ കളവു പറഞ്ഞു: 'ഞാൻ ആരേയും കരണത്തടിച്ചിട്ടില്ല. ഞാനൊരു കാര്യം ചോദിച്ചെന്ന് മാത്രമേയുള്ളു.' അയാൾ ആ സദസ്സ് വിട്ടുപോയി. എന്നിട്ട് തന്റെ ആൾക്കാരോടൊപ്പം സ്വന്തം രാജ്യത്തേക്ക് ഓടിരക്ഷപ്പെട്ടു. മുസ്‌ലിമീങ്ങൾക്കെതിരെ റോമാക്കാരോടൊപ്പം യുദ്ധത്തിലും പങ്കെടുത്തു. എന്നാൽ, ഹദ്റത്ത് ഉമർ അയാൾക്ക് ഒരു പരിഗണനയും നല്കിയില്ല. ഇസ്‌ലാമിക ഭരണം സ്ഥാപിച്ചു കാണിച്ച സമത്വമാണിത്. ഇന്നുള്ള ഇസ്‌ലാമിക ഭരണകൂടങ്ങൾക്കും ഇതിൽ പാഠമുണ്ട്.

ഇൻശാഅല്ലാഹ് ഈ വിവരണം ഇനിയും തുടരുന്നതാണ്. ഇപ്പോൾ ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്.

ആദ്യത്തെ അനുസ്മരണം അബ്ദുൽ വഹീദ് വഡാഇച്ച് സാഹിബിന്റേതാണ്. അദ്ദേഹം ജർമനിയിലെ വാൾഡ്ഷട്ട്(Waldshut) ജമാഅത്തിന്റെ സ്വദ്റായിരുന്നു. അതുപോലെ തന്നെ മുൻ നാഷണൽ തർബിയ്യത്ത് സെക്രട്ടറി, മുൻ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സ്വിറ്റ്സർലാൻഡുമായിരുന്നു. ഇദ്ദേഹം എവറസ്റ്റു കൊടുമുടി വിജയകരമായി കീഴടക്കുകയും അവിടെ അഹ്മദിയ്യാ പതാക പറത്തുകയും ചെയ്തശേഷം താഴേക്കിറങ്ങുമ്പോൾ അസുഖം ബാധിച്ച കാരണത്താൽ നാല്പത്തിയൊന്നാം വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* സന്തപ്ത കുടുംബത്തിൽ ഭാര്യയും മൂന്നു ആൺകുട്ടികളും രണ്ടു പെൺകുട്ടികളും മാതാപിതാക്കളും ഒരു സഹോദരനും രണ്ടു സഹോദരിമാരുമാണുമുള്ളത്.

അമീർ സാഹിബ് സ്വിറ്റ്സർലാന്റ് താരീഖുൽമുദ്ദസ്സിർ സാഹിബ് എഴുതുന്നു: അബ്ദുൽവഹീദ് വഡാഇച്ച് സാഹിബ് തുടക്കം മുതൽ വഫാത്തുവരെ ജമാഅത്തിലെ ഒരു സജീവാംഗമായിരുന്നു. ജമാഅത്തംഗം, ജമാഅത്ത് ഭാരവാഹി എന്നീ രണ്ടു നിലയ്ക്കും ഇദ്ദേഹം ഒരു മാതൃകായോഗ്യനായ അഹ്മദിയായിരുന്നു. വളരെ ആത്മാർഥനായ അഹ്മദിയായിരുന്നു. ഇദ്ദേഹം എപ്പോഴും ജമാഅത്ത് സേവനങ്ങൾ വളരെ വിനയത്തോടെ അനുഷ്ഠിച്ചിരുന്നു. ഇദ്ദേഹത്തിലൊരിക്കലും അഹങ്കാരംമുണ്ടായിരുന്നില്ല. മാനവ സേവനത്തെ കുറിച്ച് ഇദ്ദേഹം വെറും പറയുക മാത്രമല്ല ചെയ്തിരുന്നത് പ്രത്യുത അതിനുള്ള പ്രവർത്തന മാതൃക സ്വയം കാണിക്കുകയും ചെയ്തിരുന്നു. IAAAE യുടെ വിവിധ പ്രൊജക്റ്റുകൾക്ക് കീഴിൽ ഇദ്ദേഹം ആഫ്രിക്കയിലും പോയിട്ടുണ്ട്. അവിടെ ഇദ്ദേഹം മാനസേവ നടത്തി. ഇദ്ദേഹത്തെ കണ്ട് പ്രഭാവിതരായ ഒരുപാടു യുവാക്കൾ ആഫ്രിക്കയിലേക്ക് പ്രവർത്തനത്തിന് പോയിട്ടുണ്ട്. സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ആയ ശേഷം ഇദ്ദേഹം യുവാക്കളുടെ തഅ്ലീം തർബിയ്യത്ത് കാര്യങ്ങൾക്കായുള്ള പുതിയ പുതിയ അവസരങ്ങൾ കണ്ടെത്തുമായിരുന്നു. അതുപോലെ യുവാക്കളെ യൂറോപ്യൻ ചിന്താഗതിയായ ലൗകികാസക്തിയിൽനിന്ന് രക്ഷപ്പെടുത്താനും ശ്രമിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ധനത്യാഗങ്ങളും മാതൃകാപരമായിരുന്നു.

ഇദ്ദേഹത്തിന്റെ മകൻ ത്വൽഹാ വഡാഇച്ച് ഇപ്പോൾ ജാമിഅ അഹ്മദിയ്യ ജർമനിയിലെ വിദ്യാർഥിയാണ്. അമീർ സാഹിബ് തുടർന്നെഴുതുന്നു: ഇദ്ദേഹം മക്കളുടെ തർബിയ്യത്തും നല്ല നിലയിൽ നടത്തുകയുണ്ടായി. അതിന്റെ ഫലമാണ് ഇദ്ദേഹത്തിന്റെ മകൻ ജാമിആയിൽ പഠിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ അല്ലാഹുവിനോടുള്ള കടമകളും അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റിയ മാതൃകായോഗ്യനായ ഒരു അഹ്മദിയായിരുന്നു അബ്ദുൽവഹീദ് വഡാഇച്ച് സാഹിബ്. അനഹ്മദി സുഹൃത്തുക്കളും ഇദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ചിട്ടുണ്ട്. മിസ്റ്റർ സ്റ്റീഫൻ ലോർഡ് എഴുതുന്നു: വഹീദ് വഡാഇച്ച് സാഹിബിനോടൊപ്പം ഒരുപാടുവർഷം സ്വിസ്കൊ കമ്പിനിയിൽ ജോലി ചെയ്തിട്ടുണ്ട്. അത് സ്വിറ്റസർലാന്റിലെ ഏറ്റവും വലിയ ടെലികമ്മ്യൂണിക്കേഷൻ കമ്പിനിയാണ്. ഏകദേശം ഒരു വർഷം ഇദ്ദേഹത്തിന്റെ തന്നെ ടീമിൽ ഞാൻ ജോലി ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന് തൊഴിൽമേഖലയിലുണ്ടായ കഴിവു മാത്രംകൊണ്ടല്ല ഞാൻ ഇദ്ദേഹത്തെ പ്രശംസിക്കുന്നത്. പ്രത്യുത പ്രത്യേകമായ നിലയിലുള്ള ഇദ്ദേഹത്തിന്റെ പ്രവർത്തനരീതികൾ കാരണമാണ് ഞാൻ അപ്രകാരം ചെയ്യുന്നത്. വഹീദ് വഡാഇച്ച് സാഹിബ് എപ്പോഴും സൽപ്രകൃതത്തോടെയായിരുന്നു പെരുമാറിയിരുന്നത്. അന്യരെ സഹായിക്കുന്ന വ്യക്തിയും സത്യസന്ധനും വിശ്വസ്തനുമായ ആളുമായിരുന്നു. ജോലിക്കു പുറമെയുള്ള കാര്യങ്ങളും ഇദ്ദേഹത്തിനോടു സംസാരിക്കുന്നത് എനിക്ക് വളരെ ഇഷ്ടമായിരുന്നു.

മുറബ്ബി സാഹിബെഴുതുന്നു: ഇദ്ദേഹം വളരെ ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങൾക്കു ഉടമയായിരു ന്നു. ഖിലാഫത്തിനോടു വളരെ അനുരക്തിയായിരുന്നു. സ്ഥിരമായി ജുമുഅ നമസ്കാരത്തിന് മസ്ജിദിലെത്തുമായിരുന്നു. മറ്റു നമസ്കാരങ്ങളും കഴിവിന്റെ പരമാവധി മസ്ജിദിലെത്തി നമസ്കരിക്കാൻ ശ്രമിക്കുമായിരുന്നു. ഇദ്ദേഹം തഹജ്ജുദ് നമസ്കാരം ജീവിതത്തിന്റെ ഒരു ഭാഗമാക്കിയിരുന്നു.

നാഷണൽ സെക്രട്ടറിമാൽ രിള്‌വാൻ സാഹിബ് പറയുന്നു: മൈക്രോസോഫ്റ്റ് കമ്പിനിയുടെ സ്വിറ്റസർലാന്റ് ബ്രാഞ്ചിൽ സോഫ്റ്റുവയർ എഞ്ചിനിയറായി ജോലി ചെയ്തു വരികയായിരുന്നു. ഇദ്ദേഹം എന്നോടു പറഞ്ഞു: മൈക്രോസോഫ്റ്റ് സ്വിറ്റസർലാന്റിലെ ബ്രാഞ്ച് അടച്ചുകൊണ്ട് സിലിക്കൺവാലിയിലേക്ക് മാറുകയാണ്. അവർ എനിക്ക് കൂടെപ്പോകാനുള്ള ഓഫറും തന്നിട്ടുണ്ട്. എല്ലാ സൗകര്യങ്ങളും ലഭിക്കും. ശംബള വർധനയും ഉണ്ടാകും.സ്വിറ്റ്സർലാന്റിൽനിന്ന് നിങ്ങളുടെ വീട്ടുസാധനങ്ങളും മറ്റും ഞങ്ങൾതന്നെ ഷിഫ്റ്റു ചെയ്തു തരും, എന്നൊക്കെ അവർ ഓഫറും ചെയ്തിട്ടുണ്ട്. എന്നാൽ, താനത് നിരസിച്ചുവെന്ന് ഇദ്ദേഹം പിന്നീട് പറയുകയുണ്ടായി. ഇവിടെ എന്നിൽ ജമാഅത്തിന്റെ സേവനങ്ങൾ ചുമത്തപ്പെട്ടിട്ടുണ്ടെന്നാണ് ഇദ്ദേഹം അതിനു കാരണം പറഞ്ഞത്. ഇവിടെ ഇതൊക്കെ ഉപേക്ഷിച്ച് അങ്ങോട്ടുപോകാൻ താൻ താൽപര്യപ്പെടുന്നില്ലെന്ന് പറഞ്ഞു. എന്നിട്ട് കുറച്ചു നാളുകൾക്കുശേഷം ഇദ്ദേഹം എന്നോടു പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെയുള്ള ബ്രാഞ്ചിനെ സ്വിറ്റ്സർലാന്റിലെ വലിയ കമ്പിനിയായ സ്വിസ്കോം വിലയ്ക്കു വാങ്ങിയിരിക്കുന്നു. എന്നിട്ടു പറഞ്ഞു: അവരെന്നെ അങ്ങോട്ടു കൊണ്ടുപോകുകയായിരുന്നു. എന്നാൽ, അല്ലാഹു ഇവിടെത്തന്നെ എനിക്കുവേണ്ടി സംവിധാനം ഒരുക്കിത്തന്നു. സംവിധാനം ഒരുക്കിയെന്നു മാത്രമല്ല ദൈവാനുഗ്രഹത്താൽ എനിക്കിവിടെ ലഭിക്കുന്ന ശംബളം എന്റെ മുൻ ബോസിനു ലഭിക്കുന്നതിലും കൂടുതലാണ്.

നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജ സാഹിദ് സാഹിബ് പറയുന്നു: 26 വർഷമായി എനിക്ക് ഇദ്ദേഹത്തെ അറിയാം. ഖുദ്ദാമുൽ അഹ്മദിയ്യായിൽ ഉള്ളപ്പോൾ മുതലേ ഇദ്ദേഹത്തോടൊപ്പം എനിക്ക് സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. വളരെ മാന്യ ദേഹവും നമസ്കാരാദി കാര്യങ്ങളിൽ കൃത്യനിഷ്ഠനും പ്രാർഥനാശീലനും അധ്വാനശാലിയും ഖിലാഫത്തിനെ അഗാധമായി സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്ന വ്യക്തിയുമായിരുന്നു. വാത്സല്യനിധിയായ സുഹൃത്തും വളരെ ജനസമ്പർക്കമുള്ളയാളുമായിരുന്നു. യുവാവായിരിക്കുമ്പോൾത്തന്നെ മറ്റു യുവാക്കളിൽനിന്ന് വ്യത്യസ്ത പ്രകൃതമുള്ളയാളായിരുന്നു. പരേതനെ ഒരിക്കലും കോപിഷ്ഠനായികണ്ടിട്ടില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ മുഖഭാവത്തിലോ സംസാരശൈലിയിലോ കോപത്തിന്റെ അടയാളംപോലും കണ്ടിട്ടില്ല. ഒരിക്കലും ഉച്ചത്തിലോ കർക്കശമായോ സംസാരിക്കുന്നതും കണ്ടിട്ടില്ല. ഞങ്ങളുടെ ഭാഗത്തുനിന്ന് വല്ല വീഴ്ച വന്നാൽത്തന്നെയും ഞങ്ങളെ ഒറ്റയ്ക്കു വിളിച്ച് സൗമ്യമായി പറഞ്ഞു മനസ്സിലാക്കുമായിരുന്നു. ചെറിയവരോടും മുതിർന്നവരോടും എപ്പോഴും സൽസ്വഭാവത്തോടും പ്രസന്നഭാവത്തോടും ആയിരുന്നു ഇടപഴകിയിരുന്നത്. ചെറുപുഞ്ചിരി മുഖത്ത് എപ്പോഴും കളിയാടുമായിരുന്നു. ജീവനും ധനവും സമയവും അന്തസ്സും ത്യാഗം ചെയ്യാൻ സദാ സന്നദ്ധത കാണിക്കുന്നതിൽ മാതൃകാപുരുഷനായിരുന്നു. സ്വിറ്റ്സർലാന്റിലെ ഒരുപാട് യുവാക്കൾക്ക് വിദ്യഭ്യാസകാര്യത്തിലും ഭാവികാര്യത്തിലും പരേതൻ മാർഗനിർദേശം നല്കി എന്നു മാത്രമല്ല. ഡസൻകണക്കിന് പേർക്ക് ജീവിതമാർഗവും ഇദ്ദേഹം ഒരുക്കികൊടുത്തിട്ടുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ കീഴിൽ അദ്ദേഹം അഹ്മദിയ്യാ ഹൈക്കിംഗ് ക്ലബും സ്ഥാപിച്ചു. അനവധിയാളുകൾക്ക് ഇദ്ദേഹം ഹൈക്കിംഗ് പരിചയപ്പെടുത്തി. അസാധാരണമായ നിശ്ചയദാർഢ്യമുള്ള വ്യക്തിയായിരുന്നു. ഇദ്ദേഹം പറയുന്നു, ഞാനൊരിക്കൽ അദ്ദേഹത്തോടു ചോദിച്ചു, താങ്കൾക്ക് ഹൈക്കിംഗ് ചെയ്യുമ്പോൾ ഭയമുണ്ടാകാറില്ലേ? പറഞ്ഞു: ഭയമുണ്ടാകാറുണ്ട്. എന്റെ കുടുംബത്തിനും അതിഷ്ടമല്ല. എന്നാൽ, ഞാനതിന് ഒരു പോംവഴി കണ്ടത്തി. ഞാൻ കാലത്തിന്റെ ഖലീഫയെ മുലാഖാത്ത് ചെയ്തു.' (ഹദൂർ പറയുന്നു) എന്നെ ഇദ്ദേഹം വന്നു കാണുകയുണ്ടായി. 'ഇദ്ദേഹം ഹുദൂറിന്റെ മുമ്പിൽ സമർപിക്കാനും അനുമതിക്കുമായി ഒരു പദ്ധതി തയ്യാറാക്കി. എനിക്ക് അംഗീകാരം ലഭിച്ചാൽ ഏഴു വൻകരകളിലുമുള്ള ഏറ്റവും ഉയർന്ന കൊടുമുടി കീഴടക്കുകയും അവിടെ അഹ്മദിയ്യ പതാക പറപ്പിക്കുകയും ചെയ്യണമെന്നായിരുന്നു ഉദ്ദേശ്യം. അദ്ദേഹം പറഞ്ഞിരുന്നത് ഞാനത് സമ്മതിക്കാതിരിക്കുമോ എന്ന് ഭയമുണ്ടായിരുന്നുവെന്നാണ്. ഞാൻ പറഞ്ഞു, പതാക സ്ഥാപിച്ചുകൊള്ളുക. പോകാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യുക. അപ്പോൾ പറഞ്ഞു: ഇനി ഇൻശാഅല്ലാഹ് ഞാൻ അങ്ങനെതന്നെ ചെയ്യുന്നതാണ്. അതിനുശേഷം ആയുസ്സു പിന്നെ തിരിഞ്ഞു നോക്കിയില്ല. തന്റെ മഹത്തായലക്ഷ്യം കരസ്ഥമാക്കുന്നതിനും അദ്ദേഹം കിണഞ്ഞു പരിശ്രമിച്ചു. ഓരോന്നായി കൊടുമുടികൾ കീഴടക്കിക്കൊണ്ടിരുന്ന പരേതന് ലോകത്തിലെ ഏറ്റവും വലിയകൊടുമുടിയായ മൗണ്ട് എവറസ്റ്റിലും അഹ്മദിയ്യ പതാക പറത്താനുള്ള സൗഭാഗ്യം ലഭിച്ചു. തുടർന്നെഴുതുന്നു:മർഹൂമിന്റെ മരണത്തെ ഈ വിനീതന് ശഹാദത്ത് എന്ന് വിളക്കാമോ എന്ന് അറിയില്ല. എന്നാൽ, ശഹാദത്ത് വരിക്കാനാഗ്രഹിക്കുന്ന സൽപ്രകൃതമുള്ള വിശ്വാസിയുടെ ഈമാനികാവേശം പരേതനിൽ ഉള്ളതായി ഞാൻ നിരീക്ഷച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ സദുദ്ദേശ്യത്തോടും സൽവികാരത്തോടും ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും എല്ലാത്തിലുമുപരി അല്ലാഹുവിന്റെ തൗഹീദിന്റേയും സന്ദേശമെത്തിക്കാനാണ് പരേതൻ ശ്രമിച്ചത്. അതിൽ സാഫല്യം കൈവരിക്കുകയും ചെയ്തു. ആ ലക്ഷ്യത്തിനായുള്ള യാത്രയിലാണ് ദൈവസന്നിധാനം പുൽകയിതും. ഇദ്ദേഹം തീർച്ചയായും ശഹാദത്തിന്റെ പദിവി കരസ്ഥമാക്കികാണും. അല്ലാഹു ഇദ്ദേഹത്തിന് ശഹാദത്തിന്റെ പദവി ന്‌ലകുമാറാകട്ടെ എന്നും ശുഹാദാക്കളിൽ പ്രവേശിപ്പിക്കുമാറാകട്ടെ എന്നും ദുആ ചെയ്യുകയാണ്.

ഇദ്ദേഹത്തിന്റെ ആദരണീയ പിതാവ് ഖാദിം ഹുസയ്ൻ സാഹിബ് വഡാഇച്ച് സാഹിബ് എഴുതുന്നു: ഞങ്ങളുടെ മകൻ മുന്നോട്ടു ഗമിക്കുകയും ഒന്നു കഴിഞ്ഞ് അടുത്ത എന്ന നിലയിൽ കൊടുമുടി താണ്ടുകയും ചെയ്യുകയും പിന്തിരിഞ്ഞുനോക്കാതിരിക്കുകയും ചെയ്യുന്നത് ഞങ്ങൾ കാണുന്നുണ്ടായിരുന്നു. എന്റെ സുഹൃത്തുക്കൾ എന്നോടു

താങ്കളെന്തുകൊണ്ട് അവനെ തടയുന്നില്ലെന്ന് ചോദിക്കുമായിരുന്നു. ഇത് വളരെ അപകടകരമായ വിനോദമാണ്. ഞാൻ അവർക്കു മറുപടി നല്കുമായിരുന്നു, ഞാൻ തടഞ്ഞാൽ അവൻ അതിൽനിന്ന് പിന്തിരിയുകയില്ലെന്ന് അവരോടു പറയുമായിരുന്നു. കാരണം ലോകത്തിന്റെ എല്ലാ ഉയരങ്ങളിലും ജമാഅത്തിന്റെ വെന്നിക്കൊടി ഉയർത്തണമെന്ന അതിയായ അഭിവാഞ്ച അവനിലുണ്ട്. അല്ലാഹുവിന്റെ തൗഹീദിന്റെ സന്ദേശമെത്തിക്കണമെന്ന ആഗ്രഹമാണ് അവനുള്ളത്.

ഒരു സഹോദരൻ എഴുതുന്നു: ഞാനൊരിക്കൽ സ്വദ്ർ സാഹിബിനോടു ചോദിച്ചു, താങ്കൾ പർവ്വതമുകളിൽ കയറുമ്പോൾ സ്വയം മോട്ടിവേറ്റാകാനായി(motivate) ഫോണിൽ എന്താണ് കേൾക്കാറുള്ളത്? സ്വദ്ർ സാഹിബ് എന്നോടു പറഞ്ഞു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൽ ഡൗൺലോഡു (download) ചെയ്ത് വെച്ചിട്ടുണ്ട്. യാത്രയിൽ അവയാണ് കേൾക്കാറുള്ളത്. അതുപോലെ തന്നെ പറയുന്നു, ഞാനൊരിക്കൽ സ്വദ്ർ സാഹിബിനോടു ചോദിച്ചു, ഇത്രയും ഉയരത്തിലും ശൈത്യത്തിലും താങ്കളെങ്ങനെയാണ് നമസ്കരിക്കുന്നത്? അപ്പോൾ അദ്ദേഹം പറഞ്ഞു: മുറബ്ബി സാഹിബേ! ഞാൻ മലനിരകളിൽ ആരാധന നടത്തുന്നത് വളരെ ആസ്വദിക്കാറുണ്ട്. എനിക്ക് എപ്പോഴും തോന്നാറുള്ള കാര്യം അല്ലാഹുവിന്റെ പ്രവാചകന്മാരും മലമുകളിൽച്ചെന്ന് ഏകാന്തതയിലും ലോകത്തിന്റെ ബഹളങ്ങളിൽനിന്ന് മുക്തിനേടിയിട്ട് ആരാധനകൾ നടത്തിയിരുന്നെന്നാണ്. ഇദ്ദേഹം പറയുന്നു: അബ്ദുൽ വഹീദ് വഡാഇച്ച് സാഹിബ് എനിക്കൊരിക്കിൽ ഒരു യാത്രയിൽ നടന്ന സംഭവം കേൾപ്പിക്കുകയുണ്ടായി. അദ്ദേഹം നോർത്ത് അലാസ്കയിലുള്ള ഡിനാലി(Denali) പർവ്വതത്തിൽ കയറുകയായിരുന്നു. ലോകത്തിൽവച്ച് ഏറ്റവും ശൈത്യമേറിയ പർവ്വതമാണത്. ആ യാത്രയിൽ അദ്ദേഹത്തിന്റെ ശഹാദത്ത് വിരൽ(ചൂണ്ടുവിരൽ) മരവിച്ചുപോയി. ഫ്രീസായിപ്പോയി. അദ്ദേഹം ഡോക്ടറിനു ആ മുറിവ് കാണിച്ചുകൊടുത്തു. അതിൽ വ്രണമുണ്ടായി. ഡോക്ർ പറഞ്ഞു: ഇതു പൂർണമായും മരവിച്ചിരിക്കുന്നു. ഇതിപ്പോൾ ശരീരത്തിന്റെ ഭാഗമല്ലാതായിരിക്കുകയാണ്. അതുകൊണ്ട് നമുക്കിത് പെട്ടെന്നുതന്നെ മുറിച്ചുമാറ്റേണ്ടിവരും. ഇത് നിർജീവമായിക്കഴിഞ്ഞു. അദ്ദേഹം പറഞ്ഞു: ഇത് ശഹാദത്ത് വിരലാണ്. നമസ്കാരത്തിൽ അല്ലാഹുവിന്റെ ഏകത്വത്തിന് ഇതുകൊണ്ടാണ് ഞങ്ങൾ സാക്ഷ്യം വഹിക്കാറുള്ളത്. അതിനാൽ ഈ വിരൽ ഞാനൊരിക്കലും മുറിക്കുകയില്ല. അതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹമുണ്ടായി. ദുആകൾ കാരണമായി ആ വിരൽ പൂർണമായും സുഖം പ്രാപിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ പിന്തുടരാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആളുകൾ പറഞ്ഞ അദ്ദേഹത്തിന്റെ സവിശേഷതകൾ ഞാനും അദ്ദേഹത്തിൽ കണ്ടിട്ടുണ്ട്. അവ അദ്ദേഹത്തിൽ അതിലുമുപരിയായ നിലയിലുണ്ടായിരുന്നു. ഖിലാഫത്തിന്റെ എല്ലാ കല്പനകൾക്കും ലബ്ബൈക് പറയുന്ന വ്യക്തിയായിരുന്നു, വെറും വാക്ക് പറയുന്ന വ്യക്തിയായിരുന്നില്ല. വിശ്വസ്തതയിലും ആത്മാർഥതയിലും മുന്നിട്ട വ്യക്തിയും കൂടുതൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന ആളുമായിരുന്നു. ചിലർ മരിക്കുമ്പോൾ ഒരു വിള്ളലുണ്ടാകാറുണ്ട്. അക്കൂട്ടത്തിലായിരുന്നു അദ്ദേഹവും. എന്തായാലും ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ ദീനിന്റേയും അവന്റെ തൗഹീദിന്റേയും പതാക എല്ലാ ഉയരങ്ങളിലും പാറിപ്പറത്തുക അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. അതിൽ അദ്ദേഹം വിജയിച്ചു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും കാരുണ്യവും നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം ഡോക്ടർ അബ്ദുൽമാലിക് ശമീം സാഹിബിന്റെ ഭാര്യ അമത്തുന്നൂർ സാഹിബയുടേതാണ്. അവർ സാഹിബ്സാദി അമത്തുർറശീദ് ബീഗം സാഹിബയുടേയും മിയാൻ അബ്ദുർറഹീം സാഹിബിന്റേയും മകളായിരുന്നു. ജൂൺ 15 ന് വാഷിംഗ്ടണ്ണിലാണ് വഫാത്തായത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ദൈവാനുഗ്രഹത്താൽ ഇവർ മൂസ്വിയായിരുന്നു. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രദൗഹിത്രിയും ഉമ്മയുടെ ഭാഗത്തുനിന്നുള്ള ഹദ്റത്ത് ഖലീഫത്തുൽഅവ്വലിന്റെ പ്രദൗഹിത്രിയുമായിരുന്നു. അതുപോലെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റേയും സയ്യിദ അമത്തുൽഹയ്യ് സാഹിബയുടേയും ദൗഹിത്രിയും മീസിഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് പ്രൊഫസർ അലി അഹ്മദ് ബീഹാരി സാഹിബിന്റെ പൗത്രിയുമായിരുന്നു. ഞാൻ പറഞ്ഞതുപോലെ അവരുടെ വിവാഹം ഡോക്ടർ അബ്ദുൽമാലിക് ശമീം സാഹിബുമായി നടന്നു. ഇദ്ദേഹം മൗലവി അബ്ദുൽ ബാഖി സാഹിബിന്റെ മകനായിരുന്നു. അല്ലാഹു അവർക്ക് രണ്ടു പെൺകുട്ടികളെ പ്രദാനം ചെയ്തു. അവരുടെ നിക്കാഹ് ഖുത്ബയിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്) ഖുർആനിക വചനങ്ങൾ ഓതിയ ശേഷം നിക്കാഹ് വേളയിൽ പാരായണം ചെയ്യുന്ന ഈ ഖുർആനിക വചനത്തിൽ ഒരു കാര്യം കർമസംസ്കരണത്തിന് 'ചൊവ്വായവാക്ക്' (ഖൗലൻസ്വദീദിൻ) പറയേണ്ടത് നിർബന്ധമാണെന്നും പറഞ്ഞിരിക്കുന്നു. അത് ഓതിയശേഷം പറഞ്ഞു: കർമസംസ്കരണത്തിന് നേരെ ചൊവ്വേയുള്ള വാക്കുകൾ അനിവാര്യമാണ്. ദുഷ്കർമങ്ങളുടെ ഫലമായാണ് മിക്കപ്പോഴും കഷ്ടപ്പാടുകളും ദുരിതങ്ങളും ഉണ്ടാകുന്നത്. പര്സപര ബന്ധത്തെ കുറിച്ച് പറയുകയാണെങ്കിൽ ദുഷ്കർമങ്ങൾക്കു കാരണം ചൊവ്വായ വാക്കുകളുടെ അഭാവമാണ്. നേരെചൊവ്വെ ഒരു വിശ്വാസിക്ക് ചേരുന്ന നിലയിൽ കാര്യങ്ങൾ പറയുകയാണെങ്കിൽ തെറ്റു ധാരണകൾക്ക് സാധ്യത ഉണ്ടാകുകയില്ല. അതുപോലെ ഒരു തരത്തിലുള്ള അസ്വാരസ്യങ്ങൾക്കും പ്രയാസങ്ങൾക്കുമുള്ള വകയുമുണ്ടാകുകയില്ല. അല്ലാഹു നമുക്കേവർക്കും സ്വാലിഹായ കർമങ്ങൾ ചെയ്യാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ എല്ലാവരുടേയും കർമങ്ങൾ സംസ്കരിച്ചെടുക്കാനുള്ള ഉപാധികൾ സൃഷ്ടിക്കുമാറാകട്ടെ. നമുക്കൊരു വ്യതിരിക്തമായ സവിശേഷതയായി മാറുംവിധം ചൊവ്വായ വാക്കുകൾ പറയുന്ന ശീലമുണ്ടാകുമാറാകട്ടെ. അതോടൊപ്പം വേറേയും അഞ്ചാറു നിക്കാഹുകൾ നടന്നിരുന്നു. അദ്ദേഹം ഇവരുടെ നിക്കാഹിനെക്കുറിച്ച് പറഞ്ഞു:ഇതിൽ ഒരു നിക്കാഹ് പ്രിയത്തിന്റേയും ബന്ധുത്വത്തിന്റേയും കാരണമായി ഒരു മകളുടേതാണ്. അവൾ മിയാൻ അബ്ദുർറഹീം സാഹിബിന്റേയും എന്റെ ഇളയസഹോദരി അമത്തുർറശീദ് ബീഗമിന്റേയും മകളാണ്. അവളുടെ നിക്കാഹ് മൗലവി അബ്ദുൽബാഖി സാഹിബിന്റെ മകൻ ഡോക്ടർ അബ്ദുൽമാലിക് ശമീം സാഹിബുമായാണ് നടക്കുന്നത്. അതിനുശേഷം അദ്ദേഹം പറഞ്ഞു: അല്ലാഹു ഈ ബന്ധത്തേയും ബാക്കിയുള്ള അഞ്ചു വിവാഹബന്ധത്തേയും തന്റെ കാരുണ്യത്താൽ സന്തോഷഭരിതമാക്കുമാറാകട്ടെ എന്ന് ദുആ ചെയ്യുന്നു. തുടർന്നു പറഞ്ഞു: എല്ലാ ജോഡികളും അഹ്മദിയ്യത്തിനും ഇസ്‌ലാമിനും നന്മ വരുത്താൻവേണ്ടിയാണ് പരിശ്രമിക്കേണ്ടത്. അഹ്മദിയ്യത്തിന് ഇസ്‌ലാമിന്റെ സർവാധിപത്യം ആത്യന്തികമായി കരസ്ഥമാക്കാൻ ഒരു സുദീർഘകാലം കഠിനാധ്വാനത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്. അതിന് ഓരോരോ തലമുറയും ശരിയായ തർബിയ്യത്ത് നേടുകയും സന്മനസ്സാരാകുകയും ചെയ്യേണ്ടത് അത്യാന്താപേക്ഷിതമാണ്. അല്ലാഹുവിന്റെ കാരുണ്യം നമ്മോടൊപ്പമില്ലെങ്കിൽ എല്ലാ മാനുഷിക പ്രയത്നങ്ങളും വ്യർഥവും പാഴായതും വിഫലവുമാണ്. അതുകൊണ്ട് നാം ദുആ ചെയ്യുന്നത് ജമാഅത്തിൽ ഇപ്പോൾ നടക്കുന്ന ബന്ധങ്ങളും വരാനിരിക്കുന്ന ഓരോ ബന്ധങ്ങളും മുഖേന ദൈവകൃപയാൽ ഇസ്‌ലാമിന് സുദൃഢതയും പ്രബലതയും ലഭിക്കുമാറാകട്ടെ എന്നാണ്.

സാഹിബ് സാദീ അമത്തുന്നൂർ സാഹിബയ്ക്ക് ജമാഅത്തിന്റെ സേവനങ്ങളും ചെയ്യാൻ സാധിച്ചു. നാഷണൽ സെക്രട്ടറി തർബിയ്യത്ത് അമേരിക്ക, നാഷണൽ നാഇബ് സ്വദ്ർ അമേരിക്ക, തദ്ദേശ സ്വദ്ർ ലജ്ന വാഷിംഗ്ടൺ, അതുപോലെ വിവിധ കമ്മിറ്റികളിൽ അംഗവുമായിരുന്നു. അവരുടെ മൂത്തമകൾ അമത്തുൽമുജീബ് പറയുന്നു: ദീനിനെ ദുൻയാവിനെക്കാൾ എപ്പോഴും മുന്തിച്ചിരുന്നു. ജനങ്ങളോടു പരമമായ അനുകമ്പയായിരുന്നു. ആരെയെങ്കിലും സഹായിക്കുകയാണെങ്കിൽ അത് സാധാരണയിൽ കവിഞ്ഞായിരിക്കും. ആരാധനാകർമങ്ങളിൽ വളരെ ശ്രദ്ധാലുവായിരുന്നു. അഞ്ചുനേര നമസ്കാരങ്ങൾക്കു പുറമെ രാത്രി ഞാൻ ഉണരുമ്പോഴെല്ലാം ദിവസവും തഹജ്ജുദ് നമസ്കരിക്കുന്നത് എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. പറയുന്നു: അവരുടെ ഭർത്താവ് ഒരു അപകടത്തിൽ മരണപ്പെട്ടിരുന്നു. മകൾ പറയുന്നു: ഞങ്ങളുടെ പിതാവിന്റെ മരണശേഷം മാതാവ് 20 വർഷം

(ശേഷം പേജ് 11 ൽ)

## ഹദീഥുന്നബ്‌വി(സ):

**"'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'"**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

## അല്ലാഹുവിന്റെ കലാം:

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 64)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

## 2019 സെപ്റ്റംബർ 30 (തിങ്കളാഴ്ച) (തുടർച്ച)

### മസ്ജിദിന്റെ ഉൽഘാടന അവസരത്തിൽ ഒരു പ്രത്യേക പരിപാടി

മസ്ജിദിന്റെ ഉൽഘാടന അവസരത്തിൽ ഒരു പ്രത്യേക പരിപാടി മസ്ജിദിന്റെ വെളിയിൽ ഏർപാടു ചെയ്തിരുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ പന്തലുകളിട്ടിരുന്നു.

'ഇന്നത്തെ ഈ പിരിപാടി വളരെ പ്രാധാന്യം അർഹിക്കുന്നതായിരുന്നു. ഇന്നേക്ക് 64 വർഷം മുമ്പേ 1955-ലാണ് ഹോളണ്ടിന്റെ മണ്ണിൽ, Den Haag-ൽ ജമാഅത്തിന്റെ ആദ്യത്തെ മസ്ജിദ് 'മസ്ജിദ് മുബാറക്' നിർമിക്കപ്പെട്ടത്. ഇന്ന് 64 വർഷത്തിനുശേഷം അൽമെറെ നഗരത്തിൽ അഹ്മദിയ്യാ ജമാഅത്ത് ഹോളണ്ടിന്റെ രണ്ടാമത്തെ മസ്ജിദ് ഔദ്യോഗികമായി നിർമിച്ചിരിക്കുന്നു. അതിന്റെ ഉൽഘാടനം നടന്നുകൊണ്ടിരിക്കുകയാണ്.

ഹുദൂർഅൻവർ വരുന്നതിനുമുമ്പേ പന്തലിൽ എല്ലാ അതിഥികളും അവരവരുടെ ഇരിപ്പിടങ്ങളിലിരുന്നു കഴിഞ്ഞിരുന്നു. ഈ പരിപാടിയിൽ പങ്കെടുത്തത് എൺപത്തിയഞ്ചിനടുത്ത് അതിഥികളാണ്. ഇവരിൽ അൽമെയറിലെ ഡപ്യൂട്ടി മേയറും വിവധ സ്ഥലങ്ങളിലെ കൗൺസിലർമാരും ഭരണകാര്യാലയങ്ങളിലെ പ്രതിനിധികളും പോലീസിലേയും സെക്യൂരിറ്റികളിലേയും പ്രതിനിധികളും അൽമെറെ ഹിന്ദുകമ്യൂണിറ്റിയിലെ ചെയർമാനും സിഖു കമ്യൂണിറ്റിയുടെ നേതാവും ജൂയിഷ് കമ്യൂണിറ്റിയുടെ പ്രതിനിധിയും ഡോക്ടർമാരും അധ്യാപകരും എഞ്ചിനിയർമാരും വക്കീലുമാരും വ്യാപാരികളും അൽമെറെ ബയ്ത്തുൽ ആഫിയത്ത് മസ്ജിദിന്റെ ആർക്കിടെക്റ്റും ജീവിതത്തിലെ മറ്റു വിവിധ മേഖലകളുമായി ബന്ധം വെക്കുന്നവരും പങ്കെടുത്തിരുന്നു.

പരിപാടിയനുസരിച്ച് 6.10 ന് ഹുദൂർ അയ്യദഹുല്ലാഹ് പന്തലിലെത്തി. വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടികൾ ആരംഭിച്ചു. അത്വാഉൽഖയ്യൂം ആരിഫ് സാഹിബ് തിലാവത്ത് കർമം നിർവഹിച്ചു. അതിന്റെ ഇംഗ്ലീഷ് തർജമയും അവതരിപ്പിച്ചു.

◐ അതിനുശേഷം ഏറ്റവുമാദ്യം അൽമെറെ സിറ്റി കൗൺസിൽ അംഗം ടോൺ വാൻ ഡർ ബെർഗ്(ഗ്രീ ഢമി റല്യ ആല്യഴ)തന്റെ ഹ്രസ്വഭാഷണം സമർപിച്ചു. സോഷ്യലിസ്റ്റു പാർട്ടിയുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു: 'ഏറ്റവുമാദ്യം ഞാൻ സമാധാനത്തിന്റെ ഖലീഫയെ ഹോളണ്ടിലെ ഏറ്റവും ഹൃദയഹാരിയായ നഗരത്തിലേക്ക് സ്വാഗതം ചെയ്യുകയാണ്. തന്റെ പാർട്ടിക്കുവേണ്ടി അദ്ദേഹം രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്നും മറ്റു രാജ്യങ്ങളിൽനിന്നും വന്ന് ഇവിടെ സംഘടിച്ചിരിക്കുന്ന ജമാഅത്തിലെ അംഗങ്ങളേയും സ്വാഗതം ചെയ്തു. ഞാൻ ഇവിടെ സന്നിഹിതരായിരിക്കുന്ന കൂട്ടുകാരായ എന്റെ കൗൺസിലർമാരേയും സ്വാഗതം ചെയ്യുന്നു. അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം രണ്ടാം തവണയാണ് ഇവിടെ വരുന്നത്. ആദ്യം വന്നത് 2015 ലാണ്. അപ്പോഴാണ് അദ്ദേഹം ഈ മസ്ജിദിന് തറക്കല്ലിട്ടത്. ഞാൻ ഹുദൂറിന് ഈ മനോഹമായ കെട്ടിടത്തിന്റെ വർധനയിൽ ആശംസകൾ നേരുന്നു. മുസ്‌ലിം രാജ്യങ്ങളിൽ അഹ്മദികൾ ഒരുപാട് വിപത്തുകളും ബുദ്ധിമുട്ടുകളും സഹിച്ചുവരുന്നുണ്ടെങ്കിലും സമാധാനകാംക്ഷികളും നിയമം പാലിക്കുന്നവരുമായ പൗരന്മാരാണ് അഹ്മദികൾ. നിങ്ങൾ നിങ്ങളുടെ മുദ്രാവാക്യമായ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് മുഖേന അവസാനം ഈ ലോകത്തുനിന്ന് വെറുപ്പും വിദ്വേഷവും വിപാടനം ചെയ്യുന്നവരായിത്തീരുന്നതായിരിക്കും.

ഹുദൂറിന്റെ ആഗമനത്തിൽ ഞാനൊരിക്കൽകൂടി നന്ദി പറയുകയാണ്. അങ്ങയുടെ ഹോളണ്ടിലെ ദിനങ്ങൾ സന്തോഷത്തിൽ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

◐ അതിനുശേഷം അൽമെറെ സിറ്റി കൗൺസിലിലെ ഒരു രാഷ്ട്രീയ പാർട്ടിയായ 'റെസ്പക്റ്റ് അൽമെയർ(Respect Almere) ന്റെ ചെയർമാൻ മിസ്റ്റർ റെനെ ഈക്യൂസ്(Mr.Rene Eekhuis) തന്റെ പ്രസംഗത്തിൽ പറഞ്ഞു: നിങ്ങളെല്ലാവരിലും സമാധാനം ഉണ്ടാകുമാറാകട്ടെ. ഞങ്ങളുടെ രാഷ്ട്രീയ പാർട്ടിയനുസരിച്ച് മതപരമായ സ്വാതന്ത്ര്യം എല്ലാവർക്കുമുള്ളതാണ്. അതിൽ മുസ്‌ലിമീങ്ങളും പെടുന്നു. ഇവിടെ അൽമെറെയിൽ മറ്റൊരു മസ്ജിദും കൂടിയുണ്ട്. അവർ തങ്ങളുടെ കുട്ടികളെ വെറുപ്പും വിദ്വേഷവും പഠിപ്പിക്കുകയാണ്. ഞങ്ങൾ ആ മസ്ജിദ് അടച്ചുപൂട്ടാനാണ് ആഗ്രഹിക്കുന്നത്. കുറച്ചു മാസം മുമ്പേ ഞങ്ങൾക്ക് നിങ്ങളുടെ ഈ മസ്ജിദിൽനിന്ന് ക്ഷണം ലഭിച്ചു. അത് ഞങ്ങൾ സ്വീകരിച്ചു. ഞങ്ങൾ ഞങ്ങളുടെ പാർട്ടി നേതാവ് ഗേർഡ്വിൻ ലാമ്മേഴ്സി(Gerdwin Lammers-)നോടൊപ്പം ഈ മസ്ജിദ് സന്ദർശിച്ചു. ഞങ്ങളുടെ പാർട്ടി ആഗ്രഹിക്കുന്നത് എല്ലാവരേയും ആദരിക്കുക എന്നതാണ്. നിങ്ങളുടെ തദ്ദേശ ഇമാം സഫീർ സിദ്ദീഖി സാഹിബും ഇതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ പാർട്ടിയുടെ നോട്ടത്തിൽ ഇത്തരം കൂടിച്ചേരലുകൾ കൊണ്ട് പരസ്പരം മനസ്സിലാക്കുന്നതിൽ അഭിവൃദ്ധിയുണ്ടാകുന്നതാണ്. നിങ്ങളുടെ ജമാഅത്തിലെ ഇവിടുത്തെ ലോക്കൽ ഇമാം സഫീർ സിദ്ദീഖീ സാഹിബ് എപ്പോഴും ചർച്ചയ്ക്ക് തയ്യാറായി ഇരിക്കുകയാണ്. അതുകൊണ്ട് അൽമെറയിൽ അഹ്മദിയ്യാ ജമാഅത്തിന് സ്വാഗതം. ഞങ്ങളുടെ പാർട്ടിയുടെ നോട്ടത്തിൽ നിങ്ങളുടെ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന മുദ്രാവാക്യം വളരെ നല്ല രീതിയാണ്. ഞങ്ങൾ അൽമെറയിലെ മസ്ജിദ് നിർമാണത്തിൽ നിങ്ങൾക്ക് ആശംസകൾ നേരുന്നു. നിങ്ങൾക്കെല്ലാവർക്കും നന്ദി.

◐ ഇതിനുശേഷം സിക്കു കമ്യൂണിറ്റിയുടെ ഒരു നേതാവ് സർദാർ ഭുപീന്ദർ സിംഗ് (Bhupindar Singh) പ്രസംഗിച്ചു. അതിൽ അദ്ദേഹം പറഞ്ഞു:ഞാൻ ഹോളണ്ടിലുള്ള സിക്കു കമ്യൂണിറ്റക്കുവേണ്ടി ഈ പരിശുദ്ധ ദിനത്തിൽ നിങ്ങൾക്ക് ആശംസകൾ നേരുന്നു. ഞാൻ നിങ്ങളുടെ കേന്ദ്രമായ ഖാദിയാനിലും പോയിട്ടുണ്ട്. അവിടെ എനിക്ക് അങ്ങേയറ്റം ആദരവും ബഹുമാനവും കാണാൻ കഴിഞ്ഞു. പിന്നീട് ഞാൻ ഇവിടേയും അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ പ്രവർത്തിക്കുന്നത് കണ്ടു. ഇക്കൂട്ടർ കഠിനാധ്വാനത്തോടെ പ്രവർത്തിക്കുന്നവരാണ്. ഇവർ വിശുദ്ധ ഖുർആനിന്റെ തർജമകൾ പ്രസിദ്ധീകരിക്കുന്നു. മനുഷ്യ കുലത്തിന് ദൈവത്തിന്റെ സന്ദേശമെത്തിച്ചുകൊണ്ടിരിക്കുന്നു. അതു സമാധാനത്തിനുവേണ്ടിയുള്ള സ്നേഹത്തിന്റേയും ആരേയും വെറുക്കാൻ പാടില്ലാത്തതിന്റേയും എല്ലാ മതങ്ങളേയും എല്ലാ മനുഷ്യരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതിന്റേയും സന്ദേശമാണ് സമർപിക്കുന്നത്. അതുകൊണ്ട് ഞാൻ ഇവിടെ അൽമെറയിലും ഹോളണ്ടിലും നിങ്ങളുടെ ജമാഅത്തിനെ ഹൃദയങ്ഗമമായ നിലയിൽ ആദരിക്കുന്നു. ഞാൻ ഒരിക്കൽക്കൂടി നിങ്ങൾക്ക് ആശംസകൾ നേരുകയാണ്. എന്റെ മനസ്സിൽ ഇംഗ്ലണ്ടിൽനിന്ന് ഇവിടെ എത്തിച്ചേർന്നിട്ടുള്ള ഹദ്റത്ത് സാഹിബിനോടു അങ്ങേയറ്റം ആദരവും ബഹുമാനവുമുണ്ട്. എനിക്കെന്റെ സോഷ്യലിസ്റ്റുപാർട്ടിയുടെ സുഹൃത്തായ മിസ്റ്റർ ബൊമ്മലിനോടും(ബ്ദ. ആീാലഹ) മറ്റു കൗൺസിലർമാരോടുമൊപ്പം രണ്ടു പ്രാവശ്യം കാണാനുള്ള ഭാഗ്യം കിട്ടി. അതിനാൽ ഇന്ന് ഇവിടെ അൽമെറയിലെ മസ്ജിദ് കണ്ട് ഞാൻ വളരെ സന്തോഷവാനാണ്. സിക്കു കമ്യൂണിറ്റിയായ ഞങ്ങൾ അന്താരാഷ്ട്ര മതസൗഹാർദ്ദ ചർച്ചകളിൽ വിശ്വസിക്കുന്നവരാണ്. ഞങ്ങൾ ആംസ്റ്റർഡമിൽ ഞങ്ങളുടെ പരിപാടികളിൽ നിങ്ങളുടെ ജമാഅത്തിനെ ക്ഷണിച്ചിരുന്നു. അദ്ദേഹം ഞങ്ങൾക്ക് ഞങ്ങളറിയാത്ത ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു. നിങ്ങളും ഏക ദൈവത്തിൽ വിശ്വസിക്കുന്നവരാണെന്ന് ഞങ്ങൾക്കു മനസ്സിലായി. അവൻ യഥാർഥ സ്രഷ്ടാവാണ്. പരിശുദ്ധമായ മറ്റു വസ്തുക്കൾ അവനെക്കൂടാതെ ഒന്നുമില്ല. എല്ലാവർക്കും ഒരുപോലെയുള്ള സ്നേഹമാണുള്ളത്. അതുകൊണ്ട് സിക്കു കമ്യൂണിറ്റിയുടെ മനസ്സിൽ നിങ്ങളെല്ലാവരോടും വളരെയധികം ആദരവാണുള്ളത്. നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽകൂടി ആശംസകൾ നേരുന്നു.

◐ അതിനുശേഷം ഹോളണ്ട് അമീർ സാഹിബ് പ്രസംഗിച്ചു. അതിൽ അദ്ദേഹം മസ്ജിദിന്റെ വിവരങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞു: ഈ അവസരത്തിൽ ഞാൻ ആർക്കിടെക്റ്റായ മിസ്റ്റർ ഫർഹാനേയും(Mr.Farhan) കൺസ്ട്രക്റ്റർ(constructor)ആയിരുന്ന മിസ്റ്റർ വോഗ്ലിജ് (Mr. Vogelij)നേയും എടുത്തു പറയാനാഗ്രഹിക്കുകയാണ്. അവർക്കു പുറമെ ഐ എ എ എ ഇ(IAAAE) യുടെ ടീം. ലോക്കൽ ജമാഅത്തിന്റെ സ്വദ്ർ ഹനീഫ് ഹെൻഡ്രിക് സാഹിബിനേയും(Hanif Hendrick Sahib) അദ്ദേഹത്തിന്റെ ടീമിനേയും സ്മരിക്കാനാഗ്രഹിക്കുന്നു. അവർ കഠിനാധ്വാനത്തോടെ ജോലി ചെയ്തു. ഇതിനുപുറമെ ബെൽജിയമിലേയും ജർമനിയിലേയും ചില സുഹൃത്തുക്കളേയും സ്മരിക്കുകയാണ്. അവർ മസ്ജിദ് നിർമാണത്തിൽ പങ്കെടുത്തു. ഇപ്രകാരംതന്നെ ഫണ്ടുകൾ സമാഹരിക്കുന്നതിനുള്ള കമ്മിറ്റിയേയും സെൻട്രൽ മസ്ജിദ് കമ്മിറ്റിയേയും സ്മരിക്കുകയാണ്. അതുപോലെ തന്നെ കഴിഞ്ഞ കുറെ വർഷങ്ങളായി ഈ മസ്ജിദിനുവേണ്ടി അഹോരാത്രം പങ്കെടുത്ത പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും സ്മരിക്കുകയാണ്. ഇവരെയെല്ലാം ഓർക്കേണ്ടതും അവരോടു നന്ദികാണിക്കേണ്ടതും നിർബന്ധമാണ്.

അമീർ സ്ഹിബ് പറഞ്ഞു: ഈ മസ്ജിദിന്റെ പ്രൊജക്റ്റിൽ സന്നദ്ധ സേവകർ 6500 മണിക്കൂർ ഒരു ഫലവും കാംക്ഷിക്കാതെ ജോലി ചെയ്തു. അവരുടെ എണ്ണം വളരെ അധികമാണ്. ഞാൻ ഇവർക്കെല്ലാം വേണ്ടി ദുആ ചെയ്യണമെന്ന് ഹുദൂറിനോടു അപേക്ഷിക്കുകയാണ്.(ബദ്ർ ഉർദു, 2019 നവംബർ 28-ഡിസംബർ 5)

### 2019 ഒക്ടോബർ 1 ചൊവ്വാഴ്ച

### മസ്ജിദിന്റെ ഉൽഘാടന അവസരത്തിൽ ഒരു പ്രത്യേകപരിപാടി

◐ അതിനുശേഷം ഡച്ചു രാഷ്ട്രീയ നേതാവ് ജേഴ്സി സോട്ടക്കോ (Jerzy Soetekouw)വും - ഇദ്ദേഹത്തിന്റെ ബന്ധം ലേബർ പാർട്ടി (PVDA)യുമായാണ്- 2018 മുതൽ Alderman എന്ന നിലയിൽ ജോലി ചെയ്തു വരുന്നു. ഇതിനു പുറമെ അൽമെറയിലെ ഡപ്യൂട്ടി മേയറും പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു: ഇന്ന് ഇവിടെ എന്റെ വരവ് ബഹുമതിക്കു നിമിത്തമാണ്. ഈ മസ്ജിദിന്റെ ഉൽഘാടനാവസരത്തിൽ നിങ്ങളെല്ലാവരും വന്നതിൽ നിങ്ങൾക്കു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. നിങ്ങളിൽ മിക്കവർക്കും അറിയാം ഈ കസബ വെറും 42 വർഷം പുരാതനമാണ്. ഇപ്രകാരം ഇത് ഹോളണ്ടിലെ ഏറ്റവും പുതിയ നഗരമാണ്. നിങ്ങളൊരു പുതിയ ഭൂമിയിലാണ് നില്ക്കുന്നത്. ഈ കസബയിലെ ജനസംഖ്യ പൂജ്യത്തിൽനിന്ന് ആരംഭിച്ച് രണ്ടുലക്ഷത്തി പത്തായിരംവരെ എത്തിയിരിക്കുന്നു. ലോകം മുഴുവനുമുള്ളവരും വിവിധമതങ്ങളുമായി ബന്ധം വെക്കുന്നവരും അൽമെറയിൽവന്ന് താമസിക്കാൻ തുടങ്ങി. അതിനാൽ ഇന്ന് നമ്മൾ 140 രാജ്യങ്ങളുമായി ബന്ധമുള്ള119 വംശങ്ങളുടെ ഐക്യത്തെയാണ് ആഘോഷിക്കുന്നത്. ജനങ്ങൾ വിവിധതരക്കാരാകുന്നതിലും ഒരു പ്രത്യേക ശക്തിയുണ്ട്. നമുക്ക് ഒന്നിച്ചണിനിരന്ന് പരസ്പരം ആകർഷിക്കാൻ കഴിയും. ഒരു കൂട്ടർക്ക് മറ്റെ കൂട്ടരിൽനിന്ന് പുതിയ പുതിയ കാര്യങ്ങൾ പഠിക്കാൻ കഴിയും. ഈ മസ്ജിദും അതിന്റെ ഉദ്ദേശ്യവും 'അതായത് എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഞങ്ങൾ ഇന്ന് ഒരു പുതിയ ജമാഅത്തിനെ ഈ നഗരത്തിൽ സ്വാഗതം ചെയ്യുകയാണ്.

ഡപ്യൂട്ടി മേയറും അൽഡർമാൻ എന്ന നിലയിലും ഞാൻ ഈ വിവിധ സംസ്കാരങ്ങളിലധിഷ്ഠിതമായ സമൂഹങ്ങളെ പ്രകീർത്തിക്കുകയാണ്. അതേ,

നിങ്ങൾ ഈ ഭൂരിഭാഗം സംസ്കാരങ്ങളെ യഥാർഥത്തിൽ ആഘോഷിക്കാനാഗ്രഹിക്കുന്നെങ്കിൽ അതിന് നമ്മളുടേതായ രണ്ടു ഉത്തരവാദിത്വമുണ്ട്. ഒന്ന് അൽമെറെ നഗരത്തിലെ ഓരോ നഗരവാസിയുടേയും അടിത്തറ ഒരേയൊരു കാര്യത്തിലധിഷ്ഠിതമായിരിക്കേണ്ടതാണ്. അൽമെറയിൽ നിങ്ങൾക്ക് പൂർണസ്വാതന്ത്ര്യമുണ്ട്. നിങ്ങൾക്ക് ഏതു കാര്യത്തിലും വിശ്വസിക്കാം. നിങ്ങളുടെ ഇഷ്ടത്തിന് ജീവിക്കാം. അതുകൊണ്ട് എല്ലാ നഗരവാസികളും ചെയ്യേണ്ടത് പരസ്പരം ബന്ധപ്പെട്ടു കഴിയുക എന്നതാണ്. ഈ സ്ഥലം വിവിധ ജനങ്ങളെക്കൊണ്ട് നിറയുന്നതുകണ്ട് പുതിയബന്ധങ്ങൾ ഉണ്ടാകാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നുവെന്ന് അനുമാനിക്കാൻ കഴിയുന്നു. ഇതു വളരെ ശക്തമായ കാര്യമാണ്.

രണ്ടാമത്തെ കാര്യം ഓരോ മനുഷ്യന്റേയും മൗലികാവകാശങ്ങളെ ആദരിക്കുകയും എല്ലാ ഓരോരുത്തരും ഈ നഗരത്തിൽ തങ്ങളെ സുരക്ഷിതരായി മനസ്സിലാക്കുകയും ചെയ്യുക എന്നതാണ്. ഇവിടെ പോലീസുമുണ്ട്. ഞാൻ ഇവിടെ അസിസ്റ്റന്റ് മേയർ എന്ന നിലയിൽ വന്നിരിക്കുകയുമാണ്. അതുകൊണ്ട് നിങ്ങളുടെ ഏതുമതവും വിശ്വാസവും ആയിക്കൊളളട്ടെ നിങ്ങൾക്ക് ഈ നഗരത്തിലെ ഭരണാധികാരകളെ വിശ്വസിക്കാവുന്നതാണ്.

മൂന്നാമത്തെ കാര്യം ഞങ്ങൾ നിങ്ങളുടെ ജമാഅത്തിൽനിന്ന് വളരെയധികം പഠിക്കാനാഗ്രഹിക്കുകയാണ്. കാരണം ഞാൻ മുമ്പേയും പറഞ്ഞതുപോലെ നമ്മളെല്ലാവരും ഈ നഗരത്തിൽ പുതിയവരാണ്. നമ്മളെല്ലാവരും ചേർന്ന് ഒരു കമ്മ്യൂണിറ്റിക്ക് ജന്മം നല്കുകയാണ്. നമ്മുടേത് ഒരു അപൂർവമായ സ്ഥാനമാണ്. കാരണം മുഴുവൻ യൂറോപ്പിലും നമ്മുടെ നഗരം മാത്രമാണ് ഒരേയൊരു വംശമായി ഇതുവരെ വന്നിട്ടുള്ളത്. ഈ നഗരത്തിന്റെ ചരിത്രം വളരെ ഹ്രസ്വമാണ്. അതുകൊണ്ട് ഞങ്ങൾ എല്ലാദിവസവും ഈ നഗരത്തിന്റെ ചരിത്രം രചിക്കുകയാണ്. മസ്ജിദിന്റെ ഉൽഘാടനവും അതിന്റെ ഭാഗമാണ്. ഞാനും ഈ നഗരത്തിലെ മറ്റുള്ളവരും നിങ്ങളുടെ ജമാഅത്തിൽനിന്ന് ഒരുപാട് പഠിക്കാമെന്ന് പ്രതീക്ഷിക്കുകയാണ്. ഞാനിക്കാര്യം ഡപ്യൂട്ടി മേയർ എന്ന നിലയിലല്ല പ്രത്യുത ഈ നഗരത്തിന്റെ ഒരു താമസക്കാരനെന്ന നിലയിലാണ് പറയുന്നത്.

ഡപ്യൂട്ടി മേയർ തന്റെ പ്രസംഗത്തിന്റെ അവസാനം പറഞ്ഞു, അല്ലാഹു നിങ്ങളെല്ലാവരുടേയും മേൽ അനുഗ്രഹം ചെയ്യുമാറാകട്ടെ. അതുകൊണ്ടു വരിക! നമ്മളെല്ലാവരും കൂടിച്ചേർന്ന് ഈ മഹത്തായ നഗരത്തിൽ ഈ മസ്ജിദിന്റെ ഉൽഘാടനത്തെ ആഘോഷിക്കാം. നിങ്ങൾക്കെല്ലവർക്കും നന്ദി. ഇവിടെ ഈ മസ്ജിദിന്റെ ഉൽഘാടനാവസരത്തിൽ പങ്കെടുക്കുക എന്നത് എനിക്ക് വളരെ വലിയ ബഹുമതിയാണ്. നിങ്ങൾക്കെല്ലവർക്കും ഒരിക്കൽക്കൂടി നന്ദി.

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് 6.40 ന് ഇംഗ്ലീഷിൽ പ്രസംഗിച്ചു. അതിന്റെ തർജമ സമർപ്പിക്കുകയാണ്.

**ഹുദൂർ അൻവർ അയ്യദഹുല്ലായുടെ പ്രസംഗം**

തശഹ്ഹുദും തഅവ്വുദിനും ശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ആദരണീയരായ അതിഥികളേ! നിങ്ങളെല്ലാവരുടേയുംമേൽ അല്ലാഹുവിന്റെ സമാധാനം ഉണ്ടാകുമാറാകട്ടെ. അനുഗ്രഹങ്ങൾ ഇറങ്ങുമാറാകട്ടെ. ഏറ്റവുമാദ്യം ഞാൻ നിങ്ങൾക്കെല്ലാവർക്കും ഇവിടെ അൽമെറയിൽ മസ്ജിദിന്റെ ഉൽഘാടന പരിപാടിയിൽ പങ്കെടുക്കാനുള്ള ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് വന്നതിന് നന്ദി പറഞ്ഞുകൊള്ളുന്നു. ഇക്കാലത്ത് പാശ്ചാത്യലോകത്ത് താമസിക്കുന്ന ധാരാളമാളുകൾ ഇസ്ലാമിനേയും മുസ്ലിമീങ്ങളേയും കുറിച്ച് സംശയങ്ങളും സന്ദേഹങ്ങളും വെച്ചു പുലർത്തുന്നവരാണ്. ധാരാളമാളുകൾ ഇസ്ലാമിനേയും അതിനെ വിശ്വസിക്കുന്നവരേയും ഭയക്കുന്നുവെന്നതിലും അതിൽ അതിശയോക്തിയൊന്നുമില്ല. നിങ്ങൾ ഞങ്ങളുടെ ക്ഷണം സ്വീകരിച്ചതും ഇവിടെ വന്നതും പ്രകടിപ്പിക്കുന്നത് നിങ്ങൾ വിശാലമനസ്കരാണെന്നാണ്. വിവിധ കമ്മ്യൂണിറ്റികളുമായും പല വിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവരുമായും സൗഹൃദപരമായ ബന്ധങ്ങൾ സ്ഥാപിക്കാൻ ആഗ്രഹമുളളവരാണെന്നാണ്.

ഇതിലൂടെ നിങ്ങളുടെ സർവമതസമത്വത്തിന്റെ ആഗ്രഹപ്രകടനമാണ് വെളിപ്പെടുന്നത്. നിങ്ങൾ മാനുഷികമൂല്യങ്ങളുടെ പ്രാധാന്യം അറിയുന്നവരാണെന്ന് മനസ്സിലകുന്നു. ഞാൻ ഹൃദയംഗമമായി നിങ്ങൾക്ക് നന്ദി പറഞ്ഞുകൊള്ളുന്നു. ഞാൻ നിങ്ങൾക്ക് ഉറപ്പ് തരാനാഗ്രഹിക്കുകയാണ്, ഞങ്ങളുടെ മതം ഞങ്ങളെ പഠിപ്പിക്കുന്നത് മതം ഓരോ മനുഷ്യന്റേയും സ്വന്തം മനസ്സിന്റെ കാര്യമാണെന്നും അതു ഒരു ബലാൽക്കാരവും കൂടാതെ അവന് സ്വീകരിക്കാവുന്നതാണെന്നുമാണ്.

ഇതുസംബന്ധമായി മതംവിശ്വസിക്കുന്ന കാര്യത്തിൽ ഒരുവിധ ബലാൽക്കാരവും പാടില്ലെന്ന് വിശുദ്ധ ഖുർആൻ വ്യക്തമായ നിലയിൽ പറയുന്നു. മസ്ജിദിന്റെ ഉൽഘാടനം മതപരമായൊരു പ്രോഗ്രാമാണ്. അഹ്മദി മുസ്ലിമീങ്ങളായ ഞങ്ങൾ ഞങ്ങളുടെ മസ്ജിദുമായി വികാരപരമായ ബന്ധം പുലർത്തുന്നവരാണെന്നതിൽ നിങ്ങൾക്ക് ആശ്ചര്യപ്പെടാൻ ഒന്നുമില്ല. അതുകൊണ്ട് മസ്ജിദിന്റെ ഉൽഘാടനം ഞങ്ങൾക്ക് വളരെ വികാരപരവും സന്തോഷത്തിന്റെ അവസരവുമാണ്. ഞങ്ങൾക്ക് ഈ നഗരത്തിൽ അല്ലാഹു പറഞ്ഞ രീതിയനുസരിച്ച് അവനെ ആരാധിക്കുന്നതിനുവേണ്ടി ഒരു സ്ഥലം ലഭിച്ചു. എന്നല്ല ഈ പരിപാടിയിൽ പങ്കെടുക്കുന്ന നിങ്ങളെല്ലാവരും, നിങ്ങൾക്കാണെങ്കിൽ ഇതുമായി വല്ല താൽപര്യമോ ബന്ധമോ ഒന്നുമില്ലതാനും എന്നിട്ടും ഈ പരിപാടിയിൽ പങ്കെടുക്കുന്നു. ഇതിൽനിന്ന് വ്യക്തമാകുന്നത് നിങ്ങൾ സ്നേഹിക്കുന്നവരും വിശാല ഹൃദയത്തിന്റെ ഉടമസ്ഥരും സഹിക്കുന്നവരുമാണെന്നാണ്. ഇതിൽനിന്ന് മസ്ജിദ് നിർമിക്കുന്നതിന്റെ ഉദ്ദേശ്യങ്ങളും കാരണങ്ങളും എന്താണെന്ന് നിങ്ങളറിയാൻ ആഗ്രഹിക്കുന്നുവെന്ന സംഗതിയും പ്രകടമാണ്. ഞാനിതിനും നിങ്ങൾക്ക് നന്ദി പറയുകയാണ്. കരണം മറ്റുമതങ്ങളെ കുറിച്ചുള്ള അറിവ് കരസ്ഥമാക്കലും നമുക്കിടയിൽ വിഭാഗീയത ഉണ്ടാക്കുന്ന ഭിന്നിപ്പിന്റെ ചുവരുകളെ തകർക്കാനുള്ള പ്രധാനപ്പെട്ട കാൽവയ്പാണ്. അനാവശ്യമായി അസ്വസ്ഥതകളും അനിശ്ചിതത്വവും തീർക്കുന്ന കെട്ടുകഥകൾ നീങ്ങികിട്ടാനും ഇതുപകരിക്കുന്നതാണ്.

എനിക്കും ഓരോ സമാധാനകാംക്ഷിക്കും ദുഃഖമുണ്ടാക്കുന്ന കാര്യമാണ്, ഒരു അമുസ്ലിം ദേശത്ത് ഇസ്ലാമിനെ സംബന്ധിച്ച് ഭയം നിലനില്ക്കുക എന്നത്. മുസ്ലിമീങ്ങളും മസ്ജിദുകളും സമൂഹത്തിന്റെ സമാധാനത്തിന് ഭീഷണിയാണെന്ന് ധാരാളമാളുകൾ മനസ്സിലാക്കി വെച്ചിരിക്കുന്നു. എന്നാലോ യാഥാർഥ്യം ഇതിന് തികച്ചും ഘടകവിരുദ്ധമാണ്. തദ്ദേശ വാസികളിൽ ഇതുസംബന്ധമായി എന്തെങ്കിലും ഭയം നിലനില്ക്കുന്നുണ്ടെങ്കിൽ ഞാനിപ്പോൾ മസ്ജിദ് നിർമിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് വിവരിക്കാം. ഇതുമുഖേന വളരെ നല്ല രീതിയിൽ മസ്ജിദിന്റെ പ്രാധാന്യം നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ഏകദൈവത്തെ ആരാധിക്കുക എന്നതാണ് മസ്ജിദ് നിർമാണത്തിന്റെ അടിസ്ഥാന ലക്ഷ്യം. ദൈവത്തിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാനാണ് മസ്ജിദിൽ ആളുകൾ ഒരുമിച്ചു കൂടുന്നത്. മസ്ജിദിന്റെ നിർമാണത്തിന്റെ രണ്ടാമത്തെ സുപ്രധാന ലക്ഷ്യം മുസ്ലിമീങ്ങൾ ഒരുമിച്ചുകൂടി തങ്ങളുടെ ബന്ധങ്ങളിൽ അഭിവൃദ്ധിപ്പെടുക എന്നതാണ്. സാമൂഹിക ഐക്യം പ്രോത്സാഹിപ്പിക്കുക എന്നതാണ്. മസ്ജിദിന്റെ നിർമാണത്തിന്റെ മൂന്നാമത്തെ സുപ്രധാന ലക്ഷ്യം അമുസ്ലിം സഹോദരങ്ങൾക്ക് ഇസ്ലാമികാധ്യാപനങ്ങൾ പറഞ്ഞുകൊടുക്കുക എന്നതാണ്. വിശാല സമൂഹത്തിന്റെ അവകാശങ്ങളുടെ നിർവഹണം സാധ്യമാക്കുക. ഒരുവിധ വർഗ വർണ വിവേചനവും കൂടാതെ സ്വന്തം അയൽവാസികളുടേയും സമൂഹത്തിന്റേയും അവകാശങ്ങൾ മുസ്ലിമീങ്ങൾ സംഘടിച്ച് പൂർത്തീകരിക്കുക.

ദൈവം തന്റെ സൃഷ്ടികളോടുള്ള കടമകൾ നിർവഹിച്ചു വരുന്ന സ്ഥാനത്ത് സമാധാനവും മനുഷ്യകുലത്തോടുള്ള അനുകമ്പയും ഏതെങ്കിലും മസ്ജിദ് വ്യാപകമായി ഉണ്ടാക്കുന്നില്ലെങ്കിൽ അത്തരം മസ്ജിദ് അടിസ്ഥാനരഹിതമാണ്. അതിന്റെ ഉദാഹരണം അകംപൊള്ളയായ പുറന്തൊലിയുടേതാണ്. ഇസ്ലാമിക ചരിത്രത്തിൽ ഒന്നു കണ്ണോടിച്ചാൽ ഇസ്ലാമിന്റെ സ്ഥാപകർ മുഹമ്മദു നബി(സ)യുടെ കാലഘട്ടത്തിൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരും സമൂഹത്തിൽ വിഭാഗീയതയുടെ വിത്തു വിതയ്ക്കുന്നവരുമായ ചിലർ ഒരു നാമമാത്ര മസ്ജിദ് നിർമിച്ചിരുന്നതായി കാണാവുന്നതാണ്. മുസ്ലിമീങ്ങൾക്കിടയിൽ വിദ്വേഷത്തിന്റെ അഗ്നി ആളിക്കത്തിക്കുന്നതിനും ഇതരസമൂഹത്തിലും വിശിഷ്യാ യഹൂദ ഗോത്രങ്ങൾക്കിടയിൽ യുദ്ധം വളർത്തുന്നതിനുംവേണ്ടിയാണ് അത് നിർമിക്കപ്പെട്ടത്. അതിന്റെ ഫലമായി ആദരണീയനായ പ്രവാചകനോടു ആ മസ്ജിദ് പൊളിച്ചുകളയാൻ അല്ലാഹു കല്പിച്ചതായി വിശുദ്ധഖുർആനിൽ പരാമർശമുണ്ട്. അതിന്റെ നിർമാണം ദുരുദ്ദേശ്യത്തോടെയായിരുന്നു. അതുകൊണ്ടുതന്നെ ആ മസ്ജിദ് പൊളിക്കപ്പെട്ടു. ഞാൻ സൂചിപ്പിച്ചതുപോലെ ഈ സംഭവത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഈ സംഭവം എക്കാലത്തും മുസ്ലിമീങ്ങൾക്ക് ഒരു ശക്തമായ താക്കീതാണ്. മറ്റുള്ളവരുടെ അവകാശം സംരക്ഷിക്കുന്നതിന് ഒരുമിച്ചു കൂടുന്ന സമാധാനഗേഹമായ മസ്ജിദ് അതിനുവേണ്ടി ഉപയോഗിക്കുന്നതിനു പകരം തീവ്രവാദത്തിനും വിഭാഗീയത ഉണ്ടാക്കുന്നതിനും വർഗീയമായ വിദ്വേഷം പരത്തുന്നതിനും ഉപയോഗിക്കുകയാണെങ്കിൽ ഒരിക്കലും മസ്ജിദിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയില്ലെന്നാണ് അതിൽനിന്ന് വ്യക്തമാകുന്നത്. അത് യഥാർഥ മസ്ജിദെന്ന് വിളിക്കപ്പെടാൻ അർഹതയില്ലാത്തതാണ്. കേവലം ദൈവത്തെ ആരാധിക്കാനും മനുഷ്യകുലത്തിന് നന്മകൾ ചെയ്യാനുമുളള സ്ഥലമാണ് മസ്ജിദ്. ഉറച്ച തീരുമാനത്തോടെ നമസ്കാരം നിർവഹിക്കുന്ന വ്യക്തി മസ്ജിദിൽ പ്രവേശിക്കുമ്പോൾ മാത്രമെ ഒരു മസ്ജിദിന്റെ ലക്ഷ്യം പൂർത്തിയാകുകയുള്ളു. ആരാധനയ്ക്കെത്തുന്നവരുടെ ഉള്ളിൽ നിസ്വാർഥതയും വിനയവും മനുഷ്യകുലത്തോടുള്ള അനുകമ്പയും സ്നേഹവും നിറയുന്നതുവരെ മസ്ജിദിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുകയില്ല.

മറ്റൊരു കാര്യവും ഞാൻ ഇവിടെ വ്യക്തമാക്കാനാഗ്രഹിക്കകയാണ്. ഒരു മസ്ജിദ് കേവലം മതപരവും ആത്മീയവുമായ ആരാധനാലയമാണ്. സമൂഹത്തിന്റെ സമാധാനം കെടുത്തുന്ന എല്ലാത്തരം ഭൗതികകാര്യങ്ങളിൽനിന്നും മറ്റും അത് അകന്നുനില്ക്കേണ്ടത് അനിവാര്യമാണ്. അത്തരം എല്ലാ പണികളും ശക്തമായും അതിൽ നിരോധിച്ചിരിക്കുന്നു. എന്നല്ല, ഇസ്ലാമിന്റെ സ്ഥാപകർ അതിനോടു വെറുപ്പാണ് പ്രകടിപ്പിച്ചിട്ടുളളത്.

ദൈവാരാധനയിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതും ഇസ്ലാമിന്റെ സമ്പൂർണ സന്ദേശത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധക്ഷണിക്കുന്നതും സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതുമായ പരിപാടികൾക്കു മാത്രമെ മസ്ജിദിൽ അനുവാദമുള്ളു. ഒരു ഭാഗത്ത് ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി അഞ്ചുനേരവും ഇവിടെ ഒരുമിച്ചുകൂടുന്ന ഞങ്ങൾ സ്വന്തം ആത്മീയവും സ്വഭാവപരവുമായുള്ള ഉന്നതിക്കുവേണ്ടി യും പരിപാടികൾ നടത്തുന്നതിനോടൊപ്പം മറുഭാഗത്ത് വ്യവസ്ഥാപിതമായി അയൽവാസികൾക്കുവേണ്ടിയും വിശാലമായ സമൂഹത്തിനുവേണ്ടിയും സേവനങ്ങൾ ചെയ്യാൻ സാധിക്കുന്ന പദ്ധതികളെക്കുറിച്ചും കൂടിയാലോചിക്കുന്നു.

പാവപ്പെട്ടവരേയും നിർധനരേയും സഹായിക്കാനുതകുന്ന വിധത്തിലുളള പദ്ധതികൾ ഞങ്ങൾ ആസൂത്രണം ചെയ്യുന്നു. അനാഥരുടെ അവകാശങ്ങൾ പൂർത്തിയാക്കാനും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവർക്കും ദുർബല വിഭാഗങ്ങൾക്കും ഭക്ഷണവും വസ്ത്രവും എത്തിക്കാനുള്ള പദ്ധതികളും ഇവിടെ തയ്യാറാക്കുന്നു. ഈ ശ്രമങ്ങൾ ത്വരിതപ്പെടുത്താൻ ദൈവത്തിന്റെ സഹായത്തോടെ ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന പേരിലുള്ള ഒരു അന്തർദേശീയ സ്ഥാപനം ഞങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വർഷം മുഴുവൻ പ്രാദേശിക തലത്തിൽ മനുഷ്യകാരുണ്യപ്രവർത്തനങ്ങളുടെ വിവിധ പരിപാടികൾ ഞങ്ങൾ സംഘടിപ്പിക്കുന്നു. ഉദാഹരണത്തിന് ആഫ്രിക്കയിൽ ഒരു ഭാഗത്ത് ഞങ്ങൾ ഇസ്ലാമിന്റെ അധ്യാപനങ്ങൾ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുകയും മസ്ജിദ് നിർമിക്കുകയും ചെയ്യുന്നതിനോടൊപ്പം വർഗവർണ വ്യത്യാസമന്യേ തദ്ദേശവാസികൾക്ക് സഹായങ്ങളുമെത്തിക്കുന്നു. ആശുപത്രികളും സ്കൂളുകളും ക്ലിനിക്കുകളും നിർമിക്കുകയും എല്ലാവരേയും അവിടത്തേക്ക് സ്വാഗതം ചെയ്യുകയും

ചെയ്യുന്നു. ആശുപത്രികളിലും സ്കൂളുകളിലും വരുന്നവരിൽ അധികപേരും ഞങ്ങളുടെ ജമാഅത്തുമായി ബന്ധമില്ലാത്തവരാണ്.

മനുഷ്യകുലത്തെ സേവിക്കുക എന്നതു മാത്രം ലക്ഷ്യമാക്കി ഞങ്ങൾ സേവനത്തിന്റെ മറ്റൊരു പ്രൊജക്റ്റും തയ്യാറാക്കിയിട്ടുണ്ട്. ആഫ്രിക്കയിലെ വിദൂര ഗ്രാമങ്ങളിലേക്കും പ്രദേശങ്ങളിലേക്കും കുടിവെള്ളം എത്തിക്കുന്ന പദ്ധതിയാണത്. പ്രദേശവാസികൾക്ക് എളുപ്പത്തിൽ ശുദ്ധമായ കുടിവെള്ളം ലഭിക്കുംവിധം നമ്മുടെ എഞ്ചിനിയർമാർ കുഴൽക്കിണറുകൾ സ്ഥാപിച്ചു വരുന്നു. സ്വന്തം കണ്ണുകൾ കൊണ്ട് കാണുന്നതുവരെ നിങ്ങൾക്ക് ഇതിനെ കുറിച്ച് അനുമാനിക്കാൻപോലും സാധ്യമല്ല. ശുദ്ധജലത്തെ കുറിച്ച് ഒരു വിചാരവുമില്ലാത്ത തദ്ദേശവാസികൾ ആദ്യമായി പൈപ്പിലൂടെ വെള്ളം ഒഴുകുന്നതു കാണുമ്പോൾ സീമാതീതമായ സന്തോഷത്താൽ വികാരാധീനരായിത്തീരുന്നു. പട്ടിണിയുടേയും പരിവട്ടത്തിന്റേയും പരമകാഷ്ഠയിൽ ജന്മമെടുത്ത നിഷ്കളങ്കരായ കുട്ടികൾ വിസ്മയഭരിതരും ആഹ്ലാദചിത്തരും അനിയന്ത്രിതരുമായിത്തീരുന്നു. തലമുറ തലമുറകളായി ദിനേന സ്വന്തം തലയിൽ പാത്രങ്ങളും കുടങ്ങളും പേറി മൈലുകളോളം ദൂരെപ്പോയി വീട്ടാവശ്യത്തിനുള്ള വെള്ളം കുടങ്ങളിൽ കൊണ്ടു വരാൻ ഈ പ്രദേശവാസികൾ നിർബന്ധിതരായിരുന്നു. ഇത്രയധികം കഷ്ടപ്പെട്ട് കൊണ്ടു വരുന്ന ഈ ജലമാകട്ടെ മലിനവും പല രോഗങ്ങൾക്കും കാരണമായിത്തീരുന്നതുമായിരുന്നു. നൈരാശ്യത്താൽ വേട്ടയാടപ്പെട്ടിരിക്കുന്ന അവരുടെ ഈ അവസ്ഥ ശുദ്ധജലം നവംനവമായി കാണുമ്പോൾ ലോകത്തെ സർവ നിധികളും കിട്ടിയിരിക്കുന്നു എന്ന തോന്നൽ ഉളവാക്കുന്നതാണ്.

അല്ലാഹുവിനെ ആരാധിക്കാനും മസ്ജിദുകളോടുള്ള കടമകൾ പൂർത്തിയാക്കണമെന്ന ആഗ്രഹം വെച്ചുപുലർത്തുന്നവർക്ക് മനുഷ്യകുലത്തിനോടുള്ള കടമകൾ നിർവഹിക്കലും അനിവാര്യമാണ്. മുസ്ലിമീങ്ങളുടെ ദൃഷ്ടിയിൽ അല്ലാഹുവിനോടുള്ള കടമയും മനുഷ്യരോടുള്ള കടമയും പരസ്പര പൂരിതമാണ്. ഒരു മുസ്ലിം മറ്റുള്ളവർക്ക് ബുദ്ധിമുട്ടോ പ്രയാസമോ ഉണ്ടാക്കുകയാണെങ്കിൽ, ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ അനുകമ്പ കാണിക്കാതിരിക്കുകയും ചെയ്താൽ ദൈവത്തെ ആരാധിച്ചാലും ശരി അതെല്ലാം നിഷ്ഫലവും വ്യർഥവുമാണ്. അൽമാഊൻ എന്ന വിശുദ്ധ ഖുർആൻ അധ്യായത്തിലെ 3 മുതലൽ 7 വരെയുള്ള ആയത്തുകളിൽ അല്ലാഹു പറയുന്നു: അനാഥരെ വിരട്ടുന്നവരത്രെ അവൻ. അഗതിക്ക് ആഹാരം നല്കാൻ അവൻ പ്രേരിപ്പിക്കുന്നില്ല. അപ്പോൾ തങ്ങളുടെ നമസ്കാരത്തെപ്പറ്റി അശ്രദ്ധരായ നമസ്കാരക്കാർക്കു നാശം. അന്യരെ കാണിക്കാൻവേണ്ടി സൽക്കർമം ചെയ്യുന്നവരത്രെ അവർ. കാരണം, അവർ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നില്ല. അത്തരം വ്യക്തികളുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ല. തന്നെ ആരാധിക്കുകയും എന്നാൽ, ദുരബലരുടേയും നിർധനരുടേയും അവകാശങ്ങൾ നിർവഹിക്കാതിരിക്കുകയും ചെയ്യുന്നവർക്കുമേൽ ദൈവം ശാപം ചൊരിഞ്ഞിരിക്കുന്നു. അവരുടെ ആരാധനയും മസ്ജിദിൽപോകലും വഞ്ചനയും പ്രദർശനപരതയുമല്ലാതെ മറ്റൊന്നുമല്ല. അത്തരം വ്യക്തികളുടെ ആരാധനകൾ വ്യർഥമാണെന്നും ഈ കപടപരമായ പ്രവൃത്തികൾ മുഖേന കേവലം നിന്ദ്യതയിലേക്കും നാശത്തിലേക്കുമായിരിക്കും അവർ നയിക്കപ്പെടുകയെന്നും വിശുദ്ധ ഖുർആൻ ഇവിടെ വിശദമാക്കുന്നു. ചുരുക്കത്തിൽ, ഒരു മസ്ജിദ് നമ്മുടെ ശ്രദ്ധയെ ദൈവത്തിന്റെ ആരാധനയിലേക്ക് ക്ഷണിക്കുന്നതോടൊപ്പം മനുഷ്യകുലത്തിന്റെ അവകാശങ്ങളുടേയും മാനുഷിക സേവനങ്ങളുടേയും പ്രാധാന്യത്തെ കുറിച്ച് വിവരിക്കുകയും ചെയ്യുന്നു. ഒരു യഥാർഥ മസ്ജിദിന്റെ പിന്നിൽ ഇത്തരത്തിലുള്ള അടിസ്ഥാന ലക്ഷ്യങ്ങൾ ഉള്ളപ്പോൾ നിങ്ങൾ ഈ മസ്ജിദിനെ സംബന്ധിച്ച് ഭയപ്പെടേണ്ടുന്നതിന് ഒരു കാരണവും ഉണ്ടാകാൻ പാടില്ല.

ഇസ്ലാം നിരന്തരം അയൽവാസികളെ ശ്രദ്ധിക്കാനും അവരോടുള്ള കടമകൾ നിറവേറ്റാനും ഊന്നിപ്പറഞ്ഞിരിക്കുന്നു. ഉദാഹരണമായി, വിശുദ്ധ ഖുർആനിലെ അന്നിസാഅ് എന്ന അധ്യായത്തിലെ 37 - മാത്തെ വചനത്തിൽ സ്വന്തം മാതാപിതാക്കളോടും സ്വന്തം ബന്ധുക്കളോടും സ്നേഹബഹുമാനത്തോടെ പെരുമാറുന്നതിനോടൊപ്പം സമൂഹത്തിലെ ദുർബലരുടെ ആവശ്യങ്ങൾ നിറവേറ്റണമെന്നും അയൽവാസികളോടുള്ള കടമകൾ നിറവേറ്റണമെന്നും സവിശേഷമായ നിലയിൽ അല്ലാഹു കൽപ്പിക്കുന്നു. തങ്ങളുമായി ബന്ധം പുലർത്തിയാലും ഇല്ലെങ്കിലും സ്വന്തം അയൽവാസികളെ സ്നേഹിക്കാനും സംരക്ഷിക്കാനും ആവശ്യം നേരിടുന്ന സമയത്ത് അവരെ സഹായിക്കാനും അനുനിമിഷം മുസ്ലിമീങ്ങൾ തയ്യാറായിരിക്കണമെന്ന അധ്യാപനം അത് നല്കിയിരിക്കുന്നു.

ഇസ്ലാമിൽ അതിഥികളെ കുറിച്ച് നല്കുന്ന പാഠവും വളരെ വിശാലമാണ്. നിങ്ങളോടൊപ്പം ജോലി ചെയ്യുന്നവരും നിങ്ങൾക്ക് കീഴിലുള്ളവരും സഹയാത്രികരും ഇവരിൽപ്പെടുന്നു. സമീപത്തു താമസിക്കുന്ന വീട്ടുകാർ മാത്രമല്ല ഉൾപ്പെടുന്നത്. ബാക്കി എല്ലാവരും ഇവരിൽപ്പെടുന്നു. നിങ്ങളുടെ വീടിന്റെ ചുറ്റിലുമുള്ള നാൽപതു വീടുകൾവരെ അയൽവാസികളുടെ ഗണത്തിൽപ്പെടുന്നു എന്ന് നബി(സ)തിരുമേനി വ്യക്തമാക്കിയിരിക്കുന്നു. ചുരുക്കത്തിൽ ഈ പട്ടണത്തിൽ താമസിക്കുന്ന എല്ലാവരും ഈ മസ്ജിദിന്റെ അല്ലെങ്കിൽ ഈ മസ്ജിദിൽ ആരാധന നടത്താൻ വരുന്നവരുടെ അയൽ വാസികളാണെന്ന് പറയാവുന്നതാണ്. അയൽവാസി മുസ്ലിമാണെന്നോ അമുസ്ലിമാണെന്നോ എന്ന് നോക്കാതെ അവരെ കുറിച്ച് വിചാരം വെച്ച് പുലർത്താനും അവരോടുള്ള കടമകൾ നിറവേറ്റാനും അവർക്ക് നമ്മൾ ഒരു പ്രശ്നമോ കഷ്ടമോ ഉണ്ടാക്കുന്നവരല്ലെന്ന് ഉറപ്പ് നല്കാനും തയ്യാറാകേണ്ടത് മതപരമായ നമ്മുടെ നിർബന്ധ കർത്തവ്യമാണ്. ഇത് നമ്മുടെ ഭാഗത്തു നിന്നുമുള്ള ഔദാര്യമൊന്നുമല്ല, മറിച്ച് നമ്മുടെ മതപരമായ നിർബന്ധ കടമയാണ്.അയൽവാസികളോടുള്ള കടമകൾ നിർവഹിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് അല്ലാഹു ചെലുത്തിയിരിക്കുന്ന ശക്തി കാരണത്താൽ അതിഥികൾക്ക് ഒരു പക്ഷേ അനന്തരാവകാശം നല്കപ്പെടുമോ എന്നുപോലും തനിക്കു തോന്നിയിരുന്നുവെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു.

ഇപ്പോൾ ഈ മസ്ജിദ് നിർമിക്കപ്പെട്ടിരിക്കുകയാണ്. ഇതുമുഖേന അല്ലാഹുവിനെ ആരാധിക്കുക എന്നുള്ള കടമ നിർവഹിക്കുന്നതിനോടൊപ്പം തദ്ദേശസമൂഹത്തെ സേവിക്കുന്നതിനോടൊപ്പം ക്രിയാത്മകമായ പങ്ക് നിർവഹിക്കാനുള്ള ഉത്തരവാദിത്വവും പലമടങ്ങ് വർധിച്ചിരിക്കുകയാണ്. ഇവിടുത്തെ തദ്ദേശീയരായ അഹ്മദികൾ ഈ പട്ടണവാസികളെ സ്വന്തം അതിഥിയായി മനസ്സിലാക്കുകയും എല്ലാ വിധ ശേഷികളും ഉപയോഗപ്പെടുത്തിക്കൊണ്ട് അവരോടുള്ള കടമകൾ പൂർത്തിയാക്കാൻ ശ്രമിക്കുകയും ചെയ്യും. എപ്പോഴെല്ലാം നമ്മുടെ സഹായത്തിന്റെ ആവശ്യം നേരിടുമോ സാധ്യമാകുന്ന എല്ലാ രൂപത്തിലും നിങ്ങളെ സഹായിക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. തദ്ദേശവാസികളായ അഹ്മദി മുസ്ലിമീങ്ങൾ സ്വന്തം സമൂഹത്തെ കുറിച്ച് തങ്ങളിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വങ്ങളെ വളരെ ശ്രദ്ധയോടെ നിർ വഹിക്കുമെന്ന് എനിക്ക് ദൃഢബോധമുണ്ട്. ഈ പട്ടണത്തിൽ എന്നും തങ്ങളുടേതായ പങ്ക് നിർവഹിക്കാൻ ശ്രമിക്കുമെന്നും സമൂഹത്തെയാകമാനം ശ്രദ്ധിക്കുന്ന കൂറും ഗുണകാംക്ഷയുമുള്ള പൗരനായിരിക്കുമെന്നും എനിക്ക് ഉറപ്പുമുണ്ട്.

എന്നും ഉന്നതമായ സ്വഭാവവൈശിഷ്ട്യങ്ങൾ പ്രകടിപ്പിക്കുവാനും ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനും സമൂഹത്തിന് ആവശ്യമായ സേവനങ്ങൾ നിർവഹിക്കാനും പ്രാദേശിക അഹ്മദി മുസ്ലിമീങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കാൻ സന്ദർഭോചിതം ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. സൂക്ഷ്മതയോടെയും സമർപ്പണ ബോധത്തോടെയും സ്വന്തം അയൽവാസികളുടേയും മറ്റു പ്രാദേശിക വ്യക്തികളുടേയും മനസ്സിൽനിന്ന് ഇസ്ലാമിനെ കുറിച്ചുള്ള ഭയവും തെറ്റായ വീക്ഷണവും നീക്കാൻ നിങ്ങൾ പൂർണ്ണ ശ്രമം നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇൻശാ അല്ലാഹ്

ഈ മസ്ജിദിന്റെ ഉൽഘാടനം ഇവിടെ നടന്നു കഴിഞ്ഞു. നമ്മുടെ ജമാഅത്തും ഇവിടുത്തെ ജനതയും ഇതു കാരണത്താൽ കൂടുതൽ അടുക്കുമെന്നും നമ്മുടെയിടയിലുള്ള ഈ ചങ്ങാത്തം കൂടുതൽ കൂടുതൽ ദൃഢഗാഢമാകുമെന്നും എനിക്ക് ദൃഢ ബോധമുണ്ട്. പ്രത്യക്ഷമായ സ്നേഹാതരവിന്റെ ആത്മാവ് കൂടുതൽ അഭിവൃദ്ധി പ്രാപിക്കുകയും നിങ്ങൾ ഈ മസ്ജിദിനെ സമാധാനത്തിന്റേയും മനുഷ്യ കുലത്തിന്റെ നന്മക്കായുള്ള ഒരു അടയാളമെന്ന നിലയിലും കാണുമെന്നും എനിക്കുറപ്പുണ്ട്. മുസ്ലിമായാലും അമുസ്ലിമായാലും മതപരമായ വൈരുധ്യങ്ങൾ മാറ്റി വെച്ചു സമാധാന സ്ഥാപനത്തിനു വേണ്ടി പ്രവർത്തിക്കൽ മുമ്പേയുള്ളതിനെക്കാളുപരിയായി നമുക്കുമേൽ ഇപ്പോൾ ബാധ്യതയായിരിക്കുന്നു. മനുഷ്യത്വത്തിന്റെ പേരിൽ ഐക്യപ്പെടുക. സ്വന്തം ജനതയുടെ അഭിവൃദ്ധിക്കു വേണ്ടിയും ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും പൂർണ ശ്രമം നടത്തുക. ഇതെല്ലാം ചെയ്യാൻ മനുഷ്യകുലത്തെ അല്ലാഹു പ്രാപ്തമാക്കുകയും അതിനുള്ള വിവേകം അവർക്കു നല്കുകയും ചെയ്യുമാറാകട്ടെ. ആമീൻ

ഈ മസ്ജിദ് എന്നും പ്രകാശം പരത്തുന്നതായിരിക്കട്ടെ എന്നും തന്മൂലം മാനുഷികമായ അനുകമ്പയും സമാധാനവും സ്നേഹവും വിടർന്നു കൊണ്ടിരിക്കട്ടെ എന്നുമാണ് ഒടുവിലത്തെ എന്റെ പ്രാർഥന. ആമീൻ. ഒരിക്കൽകൂടി ഈ അനുഗൃഹീത പരിപാടിയിൽ സംബന്ധിച്ചതിന് നിങ്ങൾക്കേവർക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു. ഹുദൂർ അൻവർ ദുആക്ക് നേതൃത്വം നല്കി. എല്ലാ അതിഥികളും അവരവരുടേതായ രീതിയിൽ അതിൽ പങ്കുചേർന്നു.

തുടർന്ന് എല്ലാ അതിഥികളും ഹുദൂറിനോടൊപ്പം ഭക്ഷണം കഴിച്ചു. ശേഷം ചില അതിഥികൾ ഹുദൂറിന്റെ ഹസ്തദാനം സ്വീകരിച്ചു. കുറച്ച് സമയത്തേക്ക് ഹുദൂർ സ്ത്രീകളുടെ പന്തലിലും പോയി.

8.30 - ന് മസ്ജിദ് ബയ്ത്തുൽ ആഫിയത്തിൽ മഗ്രിബ് - ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. 09.45 - ന് നൺസപീറ്റിലെ ബയ്ത്തുന്നൂർ മസ്ജിദിലേക്ക് ഹുദൂർ മടങ്ങി.

ബദർ
The Weekly BADR Qadian
(Malayalam)
https://www.akhbarbadrqadian.in/

## കലാമുൽ ഇമാം:

**'നബി(സ) തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സൈഥര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## കലാമുൽ ഇമാം:

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

(പേജ് 7 ൽ നിന്ന്)

വിധവയായി ജീവിതം കഴിച്ചു. ആ അവസ്ഥയിലും അവർ അല്ലഹുവിൽ അങ്ങേയറ്റത്തെ തവക്കുലിന്റെ മാതൃക കാണിച്ചു. നന്ദിഭാവം അവരിൽ വളരെ തെളിഞ്ഞു കാണാമായിരുന്നു. അവർ പറയുമായിരുന്നു: അല്ലാഹുവിന്റെ ഔദാര്യങ്ങളും കാരുണ്യങ്ങളും ഒരുപാട് നമുക്കുണ്ടായിട്ടുണ്ട്. എപ്പോഴും അവർ ഇപ്രകാരം പറയുന്നതും ഞാൻ കേട്ടിട്ടുണ്ട്. നിങ്ങൾ നന്ദി കാണിച്ചാൽ താൻ അനുഗ്രഹങ്ങൾ വർധിപ്പിച്ചു നല്കുമെന്നുള്ളത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതുകൊണ്ട് തന്റെ നന്ദിയുള്ള ദാസരാകാൻ അല്ലാഹു പറയുന്നു. എപ്പോഴും ഹൃദയം സന്തോഷഭരിതമാക്കി വെക്കുക. അതിഥി സൽക്കാരം നടത്തുക, ജനങ്ങളോടു നിർവ്യാജമായി സഹതാപം കാണിക്കുക, രക്തബന്ധം ഊട്ടിഉർപ്പിക്കുന്നതിന്റെ സൽഗുണങ്ങൾ വിവരിക്കുക തുടങ്ങിയവ അവരിൽ വളരെയധികം കാണപ്പെട്ടിരുന്നു. പറയുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉദ്ധരണി എന്റെ മാതാവ് ഒരുപാടു തവണ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതായത് രക്തബന്ധം കാണിക്കുക എന്നത്, ആരെങ്കിലും നിങ്ങളോടു രക്തബന്ധം കാണിച്ചാൽ തിരിച്ചും കാണിക്കുകയല്ല അതുകൊണ്ടുദ്ദേശിക്കുന്നത്. ആരെങ്കിലും നിങ്ങളുമായി ബന്ധം വേർപെടുത്തിയാൽ നിങ്ങൾ അങ്ങോട്ടു ചെന്ന് ബന്ധം കാണിക്കുകയാണ്. എന്റെ മാതാവ് എല്ലാ തരത്തിലുള്ള ബന്ധങ്ങളിലും ഈ സവിശേഷത പ്രകടിപ്പിച്ചിരുന്നത് എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. അവർ എല്ലാ ഓരോരുത്തരിലും എന്തെങ്കിലും നന്മ അന്വേഷിക്കുമായിരുന്നു. രക്തബന്ധുക്കളേയും ജമാഅത്തിലുള്ളവരേയും അയൽവാസകികളേയും ശ്രദ്ധിക്കുമായിരുന്നു. മസ്ജിദിൽ പുതുതായി വരുന്ന അതിഥികളെ കുറിച്ചറിഞ്ഞാൽ അന്വേഷിച്ച് കണ്ടെത്തുകയും അവരോടൊപ്പമിരുന്ന് സംസാരിക്കുകയും അവരെ സൽക്കരിക്കുകയും ചെയ്യുമായിരുന്നു. അവർ വളരെ സ്നേഹനിധിയായ സ്ത്രീയാണെന്ന് ഒരുപാടു പേർ അവരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അവരുടെ രണ്ടാമത്തെ മകളെഴുതുന്നു: ജമാഅത്തിലുള്ളവരോടു പ്രത്യേകിച്ച് നവഅഹ്മദികളോടു വളരെ അധികം സ്നേഹബന്ധം പുലർത്തിയിരുന്നു. അതുപോലെ ജനങ്ങൾക്കും അവർ പ്രിയപ്പെട്ടവരായിരുന്നു. എല്ലാ മനുഷ്യരേയും സഹായിക്കണമെന്നാഗ്രഹിച്ചിരുന്നു. ആരെയെങ്കിലും കണ്ടുമുട്ടുകയും അവർക്കെന്തെങ്കിലും ആവശ്യമുണ്ടാകുകയും അത് നിവർത്തിച്ചുകൊടുക്കാൻ സാധിക്കാതെ വരികയും ചെയ്താൽ അവർ ഭയന്നിരുന്നു. അവരുടെ മൂത്ത സഹേദരി അമത്തുന്നൂർ ബസ്വീർ സാഹിബ എഴുതുന്നു: സിസ്റ്റർ ശക്കൂറ ആഫ്രോ അമേരിക്കൻ സ്ത്രീയായിരുന്നു. അവർ ഹജ്ജിനുപോയപ്പോൾ, നൗശിയുടെ വീട് അതായത് അമത്തുന്നൂർ സാഹിബായുടെ വീട് മക്കയിലാണെന്ന് സ്വപ്നം കണ്ടു. വീട്ടിൽ അമത്തുന്നൂർ സാഹിബയെ നൗശി എന്നാണ് വിളിക്കാറ്. സിസ്റ്റർ ശക്കൂറ അവരുടെ അടുത്തുവന്നു. സ്വപ്നത്തെ കുറിച്ചു പറഞ്ഞു. അമത്തുന്നൂർ സാഹിബ് പറയുന്നു. നിങ്ങളെ ഞാൻ സേവിക്കുന്നുണ്ട്. അതുകൊണ്ടുള്ള അർഥം നിങ്ങളെന്റെ അടുത്തുവന്നിരിക്കുന്നുവെന്നാണ്. 18 വർഷം ഇവർ നൗശിയുടെ കൂടെ താമസിക്കുകയുണ്ടായി. അവരുടെ സഹോദരി അമത്തുൽ ബസ്വീർ സാഹിബ് എഴുതുന്നു: 18 വർഷക്കാലം നിസ്റ്റർ ശക്കൂറ എന്ന ആഫ്രോ അമേരിക്കൻ വനിത നൗശിയുടെ അടുത്തു താമസിക്കുകയുണ്ടായി. 8 വർഷം അവർ പൂർണമായും ശയ്യാവലംബയായിരുന്നു. കിടപ്പുരോഗിയായിരുന്നു. കാഴ്ചയും നഷ്ടപ്പെട്ടിരുന്നു. നിസ്റ്റർ ശക്കൂറ അവരെ ഒരുപാട് പരിചരിച്ചു. അവരെ നമസ്കരിപ്പിക്കുകയും ചെയ്തിരുന്നു. കാരണം അവർക്ക് മറവിയുടെ പ്രശ്നമുണ്ടായിരുന്നു. സിസ്റ്റർ ശക്കൂറായെ അവരും നല്ലവണ്ണം ശ്രദ്ധിക്കുന്നതായി ഞാനും കണ്ടിട്ടുണ്ട്. ഞാൻ അമേരിക്കയിൽ പോയപ്പോൾ നിസ്റ്റർ ശക്കൂറ അവരെ വീൽചെയറിലിരുത്തി എന്റെയടുത്ത് കാണാൻ കൊണ്ടുവന്നു. സിസ്റ്റർ ശക്കൂറയും അവരെ സേവിക്കാൻ കഴിഞ്ഞതിൽ നന്ദി പ്രകടിപ്പിക്കുമായിരുന്നു.

അവർക്ക് തബ്‌ലീഗിനും വളരെ താൽപര്യമുണ്ടായിരുന്നു. ഏതെങ്കിലുമൊക്കെ തരത്തിൽ അഹ്മദിയ്യത്തിനെ പരിചയപ്പെടുത്താൻ ശ്രമിക്കുമായിരുന്നു. പാക്കിസ്താനിൽ എവിടെയാണെന്നു ചോദിച്ചാൽ എപ്പോഴും റബ്‌വയിൽ എന്നു പറഞ്ഞാണ് സംസാരം തുടങ്ങുക. ഒരു ജൂത കുടുംബത്തിന് അഹ്മദിയ്യത്തിൽ വാരനുള്ള സൗഭാഗ്യമുണ്ടായി. ആ കുടുംബത്തിലെ ഒരു സ്ത്രീയുടെ പേര് റുഖ്യ അഹദ് എന്നായിരുന്നു. അവർ അമേരിക്കയുടെ നാഷണൽ ആമിലായിലുമുണ്ടായിരുന്നു. അവർ പറയുന്നു: അമത്തുന്നൂർ സാഹിബ എല്ലാവർക്കും പ്രിയപ്പെട്ടവരായിരുന്നു. എല്ലാവരും അവരിൽനിന്ന് ഫലമെടുക്കുമായിരുന്നു. അവരുടെ സഹവാസം ലഭിച്ചവരെല്ലാം അവരുടെ ഗുണഗണങ്ങളെ പ്രകീർത്തിച്ചിട്ടുണ്ട്. അവർ കർമരൂപേണ തന്റെ ജീവിതം ഇസ്‌ലാം അഹ്മദിയ്യത്തിന് അനുഗുണമായി കഴിച്ചു. അക്കാരണത്താൽ ആളുകൾ അവരിൽ പ്രഭാവിതരായിരുന്നു. അവർക്കെല്ലാവർക്കും ഒരു മാതൃകയായിരുന്നു. സംഭവപരമായ വർണത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതങ്ങളുടെ വെളിച്ചത്തിലും ലജ്നകളുടെ തർബിയ്യത്തിന് തന്നെ അവർ സ്വയം വഖ്ഫു ചെയ്തിരുന്നു. അവർ എല്ലാ പരിപാടികളിലും പങ്കെടുത്തിരുന്നു. സന്നദ്ധ സേവനങ്ങൾ ചെയ്തു. ക്ഷമ സ്ഥൈര്യം നിശ്ചയദാർഢ്യം എന്നിവയോടെ പ്രതിസന്ധി ഘട്ടങ്ങളെ തരണം ചെയ്തു. അക്കാര്യത്തിലും അവർ മറ്റുള്ളവർക്ക് ഒരു ജീവൽ മാതൃകയായിരുന്നു. സ്നേഹത്തോടും ആത്മാർഥതയോടും അവർ തബ്‌ലീഗ് രംഗത്ത് കർമനിരതയായിരുന്നു. എപ്പോഴും പുതിയ അതിഥികളെ സൽക്കരിക്കുന്ന കാര്യത്തിൽ അവർ ഒന്നാം സ്ഥാനത്തായിരുന്നു.

യുവതികൾക്കും വയോധികരായ സ്ത്രീകൾക്കും അവർ ഉദാത്തമായ മാതൃക കാഴ്ചവെച്ചു. ഈ സ്ത്രീ എഴുതുന്നു: എനിക്ക് പ്രായമേറി വരുന്തോറും അവരോടുള്ള ബഹുമാനവും ഏറിക്കൊണ്ടിരിക്കുന്നു. സൃഷ്ടിസേവനം ചെയ്യണമെന്ന് നമ്മൾ പറയാറുണ്ട്; ദരിദ്രർക്കും അഗതികൾക്കും സഹായമാകണമെന്ന്. എന്നാൽ, നൗശീ തന്റെ കുടുംബക്കാരല്ലാത്തവരെ സേവിക്കുന്നതിനുപോലും വർഷങ്ങളോളം തന്റെ സ്വന്തം സമയം ത്യജിക്കുന്നവരായിരുന്നു. സ്വന്തം കാര്യത്തിന് സമയം നീക്കിവെക്കാതെ സേവനനിരതയായി തുടന്നിരുന്നു. അതുപോലെ മറ്റു സ്ത്രീകളും പ്രത്യകിച്ച് ആഫ്രോ-അമേരിക്കൻ വനിതകളെഴുതിയിട്ടുള്ളത് ഇപ്രകാരമാണ്: ഞങ്ങളെ അവർ വളരെയധികം സ്നേഹിച്ചു. ഞങ്ങൾക്ക് അഹ്മദിയ്യത്തിന്റെ അധ്യാപനങ്ങളെക്കുറിച്ച് ഒരുപാട് പറഞ്ഞുതന്നു. അല്ലാഹു അവരുടെ മക്കൾക്കും എപ്പോഴും അവരുടെ നന്മകൾ പിന്തുടരാനും ഖിലാഫത്തുമായി സുദൃഢ ബന്ധം വെക്കാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഖിലാഫത്തിനോടു അവർ ആത്മാർഥബന്ധമാണ് പുലർത്തിയിരുന്നുത്. അക്കാര്യത്തിൽ ഞാനും അനുഭവസ്ഥനാണ്. എന്നോടും എപ്പോഴും അനുസരണത്തോടും വിനയത്തോടും കൂടിയാണ് പെരുമാറിയിരുന്നത്. അല്ലാഹു അവർക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ.

അടുത്തതായി അനുസ്മരിക്കുന്നത് മുൻ ഓഫീസർ ഹിഫാളത്തെ ഖാസ് ജർമനി നാസിർ അഹ്മദ് ഖാൻ ബഹാദുർ ശേർ സാഹിബിന്റെ ഭാര്യ ബിസ്മില്ലാഹ് ബേഗം സാഹിബയെയാണ്. 84-ാമത്തെ വയസ്സിൽ ജൂൺ 14 നാണ് ഇവർ വഫാത്തായത്. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അവരുടെ വന്ദ്യപിതാവ് ഹദ്റത്ത് ചൗദ്ദരീ മള്ഹറുൽഹഖ് സാഹിബ് കാഠ്ഗഢിയായിരുന്നു കുടുംബത്തിലെ ആദ്യ അഹ്മദി. ഖാദിയാനിലെ ബോർഡിംഗ് സ്കൂളിൽ സേവനം ചെയ്യാൻ ഇവർക്കു സൗഭാഗ്യം ലഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഒരു ജുബ്ബ അദ്ദേഹത്തിന് തബർറുക്കായി നല്കിയിരുന്നു. ഇവർക്ക് അഞ്ചു പെൺകുട്ടികളും രണ്ടു ആൺമക്കളുമാണുള്ളത്. ഒരു മകൻ മഹ്മൂദ് അഹ്മദ് സാഹിബ് മുബല്ലിഗും മിഷണറി ഇൻചാർജും ഫിജിയിലെ അമീർ ജമാഅത്തുമാണ്. മഹ്മൂദ് അഹ്മദ് സാഹിബ് മുബല്ലിഗ് എഴുതുന്നു:ഞങ്ങളുടെ പിതാവ് മരിച്ചതിനുശേഷം ഭൂസ്വത്തിൽനിന്ന് ലഭിക്കുന്ന വരുമാനത്തിൽനിന്ന് ഏറ്റവുമാദ്യം ഉമ്മ നല്കിയിരുന്നത് ചന്ദയാണ്. പിതാവിന്റെ പെൻഷൻ കാശ് സ്വരുക്കൂട്ടുമായിരുന്നു. അത് എങ്ങും ചെലവഴിക്കാതെ വെക്കും. ആ കാശുകൊണ്ട് ത്വാഹിറാബാദിൽ ഒരു മസ്ജിദ് പണികഴിപ്പിച്ചു. ഉമ്മ ഞങ്ങളെ എപ്പോഴും ഉപദേശിച്ചിരുന്നത് ഖിലാഫത്തിന്റെ കോന്തല എപ്പോഴും മുറുകെ പിടിക്കണമെന്നായിരുന്നു. ഇദ്ദേഹം പറയുന്നു, പിതാവ് മരിച്ചശേഷം ഉമ്മയാണ് ഞങ്ങൾക്ക് മാതാവിന്റേയും പിതാവിന്റയും സ്നേഹം നല്കിയിരുന്നത്. പിതാവില്ലാത്ത കുറവു ഒരിക്കലും അനുഭവിപ്പിച്ചിട്ടില്ല. ആ നേരത്ത് ഞാൻ ജാമിഅ അഹ്മദിയ്യായിലെ ആദ്യവർഷ വിദ്യാർഥിയായിരുന്നു. അന്നൊക്കെ എന്നോടു നീ ദീനിന്റെ പടയാളിയാണെന്നും ദീനിനു വേണ്ടി നിന്നെ വഖ്ഫു ചെയ്തതാണെന്നും ഖലീഫ നിന്നോടു പറയുന്ന സ്ഥലത്ത് നിൽക്കണമെന്നും എപ്പോഴും പറയുമായിരുന്നു. ഇക്കാര്യങ്ങൾ അവസാനംവരെ പറഞ്ഞുകൊണ്ടിരുന്നു. ഇദ്ദേഹം പറയുന്നു, കുടുംബത്തിൽ ആദ്യകാലത്ത് റബ്‌വയിൽവന്ന് താമസമായത് ഞങ്ങളുടെ പിതാവ് മാത്രമായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ മിക്ക ബന്ധുമിത്രാദികളും ഗ്രാമത്തിൽനിന്ന് റബ്‌വയിൽ വരുമായിരുന്നു. മാതാവ് അവരെ വളരെ സന്തോഷത്തോടെ സൽക്കരിക്കുകയും താമസസൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു. വളരെ ഉത്തമമായ നിലയിൽ അയൽവാസികളോടുള്ള കടമ നിറവേറ്റാൻ മാതാവിന് അറിയാമായിരുന്നു. എന്റെ സഹപാഠികളേയും സ്വന്തം മക്കളെപ്പോലെയാണ് കണ്ടിരുന്നത്. അന്യരാജ്യങ്ങളിൽനിന്നുവന്ന് പഠിക്കാൻ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർഥികളെ വീട്ടിൽ കൊണ്ടുവരണമെന്നും അങ്ങനെ അവർക്ക് ജാമിഅയിൽ പഠിക്കുന്നതിന് താൽപര്യം വർധിക്കുമെന്നും എപ്പോഴും പറഞ്ഞിരുന്നു. ജാമിആയിലെ മിക്ക വിദ്യാർഥികൾക്കും അവരുടെ പരിലാളനം ലഭിച്ചിട്ടുണ്ട്. ഒരുപാടു മുറബ്ബിമാർ അതിനു സാക്ഷികളാണ്. പാക്കിസ്താനുപുറമെ ഇന്തൊനേഷ്യാ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലെ വിദ്യാർഥികളും മാതാവിന്റെ വാത്സല്യം അനുഭവിച്ചിട്ടുണ്ട്. അവരുടെ കൈയിലുണ്ടാകുന്ന കാശെല്ലാം മുഴുവനായും മറ്റുള്ളവർക്ക് നല്കുകയോ ചന്ദ കൊടുക്കുകയോ ചെയ്യുമായിരുന്നു. കുറച്ചു കാശ് കൈയിൽ സൂക്ഷിക്കണമെന്ന് പറയാൻ ആർക്കും ധൈര്യമില്ലായിരുന്നു. കർമരംഗത്തായതിനാൽ മുറബ്ബിസാഹിബിന് മാതാവിന്റെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 29 July 2021 Issue-30

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ജനാസയിൽ പങ്കെടുക്കാൻ സാധിച്ചില്ല. അദ്ദേഹം ഫിജിയിൽ മിഷണറി ഇൻചാർജും അമീറുമാണെന്ന് ഞാൻ പറയുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് ക്ഷമയും മനഃസമാധാനവും നല്കുമാറാകട്ടെ. അവരുടെ നന്മകൾ പിന്തുടരാൻ തൗഫീഖ് നല്കുമാറാകട്ടെ. പരേതയ്ക്ക് മഗ്ഫിറത്തും കരുണയും നല്കുമാറാകട്ടെ.

അടുത്തതായി സ്മരിക്കുന്നത് കർണൽ ജാവേദ് റുശ്ദി സാഹിബിനെയാണ്. ഇദ്ദേഹം ചൗദരീ അബ്ദുൽഗനി റുശ്ദി സാഹിബ് റാവൽപിണ്ടിയുടെ മകനാണ്. കുറച്ചുകാലം മുമ്പേയാണ് അദ്ദേഹം വഫാത്തായത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* ദൈവനുഗ്രഹത്തിൽ പരേതൻ മൂസിയായിരുന്നു. മിലിട്ടറിയിൽനിന്ന് വിരമിച്ച ശേഷം മുഴുവൻ സമയവും ജമാഅത്ത് സേവനത്തിന് മാറ്റിവെച്ചിരുന്നു. സെക്രട്ടറി തഅ്ലീം, സെക്രട്ടറി വഖ്ഫെ ജദീദ്, സെക്രട്ടറി രശ്തനാത്വ എന്നിവയ്ക്കു പുറമെ ഹൽഖയുടെ സെക്രട്ടറി വസായ എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. മൂന്നുതവണ സാറ്റ്ലൈറ്റ് ടൗൺ റാവൽപിണ്ടിയുടെ സദ്ർ ഹൽഖയായിരുന്നു. ഒരു പാട് ദുആ ചെയ്യുന്ന ആളായിരുന്നു. വളരെ നിശബ്ദമായി ആളുകളെ സഹായിക്കുകയും സഹാനുഭൂതിയോടെ പെരുമാറുകയും ചെയ്തിരുന്നു. കുടുംബക്കാർ അയൽവാസികൾ ജമാഅത്തംഗങ്ങൾ എന്നിവരെയെല്ലാം പ്രതിസന്ധി ഘട്ടങ്ങളിൽ സഹായിക്കുകയും വേണ്ട മാർഗനിർദേശം നല്കുകയും ചെയ്തിരുന്നു. ഒരു നല്ല സംഘാടകനും കാര്യഗൗരവമുള്ള വ്യക്തിയുമായിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. ഇവരുടെയെല്ലാം ജനാസ ഗാഇബ് ഞാൻ നമസ്കാരത്തിനുശേഷം നിർവഹിക്കുന്നതായിരിക്കും ഇൻശാഅല്ലാഹ്.

*വിവർത്തനം: പി.കെ.അംനാസ്*

❖❖❖




**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

AHMADIPEDIA
AhmadiPedia.ORG is an official publication of the Worldwide Ahmadiyya Muslim Jamaat, edited and managed by the Ahmadiyya Archive & Research Centre.
Search

(പേജ് 1 ൽ നിന്ന്)

ദിന്റെ ഉന്നതശ്രേണിയിലെത്തിയ ജനതയെ സംബന്ധിച്ചും പറയാൻ കഴിയില്ല ഇപ്പോൾ അവർ ശിർക്ക് ബാധയിൽനിന്ന് സുരക്ഷിതരായിരിക്കുന്നുവെന്ന്. ഈ അധ്യാപനംകൊണ്ട് ശിർക്കിൽനിന്ന് അഭിവൃദ്ധിപ്പെട്ട് അഭിവൃദ്ധിപ്പെട്ടാണ് തൗഹീദ് ഉണ്ടായതെന്ന മതതാരതമ്യക്കാർ സമർപ്പിക്കുന്ന ചിന്താഗതികൾ ഖണ്ഡിക്കപ്പെടുന്നു. വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്നത് തൗഹീദിനുശേഷം ശിർക്കിന്റേയും ശിർക്കിനുശേഷം തൗഹീദിന്റേയും കാലഘട്ടം വന്നുകൊണ്ടിരിക്കുന്നുവെന്നാണ്. എപ്പോഴും തൗഹീദിന്റെ കാലഘട്ടം ശിർക്കിന്റെ കാലഘട്ടത്തെക്കാൾ മുമ്പേയാണ് ഉണ്ടാകുന്നത്. ഈ അടിസ്ഥാനമനുസരിച്ച് തൗഹീദിനെ വെളിപാടുപരമെന്നും ശിർക്കിനെ അധഃപതനത്തിന്റെ ഒരു സ്ഥാനമെന്നും സമ്മതിക്കേണ്ടിവരുന്നു. മതതാരതമ്യക്കാരുടെ അടിസ്ഥാനത്തിന് വിരുദ്ധമായി- അവരുടെ പക്കൽ അല്ലാഹുവിനെകുറിച്ചുള്ള വിചാരം ഭയംകൊണ്ടും വിസ്മയംകൊണ്ടുമാണ് ഉണ്ടായിട്ടുള്ളത്. ശിർക്കിൽനിന്ന് അഭിവൃദ്ധിപ്പെട്ട് തൗഹീദിന്റെ പോയന്റുവരെ എത്തുകയായിരുന്നു- പ്രത്യക്ഷത്തിൽ ഈ വൈരുദ്ധ്യം നിസ്സാരമെന്നു മനസ്സിലാകുന്നു. എന്നാൽ, ഇതേ വൈരുദ്ധ്യത്തിന്റെ ഫലമായാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്ന് മതം പറഞ്ഞത്. മതതാരതമ്യക്കാർ പറഞ്ഞു: മനുഷ്യൻ ദൈവത്തെ സൃഷ്ടിച്ചുവെന്ന്. അതായത് ദൈവ വിശ്വാസവിചാരം മനുഷ്യബുദ്ധിയുടെ കണ്ടുപിടിത്തമാണെന്ന്! അതിന്റെ സമ്പൂർണത മാനവ തത്ത്വശാസ്ത്രത്തിന്റെ സമ്പൂർണതകൊണ്ടുണ്ടായി എന്ന്!

ഈ ആയത്തിൽ ഇബ്റാഹീമിന് ശിർക്ക് ചെയ്യാൻ കഴിയുമായിരുന്നുവോ? എന്ന ചോദ്യമുണ്ടാകുന്നു. ഇല്ലെങ്കിൽ ദൈവമേ! എന്നെ ശിർക്കിൽനിന്ന് രക്ഷിക്കേണമേ എന്ന് പിന്നെന്തിനാണ് അദ്ദേഹം ദുആ ചെയ്തത്? ഇതിനുള്ള മറുപടി മാനുഷികമായ കഴിവുകൾ രണ്ടുതരത്തിലുണ്ടെന്നാണ്. ഒന്നു അവന് അവന്റെ സൃഷ്ടിപ്പോടെ ദൈവം നല്കിയതാണ്. അതിനെ സംബന്ധിച്ച് അവൻ ദുആ ചെയ്യുകയില്ല. ഉദാഹരണത്തിന് ദൈവമേ! എനിക്ക് ഒരു തലതന്നെ വെക്കേണമേ രണ്ടാക്കരുതേ എന്ന് ദുആ ചെയ്യുകയില്ല. രണ്ടാമത്തേത് മനുഷ്യന് അവന്റെ സമ്പാദനത്തിലൂടേയോ ഇഷ്ടദാനത്തിലൂടെയോ ലഭിക്കുന്ന ശക്തികളാണ്. അതായത് അവൻ അവയെ സ്വന്തം അഭിവൃദ്ധിപ്പെട്ട് കരസ്ഥമാക്കുന്നതാണ്. അല്ലെങ്കിൽ അല്ലാഹുവിന്റെ പ്രത്യേക ഫള്ൽ മറ്റുമനുഷ്യരെക്കാൾ അവനെ ഉത്തമനാക്കി പ്രദാനം ചെയ്യുന്നതാണ്. അത്തരം ശക്തികളിൽ അധഃപതനമുണ്ടാകാൻ സാധ്യതയുണ്ട്. അതില്ലാതിരിക്കാനാണ് ദുആ തുടർന്നുകൊണ്ടു പോകുന്നത്. അല്ലാഹുവിന്റെ വാഗ്ദാനമുണ്ടെങ്കിലും അവൻ ഈ പാരിതോഷികത്തിൽനിന്ന് അവനെ ഫലമെടുക്കുന്നവനായി വെക്കുന്നതാണ്. കാരണം ഈ ദുആയിൽ വാസ്തവത്തിൽ, ഈ നിഅ്മത്ത് തന്റെ വ്യക്തിപരമല്ലെന്നും പ്രത്യുത അല്ലാഹുവിൽനിന്ന് പാരിതോഷികമെന്ന നിലയിൽ കരസ്ഥമായതാണെന്നുമുള്ള ഏറ്റുപറച്ചിലുണ്ട്. ഇതേ അടിസ്ഥാനത്തിലാണ് നബിമാർ പ്രവാചകത്വത്തിന്റെ(നുബുവ്വത്ത്)പാരിതോഷികങ്ങളെ സംബന്ധിച്ചും ദുആ ചെയ്തുകൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ഈ ദുആ തന്നെ. അല്ലെങ്കിൽ അല്ലാഹുവിന്റെ റസൂലിന്റെ റബ്ബി സിദ്നീ ഇൽമാ എന്ന പ്രാർഥന. അല്ലെങ്കിൽ നബിമാരിൽനിന്നുണ്ടാകുന്ന ഇസ്തിഗ്ഫാറും തൗബയും. ഈ പോയന്റുകൾ മനസ്സിലാകാത്ത കാരണത്തിൽ ചിലയാളുകൾ നബിമാരുടെ ഇസ്തിഗ്ഫാറിലും തൗബയിലും വഞ്ചിതരായിരിക്കുന്നു. അവർ മനസ്സിലാക്കിയത് നബിമാർ പാപികളാണെന്നാണ്. വാസ്തവത്തിൽ അവരുടെ ഇസ്തിഗ്ഫാറിന്റേയും തൗബയുടേയും അർഥം ഏതൊരു പരിശുദ്ധിയുടെ സ്ഥാനത്താണോ അവരുള്ളത് അത് അല്ലാഹുവിൽനിന്നുള്ള വരദാനമാണെന്നാണ്. അത് തുടർന്നുണ്ടാകുന്നതിനുവേണ്ടിയാണ് അവർ ദുആ ചെയ്യുന്നത്. കാരണം അതിന്റെ നൈരന്തര്യം അല്ലാഹുവിന്റെ ഫള്ലുകൊണ്ടാണുണ്ടാകുന്നത്.

ഇതിന്റെ അടിസ്ഥാനത്തിലാണ് വിശുദ്ധ ഖുർആനിൽ ആവർത്തിച്ച് വ അലല്ലാഹി ഫൽയതവക്കലിൽമുഅ്മിനൂൻ വന്നിട്ടുള്ളത്. അതായത് സമ്പൂർണനായിട്ടും മനുഷ്യൻ അല്ലാഹുവിൽ വിശ്വസിക്കേണ്ടതാണെന്ന്. കാരണം ആ ശ്രേഷ്ഠത അല്ലാഹുവിലുള്ള വിശ്വാസംകൊണ്ടാണ് കരസ്ഥമാകുന്നത്. ആ വിശ്വാസം സമ്മതിച്ചുകൊണ്ടിരിക്കേണ്ടത് സ്വന്തത്തിനും മറ്റുള്ളവർക്കും സന്മാർഗത്തിന് നിമിത്തമാകുന്നു.

*(തഫ്സീറെ കബീർ, വാല്യം 3, പേജ് 483, ഖാദിയാൻ പ്രസിദ്ധീകരണം 2010)*

❖❖❖

**The Weekly BADR Qadian (Malayalam)**

**ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...**
**ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...**

## ദാറുസ്സ്വനാഅത്ത് ഖാദിയാൻ
Ahmadiyya Vocational (Technical) Training Centre, Qadian

**പ്രവേശനനം ആരംഭിച്ചിരിക്കുന്നു.**
**സാങ്കേതികവിദ്യകൾ പഠിക്കാൻ**
**ആഗ്രഹിക്കുന്ന യുവാക്കൾ അപേക്ഷിക്കുക.**

**ഖാദിയാനിലെ ദാറുസ്സ്വനാഅത്തിൽ സാങ്കേതിക ശാസ്ത്ര ക്ലാസിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നുവെന്ന വിവരം എല്ലാ അഹ്മദിയുവാക്കളേയും അറിയിക്കുകയാണ്. ഈ സ്ഥാപനത്തിൽ ഇലക്ട്രീഷ്യൻ/പ്ലംബിംഗ്/ ഡീസൽ മെക്കാനിക്/**Motor Vehicle Mechanic/AC & Refrigerator/ **കമ്പ്യൂട്ടറിന്റെ ഒരു വർഷത്തെ കോഴ്സ് ചെയ്യിക്കുന്നു. സർക്കാർ സ്ഥാപനമായ** NSIC **യുടെ** Certificate **നല്കുന്നതായിരിക്കും. ഇത് സാങ്കേതികവിദ്യ പഠിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കുള്ള ഉത്തമമായ അവസരമാണ്. സ്കൂളിൽ പഠനം പൂർത്തിയാക്കാൻ സാധിക്കാതെ വന്ന യുവാക്കൾക്ക് ഈ കോഴ്സിൽ ചേർന്ന് ഫലമെടുക്കാവുന്നതാണ്. ഖാദിയാനു പുറത്തുള്ള അഹ് മദി ചെറുപ്പക്കാർക്ക് താമസത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യം ലഭിക്കുന്നതാണ്. താമസത്തിനും ഭക്ഷണത്തിനും ഒരു ഫീസും ഈടാക്കുന്നതല്ല. പഠിക്കാനാഗ്രഹിക്കുന്ന യുവാക്കൾ എത്രയും വേഗം താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.**

**ഫോൺനമ്പർ:** 8077546198
9872725895
9872923363

**ഈമെയിൽ:**
darulsanaat.qadian @gmail .com
**(പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ)**

****

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin